കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ജില്ലാ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2016-17

## ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/2010/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം കണ്ണൂർ ജില്ല
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി :05.01.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കണ്ണൂർ ജില്ലാ പഞ്ചായത്ത്

സർ.

വിഷയം : കണ്ണൂർ ജില്ലാ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

-----------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഇ-മെയിൽ )

2.സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം )

3.കാര്യാലയ പ്രതി

നം .കെ.എസ്.എ/കെ.എൻ.ആർ/സി.16/2010/2017 തീയ്യതി : 05.01.2018

## കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ആമുഖം

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1-4-2016മുതൽ 31-3-2017 വരെ വിവിധയിനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 63 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് : | ശ്രീ. അശോകൻ മഠത്തിൽ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|

| | | |
|---|---|---|
| 19 -10-2017 മുതൽ<br>08-12-2017 വരെ | ശ്രീ.സുരേഷ് ബാബു.കെ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 19 -10-2017 മുതൽ<br>02-11-2017 വരെ | ശ്രീമതി.മിഥുചന്ദ്ര.സി | ഓഡിറ്റർ |
| 06-11-2017 മുതൽ<br>25-11-2017 വരെ | ശ്രീമതി. സിസ്ധു.ടി പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രി.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശീന്ദ്രൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 06-11-2017 മുതൽ<br>30-11-2017 വരെ | ശ്രീ.ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 06-11-2017 മുതൽ<br>30-11-2017 വരെ, | ശ്രീമതി. അന്ന അബ്രഹാം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.വി. സുമേഷ് | 01-04-2016 മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ. എം.കെ.ശ്രീജിത്ത് | 1-4-2016 മുതൽ 27-09-2016 വരെ |
| | ശ്രീ.വി.കെ രാജൻ, ഫിനാൻസ് ഓഫീസർ | 28-09-2016 മുതൽ |

| | | |
|---|---|---|
| | (സെക്രട്ടറി ഇൻ ചാർജ്) | 19-02-2017 വരെ |
| | ശ്രീ.സജീവൻ കെ.വി, എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ<br>(സെക്രട്ടറി ഇൻ ചാർജ്) | 20-02-2017 മുതൽ 31-03-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | ശ്രീ. എം.കെ.ശ്രീജിത്ത് | 1-4-2016 മുതൽ 27-09-2016 വരെ |
| | ശ്രീ.വി.കെ രാജൻ, ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്) | 28-09-2016 മുതൽ 19-02-2017 വരെ |
| | ശ്രീ.സജീവൻ,കെ.വി,എക്സിക്യൂട്ടീവ് എൻജിനീയർ,എൽ എസ് ജി ഡി ഡിവിഷൻ<br>(സെക്രട്ടറി ഇൻ ചാർജ്) | 20-02-2017 മുതൽ 31-03-2017 വരെ |
| എക്സിക്യൂട്ടീവ് എൻജിനീയർ,എൽ എസ് ജി ഡി | ശ്രീ.സജീവൻ,കെ.വി | 1-4-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ,അഴീക്കോട് | ശ്രീ. ഉല്ലാസ് കുമാർ.വി എം | 1-4-2016 മുതൽ 31-3-2017 വരെ |
| ജില്ലാ വനിതാക്ഷേമ ഓഫീസർ | ശ്രീമതി ബീന കെ | 1-4-2016 മുതൽ 31-03-2017 വരെ |
| പ്രൊജക്ട് ഓഫീസർ,ഐ ടി ഡി പി,കണ്ണൂർ | ശ്രീമതി ജാക്വിലിൻ ഷൈനി ഫെർണാണ്ടസ് | 1-4-2016 മുതൽ 31-03-2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (WM) | ശ്രീ. ലാൽ ടി ജോർജ്, എഡിഎ(എം)(അധികച്ചുമതല) | 1-4-2016 മുതൽ 07-4-2016വരെ<br>17-05-2016 മുതൽ 17-09-2016 FNവരെ |

| | | |
|---|---|---|
| | ശ്രീ.സാലി വി ജോസഫ്,കൃഷി ഡെപ്യൂട്ടി ഡയരക്ടർ(NWDPRA)(അധികച്ചുമതല) | 07-04-2016 ANമുതൽ 17-05-2016 FNവരെ |
| | ശ്രീ. എലിസബത്ത് എം,കൃഷി ഡെപ്യൂട്ടി ഡയരക്ടർ, | 17-09-2016 AN മുതൽ 13-10-2016 FNവരെ<br>23-10-2016 AN മുതൽ 31-03-2017വരെ |
| | ശ്രീ. വി കെ ലളിത, കൃഷി ഡെപ്യൂട്ടി ഡയരക്ടർ(NWDPRA)(അധികച്ചുമതല) | 13-10-2016 FN മുതൽ 23-10-2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (YP) | ശ്രീ. ഓമന കെ | 1-4-2016 മുതൽ 16-04-2016 F.N. വരെ<br>17-05-2016 ANമുതൽ 28-06-2016 F.N. വരെ |
| | ശ്രീ. പി.എൻ വിജയൻ, കൃഷി ഡെപ്യൂട്ടി ഡയരക്ടർ (എച്ച്)(അധികച്ചുമതല) | 16-04-2016 A.N. മുതൽ 17-05-2016 F.N വരെ<br>28-06-2016 AN മുതൽ 17-08-2016 F.N. വരെ |
| | ശ്രീ സുജാത.ആർ,കൃഷി ഡെപ്യൂട്ടി ഡയരക്ടർ (എച്ച്)(അധികച്ചുമതല) | 17-08-2016 AN മുതൽ 04-02-2017 F.N. വരെ |
| | ശ്രീ. എലിസബത്ത് എം,ഡെപ്യൂട്ടി | 04-02-2017 AN |

| | | |
|---|---|---|
| | ഡയറക്ടർ, കൃഷി (WM),(അധികച്ചുമതല) | മുതൽ 20-02-2017 FN വരെ |
| | ശ്രീ കെ പി സതീഷ് കുമാർ,കൃഷി ഡെപ്യൂട്ടി ഡയരക്ടർ | 20-02-2017 AN മുതൽ 31-03-2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ. സി കെ ഖലീൽ | 1-4-2016മുതൽ 1-09-2016 F.N. വരെ |
| | ഡോ. ടി വി ഉണ്ണികൃഷ്ണൻ | 1-09-2016 AN മുതൽ 31-3-2017 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | ശ്രീ. സി.കെ. രാജ്മോഹൻ | 1-4-2016 മുതൽ 06-06-2016 F.N. വരെ |
| | ശ്രീ.സി.കെ മോഹനൻ | 06-06-2016 AN മുതൽ 31-3-2017 വരെ |
| സൂപ്രണ്ട് ,സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,നെരുവമ്പ്രം | ശ്രീ. ലിസാമ്മ ജോൺ | 1-4-2016 മുതൽ 31-3-2017 വരെ |
| സൂപ്രണ്ട് ,സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,തോട്ടട | ശ്രീ രാജേഷ് കെ.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ശ്രീ. തങ്കമണി. വി.എം | 1-4-2016 മുതൽ 14-07-2016 വരെ |
| | ശ്രീ. പത്മരാജ്.സി പി | 15-07-2016 മുതൽ 05-10-2016 വരെ |
| | ശ്രീ ബാബുരാജൻ എം | 06-10-2016 മുതൽ 31-03-2017 വരെ |
| കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | ശ്രീമതി സ്വപ്ന.കെ ഒ | 1-4-2016 മുതൽ 07-11-2016 വരെ |

| | | |
|---|---|---|
| | ശ്രീ .രാജേഷ് എൻ | 08-11-2016 മുതൽ 25-01-2017 വരെ |
| | ശ്രീ.ഇ കെ സോമശേഖരൻ | 26-01-2017 മുതൽ 08-02-2017 വരെ |
| | ഡോ . എം സുർജിത് | 09-02-2017 മുതൽ 31-03-2017 വരെ |
| ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | ശ്രീമതി ബിന്ദു. സി.എ | 1-4-2016മുതൽ 31-3-2017 വരെ |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. കെ.ജെ. മൈക്കിൾ | 1-4-2016മുതൽ 31-3-2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | ശ്രീ. പി.വി. പരമേശ്വരൻ | 1-4-2016 മുതൽ 11-04-2016 വരെ<br>14-06-2016 A.N. മുതൽ 31-07-2016 വരെ |
| | ശ്രീ. ജെ. സുരേഷ് ബാബു | 12-4-2016 മുതൽ 13-06-2016വരെ |
| | ശ്രീ. സതീഷ് കുമാർ | 1-08-2016 മുതൽ 01-10-2016 F.N. വരെ |
| | ശ്രീ അജിത കെ | 01-10-2016 F.N. മുതൽ 31-3-2017 വരെ |
| ജില്ലാ സാമൂഹ്യനീതി ഓഫീസർ | ശ്രീ.രാജീവൻ. കെ | 1-4-2016 മുതൽ 1-07-2016 F.N. വരെ |
| | ശ്രീമതി എൽ ഷീബ | 01-07-2016A.N. മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ. സി രമേശൻ | 1-4-2016 മുതൽ 31-3-2017 വരെ |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | ശ്രീ. കെ.എം. ശശിധരൻ | 1-4-2016 മുതൽ 11-07-2016 F.N.വരെ |
| | ശ്രീ കെ എം രാമകൃഷ്ണൻ | 11-07-2016 AN മുതൽ 31-3-2017 വരെ |
| സീനിയർ അഗ്രികൾച്ചർ ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം,വേങ്ങാട് | ശ്രീമതി പി.പി ലീന | 1-4-2016മുതൽ 31-3-2017 വരെ |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം,തളിപ്പറമ്പ് | ശ്രീ. ജീവരാജ്. ടി.വി | 1-4-2016 മുതൽ 02-05-2016 വരെ |
| | ശ്രീ. ഉണ്ണികൃഷ്ണൻ.വി | 03-05-2016 മുതൽ 31-10-2016F.N. വരെ<br>30-01-2017 AN മുതൽ 31-03-2017 വരെ |
| | ശ്രീ. ഹരീന്ദ്രൻ. വി.ജി | 31-10-2016 ANമുതൽ 30-01-2017 F.N. വരെ |
| കൃഷി ഓഫീസർ/സീനിയർ കൃഷി ഓഫീസർ/ അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ- സ്റ്റേറ്റ് സീഡ് ഫാം,കാങ്കോൽ | ശ്രീ. മോഹനൻ. കെ | 1-4-2016മുതൽ 24-07-2016 വരെ |
| | ശ്രീമതി. രസന. കെ.പി | 25-07-2016 മുതൽ 12-10-2016 വരെ |
| | ശ്രീ കമലം പി വി | 13-10-2016 മുതൽ 31-3-2017 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ | ഡോ. പ്രീത. പി.പി | 1-4-2016മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| ആശുപത്രി-അലോപ്പതി | | |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ആയുർവ്വേദം | ഡോ. കെ എൻ സുബ്രഹ്മണ്യൻ | 1-4-2016മുതൽ 31-01-2017 വരെ |
| | ഡോ : എസ് ആർ ബിന്ദു | 01-02-2017 മുതൽ 14-02-2017 വരെ |
| | ഡോ : ശ്രീകുമാർ എ.പി | 15-02-2017 മുതൽ 31-3-2017 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ | ഡോ.ജി ശിവരാമകൃഷ്ണൻ | 01-4-2016മുതൽ 31-3-2017 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ:എം എസ് പ്രസന്നകുമാരി | 1-4-2016മുതൽ 31-01-2017 വരെ |
| | ഡോ: പി വി ശ്രീദേവി | 01-02-2017 മുതൽ31-3-2017 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ : ഷാജ് എം.കെ(ഇൻ ചാർജ്) | 1-4-2016മുതൽ 13-04-2016വരെ |
| | ഡോ : മനോജ് എ.ടി(ഇൻ ചാർജ്) | 14-04-2016 മുതൽ 01-05-2016 വരെ |
| | ഡോ : ബേബി പി.കെ | 02-05-2016 മുതൽ 21-08-2016 വരെ |
| | ഡോ : കെ നാരായണ നായ്ക്ക് | 22-08-2016 മുതൽ 31-3-2017 വരെ |
| സീനിയർ അഗ്രികൾച്ചർ ഓഫീസർ /അസി.ഡയറക്ടർ, കൃഷി-തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് | ശ്രീ. അനിത. ഐ | 1-4-2016 മുതൽ 31-3-2017 വരെ |
| ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | ശ്രീ.കെ.ജി പ്രേംകുമാർ | 01-04-2016 മുതൽ 30-11-2016 വരെ |

| | | |
|---|---|---|
| | ശ്രീ.കെ.പി അബ്ദുസമദ് | 01-12-2016 മുതൽ 31-03-2017 വരെ |
| സൂപ്രണ്ട്, സർക്കാർ ആട് ഫാം, കൊമ്മേരി | ഡോ : കെ സി ഷാജി | 1-4-2016 മുതൽ 07-10-2016 വരെ |
| | ഡോ :എം എൻ വാസുദേവൻ | 07-10-2016 AN മുതൽ 31-01-2017 വരെ |
| | ഡോ : പി സതീഷ് കുമാർ | 01-02-2017 മുതൽ 31-03-2017 വരെ |
| ഗവഃ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ | പ്രിൻസിപ്പൽ GHSS രാമന്തളി | ലഭ്യമല്ല |
| “” | പ്രിൻസിപ്പൽ AKGMHSS പണിറായി | “” |
| “” | പ്രിൻസിപ്പൽ GHSS കൊട്ടില | “” |
| “” | പ്രിൻസിപ്പൽ GHSS പുഴാതി | “” |
| “” | പ്രിൻസിപ്പൽ GHSS മാടായി | “” |
| “” | പ്രിൻസിപ്പൽ GHSS കതിരൂർ | “” |
| “” | പ്രിൻസിപ്പൽ GHSS കടന്നപ്പള്ളി | “” |
| “” | പ്രിൻസിപ്പൽ KPRGSGHSS കല്ല്യാശ്ശേരി | “” |
| “” | പ്രിൻസിപ്പൽ GHSS ചട്ടകപ്പാറ | “” |
| “” | പ്രിൻസിപ്പൽ GHSSപാലയോട് | “” |
| “” | പ്രിൻസിപ്പൽ GGHSS മാടായി | “” |
| “” | പ്രിൻസിപ്പൽ GHSS പാപ്പിനിശ്ശേരി | “” |
| “” | പ്രിൻസിപ്പൽ GHSS പെരളശ്ശേരി | “” |
| ഹെഡ്മാസ്റ്റർ, ഗവഃ ഹൈസ്കൂൾ | ഹെഡ്മാസ്റ്റർ GHSS രാമന്തളി | ലഭ്യമല്ല |
| “” | ശ്രീ.ഗോപിനാഥൻ വി., | 01.04.2016 മുതൽ |

| | | |
|---|---|---|
| | ശ്രീ. അബ്ദുള്ള പി.<br><br>ശ്രീ. മോഹനൻ ചാമണ്ടി<br>(ഹെഡ്മാസ്റ്റർ GHSS കൊട്ടില) | 31.05.2016 വരെ<br><br>04.06.2016 മുതൽ<br>27.07.2016 വരെ<br><br>04.08.2016 മുതൽ<br>31.03.2017 വരെ |
| “” | ഹെഡ്മാസ്റ്റർ GHSS പട്ടുവം | ലഭ്യമല്ല |
| “” | ഹെഡ്മാസ്റ്റർ GHSS പടിയൂർ | “” |
| “” | ഹെഡ്മാസ്റ്റർ GHSS ശ്രീകണ്ഠാപുരം | “” |
| “” | ഹെഡ്മാസ്റ്റർ GHSS മയ്യിൽ | “” |
| “” | ശ്രീ. വിജയൻ വി.സി.<br>ഹെഡ്മാസ്റ്റർ GHSS നെടുങ്ങോം | 01.04.2016 മുതൽ<br>31.03.2017 വരെ |
| “” | ഹെഡ്മാസ്റ്റർ GHSS കടന്നപ്പള്ളി | ലഭ്യമല്ല |
| “” | ഹെഡ്മാസ്റ്റർ GHSS പിണറായി | “” |
| “” | ഹെഡ്മാസ്റ്റർ GHSS മാതമംഗലം | “” |
| “” | ഹെഡ്മാസ്റ്റർ GHSS കതിരൂർ | “” |
| “” | ശ്രീ. എം.കെ. ഗോപി.<br><br>ശ്രീ. പുരുഷോത്തമൻ കെ.പി.<br>ഹെഡ്മാസ്റ്റർ GHSS ചേലോറ | 01.04.2016 മുതൽ<br>01.07.2016 വരെ<br><br>04.08.2016 മുതൽ<br>31.03.2017 വരെ |
| “” | ഹെഡ്മാസ്റ്റർ GHSS പരിയാരം | ലഭ്യമല്ല |
| “” | ഹെഡ്മാസ്റ്റർ GHSS ആറളം ഫാം | “” |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|

| ഭാഗം 1 | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച | 1-11 |
| 12 | പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫല പ്രദമല്ല. | 1-12 |
| 13 | ജില്ലാ കൃഷി ഫാം - ഫാം ഡവലപ്മെന്റ് കൗൺസിൽ യോഗം ചേരുന്നതിലെ വീഴ്ച | 1-13 |
| 14 | സംയുക്ത പ്രൊജക്ടുകളുടെ നിർവഹണത്തിൽ വീഴ്ച-കാർഷിക സാമൂഹ്യക്ഷേമ മേഖലകളിൽ ലഭിക്കേണ്ടിയിരുന്ന പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായി. | 1-14 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർദ്ധിതനികുതി,നിരതദ്രവ്യം എന്നിവയ്ക്ക് കൃത്യമായ | 2-1 |

| | | |
|---|---|---|
| | കണക്കില്ല. കോടിക്കണക്കിന് രൂപ നിഷ്ക്രിയാവസ്ഥയിൽ പലിശരഹിത അക്കൗണ്ടിൽ അവശേഷിക്കുന്നു. | |
| 16 | നടീൽ വസ്തുക്കൾ വിറ്റവകയിൽ ലഭിക്കാൻ ബാക്കിയുള്ളത് 54 ലക്ഷം രൂപ-ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-2 |
| 17 | ജില്ലാ പഞ്ചായത്ത് റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളിടൽ പ്രവൃത്തി-റോഡ് റെസ്റ്റോറേഷൻ ചാർജ്ജ്-യൂസർഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | 2-3 |
| 18 | അക്വാഗ്രീൻമാർട്ട്-പ്രത്യേകമായി വൈദ്യുതകണക്ഷൻ ലഭിക്കുന്നത് വരെ ജില്ലാപഞ്ചായത്ത് ഒടുക്കിയ വൈദ്യുതചാർജിനത്തിലുള്ള തുക തിരികെ ഈടാക്കിയില്ല. | 2-4 |
| 19 | അഗ്രോ മെഷിനറി കസ്റ്റം ഹയറിംഗ് സെന്ററിലെ റോട്ടവേറ്റർ വാടക ഈടാക്കിയതിലെ കുറവ്-9,810/-രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. | 2-5 |
| 20 | ഫാം റവന്യൂ അടവാക്കുന്നതിലെ കാലതാമസം | 2-6 |
| 21 | കാർഷിക പരമ്പരാഗത വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേള - സ്റ്റാൾ വാടക - നേരിട്ടുള്ള ധന വിനിയോഗം ക്രമ പ്രകാരമല്ല. | 2-7 |
| 22 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം വേങ്ങാട് - ലേലത്തുകയുടെ മൂല്യവർദ്ധിത നികുതി വാണിജ്യ നികുതി വകുപ്പിൽ ഒടുക്കിയില്ല | 2-8 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 23 | ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഒരേ കാലയളവിലെ ക്ഷാമബത്തകുടിശ്ശിക രണ്ടു പ്രാവശ്യം അനുവദിച്ചു - 1,31,365/- രൂപ അധികം നൽകി--അധികം നൽകിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ് | 3-1 |
| 24 | ദിവസവേതന നിയമനം-അധികനിരക്ക് നൽകിയത് ക്രമപ്രകാരമല്ല-28,400/-രൂപ അധികം നൽകിയത് തിരിച്ചടക്കേണ്ടതാണ്. | 3-2 |
| 25 | ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം-5.49കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 26 | സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, കൺവീനർമാർ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – പദ്ധതിപ്പണം പാഴാവുന്നു. | 3-4 |
| 27 | ധനവിനിയോഗസാക്ഷ്യപത്രമില്ല- 99 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 28 | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുള്ള പദ്ധതിയിൽ (ABC) ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച 71,34,000/- രൂപ ചെലവഴിക്കാതെ കിടക്കുന്നു. | 3-6 |
| 29 | അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കുന്നതിൽ കാലതാമസം-8.86കോടി രൂപയുടെ അഡ്വാൻസ് തുക ക്രമീകരിക്കാതെ കിടക്കുന്നു | 3-7 |

| | | |
|---|---|---|
| | | |
| 30 | കേന്ദ്ര സംസ്ഥാന സർക്കാറുകളുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് ₹4.2 കോടി വിനിയോഗിച്ചില്ല. | 3-8 |
| 31 | വികസനഫണ്ട്,മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിലെ വീഴ്ച-33.83 കോടി രൂപ നഷ്ടമായി. | 3-9 |
| 32 | റോഡ് പ്രവൃത്തികൾ – പ്രവൃത്തി മൂല്യത്തിൽ നിന്നും ഹയർ ചാർജ്ജസ് കുറച്ച ശേഷമുള്ള തുകക്ക് ടെണ്ടർ കുറവ് കണക്കാക്കി – കരാറുകാർക്ക് അധികമായി അനുവദിച്ച ₹ 76,173 തിരിച്ചു പിടിക്കേണ്ടതാണ്. | 3-10 |
| 33 | മുണ്ടയരഞ്ഞി കാപ്പിൽ പുന്നക്കുന്ന് വാണിയപ്പാറ റോഡ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകങ്ങൾ | 3-11 |
| 34 | സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്. | 3-12 |
| 35 | ടിപ്പു പാലം അഞ്ചില്ലം വയനാട് റോഡ് പ്രൊജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ | 3-13 |
| 36 | ബിറ്റുമിന്റെ കോസ്റ്റ് ഇന്റക്സ് ഇനത്തിൽ ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതും , ചെലവു പത്രികയിൽ ഉൾപ്പെടുത്തിയതും ക്രമപ്രകാരമല്ല-16,07,511രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്-ചെലവ് തടസത്തിൽ വെക്കുന്നു | 3-14 |
| 37 | എളമ്പാലി കുടിവെള്ള പദ്ധതി- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല – പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തപ്പെട്ടില്ല – 1,13,985 രൂപയുടെ ചെലവ് | 3-15 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 38 | ചാലിൽ കുടിവെള്ള പദ്ധതി-അപാകങ്ങൾ- 2,77,944/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 3-16 |
| 39 | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-17 |
| 40 | പ്രവൃത്തിമൂല്യത്തിൽ നിന്നും ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് കുറവു ചെയ്തില്ല - തുക ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. | 3-18 |
| 41 | വാരം ചുടലകോളനി പൈപ്പ് ലൈൻ നീട്ടൽ-തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 3-19 |
| 42 | സംയുക്തപ്രോജക്റ്റുകൾ - ഗ്രാമപഞ്ചായത്ത് വിഹിതം കുറവ് ചെയ്യുന്നില്ല. | 3-20 |
| 43 | എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി വിഭാഗം ഓഫീസിൽ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. | 3-21 |
| 44 | സാംസ്കാരിക നിലയങ്ങൾക്ക് ആവശ്യകതയും യുക്തിയും പരിഗണിക്കാതെയുള്ള സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി പാഴ്ചെലവാകുന്നു - 40,68,280/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-22 |
| 45 | പട്ടിക ജാതി ( ബി.പി.എൽ ) കുടുംബങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം വിനിയോഗ വിവരവും അനുബന്ധരേഖകളും ഹാജരാക്കിയില്ല ചെലവ് തുക ₹1,25,61,982 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-23 |
| 46 | സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ , കമ്പ്യൂട്ടർ , | 3-24 |

| | | |
|---|---|---|
| | അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, കൈപ്പറ്റ് രശീതി, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല - ₹ 60388 ടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 47 | സർക്കാർ അനുമതിയില്ലാതെ സ്കൂളുകളിൽ ഷീ ഫ്രന്റ്ലി ടോയലറ്റ് സ്ഥാപിക്കൽ - 74,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-25 |
| 48 | വിദ്യാലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ - കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല | 3-26 |
| 49 | വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - ഇൻസ്റ്റാൾ ചെയ്ത് ഗുണമേന്മ പരിശോധിക്കുന്നതിന് മുമ്പ് തുക നൽകി | 3-27 |
| 50 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -- ഭക്ഷണം ,മോണിറ്ററിംഗ് എന്നീ ഇനങ്ങളിലെ ചെലവ് തുക ₹ 18,32,927തടസ്സപ്പെടുത്തുന്നു | 3-28 |
| 51 | ജില്ലാ ആശുപത്രി ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ -മുൻകൂർ തുക 76.56 ലക്ഷം നൽകിയിട്ടും കെ.എം.എസ്.സി.എൽ. ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-29 |
| 52 | ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്ന് വാങ്ങൽ-- മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല | 3-30 |
| 53 | സ്ത്രീ സൗഹൃദ കേന്ദ്രം സ്ഥാപിക്കൽ - സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ല ചെലവ് തുക ₹ 4,16,716 തടസ്സപ്പെടുത്തുന്നു. | 3-31 |
| 54 | ജില്ലാ ഹോമിയോ ആശുപത്രി , ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ -- സാക്ഷ്യപത്രം ഹാജരാക്കിയില്ല - 6,02,550 രൂപയുടെ ചെലവ് | 3-32 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 55 | ജില്ലാ ഹോമിയോ ആശുപത്രി ,കണ്ണൂർ - ലാബ് റീ ഏജന്റ് – മരുന്ന് വാങ്ങൽ അപാകങ്ങൾ | 3-33 |
| 56 | മെഡിക്കൽ ക്യാംമ്പിനോടനുബന്ധിട്ടുള്ള പോഷകാഹാരകിറ്റ് വിതരണം, സർക്കാർ മുൻകൂർ അനുമതി വാങ്ങാതെ പ്രോജക്ട് നടപ്പിലാക്കി - 4,62,840 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-34 |
| 57 | കുടുംബശ്രീ ജില്ലാതല പരിശീലനകേന്ദ്രം - ഗ്രാമപഞ്ചായത്ത് സ്ഥലം കൈമാറിയില്ല – നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിൽ തടസ്സം - 6,28,699 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-35 |
| 58 | സ്കൂളുകളിൽ ബയോഗ്യാസ് നിർമ്മാണം - സ്ഥാപിക്കുന്നതിന് മുൻപ് നിർവ്വഹണ ഏജൻസിക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. 9,12,870/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.86940/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-36 |
| 59 | നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം-സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് കൈമാറുന്നതിലെ കാലതാമസം-₹23,41,800 ഗ്രാമപഞ്ചായത്ത് തലത്തിൽ വിനിയോഗിക്കാതെ കിടക്കുന്നു. | 3-37 |
| 60 | കണ്ണൂർ ജില്ലാ മൊബൈൽ മണ്ണ് പരിശോധന ലാബ് ശാക്തീകരണം – പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല – 5,81,230/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-38 |
| 61 | നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം-ഫണ്ട് കൈമാറുന്നതിൽ വന്ന കാലതാമസം-ഗ്രാമപഞ്ചായത്തുകൾ ധനസഹായം സ്വീകരിച്ചില്ല- | 3-39 |

| | | |
|---|---|---|
| | കർഷകർക്ക് നൽകേണ്ടിയിരുന്ന 10,76,874/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചു | |
| 62 | പാഷൻ ഫ്രൂട്ട് കൃഷി വികസനം-തൈകൾ മാത്രം വിതരണം നടത്തി പ്രൊജക്ട് അവസാനിപ്പിച്ചു- പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 3-40 |
| 63 | ജൈവകൃഷി (വിഷരഹിത പച്ചക്കറി)-പച്ചക്കറി തൈകൾക്ക് അധിക വില നൽകി. 1,39,231/- രൂപ പദ്ധതി അധിക ചെലവ് | 3-41 |
| 64 | വയോജനപരിരക്ഷക്ക് വാഹനം വാങ്ങൽ-സർക്കാർ അനുമതി ഇല്ലാതെ വാഹനം വാങ്ങി- 7,42,074/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-42 |
| 65 | കണ്ണൂർ ജില്ലാ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രി മാനേജിംഗ് കമ്മറ്റികൾ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 3-43 |
| 66 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബഡ്സ് സ്കൂളുകൾക്ക് ധനസഹായം-ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റു രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.23,09,850/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-44 |
| 67 | സ്കൂൾ വിശ്രമ മുറികൾക്ക് ഫർണിച്ചർ-വിതരണ വിവരങ്ങൾ ലഭ്യമല്ല.11,99,999/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-45 |
| 68 | മൂവബിൾ ടിഷ്യു കൾച്ചർ റാക്കുകൾ സ്ഥാപിക്കൽ - നിഷ്കർഷിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള പരിശോധന സാക്ഷ്യപത്രമില്ല. | 3-46 |

| | | |
|---|---|---|
| | 15,70,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 69 | കണ്ണൂർ ജില്ലാ കൃഷി ഫാമിലെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ-കെൽട്രോണിൽ നിന്നും വാങ്ങിയത് കെൽട്രോൺ നിർമ്മിത ഉൽപ്പന്നങ്ങളല്ല. | 3-47 |
| 70 | കണ്ണൂർ ജില്ലാ കൃഷി ഫാമിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ-2,92,000/-രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തികരിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-48 |
| 71 | ഭവിഷ്യ നിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ വീഴ്ച-ഫാം ഫണ്ടിന് വന്നിട്ടുള്ള അധിക ചെലവ് ഉത്തരവാദിയായ മുൻ സീനിയർ കൃഷി ഓഫീസറിൽ നിന്നും ഈടാക്കിയില്ല-₹23526 നിരാകരിക്കുന്നു | 3-49 |
| 72 | കാങ്കോൽ വിത്തുല്പാദന കേന്ദ്രം-പശു വളർത്തു കേന്ദ്രത്തിലേക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല-ചെലവ് തുക ₹4,20,384 തടസ്സപ്പെടുത്തുന്നു. | 3-50 |
| 73 | കമ്പ്യൂട്ടർ, ബില്ലിംഗ് സോഫ്റ്റ് വെയർ വാങ്ങൽ - അപാകങ്ങൾ - 99,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-51 |
| 74 | വിയറ്റ്നാം കുറിച്യ കോളനി സാംസ്കാരിക നിലയം-ഫർണിച്ചർ, ടെലിവിഷൻ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ -നിർവ്വഹണത്തിലെ അപാകങ്ങൾ.-3,17,510/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-52 |
| 75 | ഐഎവൈ സംസ്ഥാന വിഹിതം, പിഎംഎവൈ മാച്ചിംഗ് ഗ്രാൻറ് വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല. | 3-53 |
| 76 | സ്മാർട്ട് ക്ളാസ്സ് റൂം -കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 3-54 |

| | | |
|---|---|---|
| | വാങ്ങൽ സർക്കാർ ഉത്തരവ് പാലിച്ചില്ല – 4,30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 77 | ലാബ് സജ്ജീകരണം - ടെണ്ടർ നടപടികൾ പാലിക്കാതെയുള്ള വാങ്ങലുകൾ | 3-55 |
| 78 | ഗവ:ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം നിർമ്മാണ പ്രവൃത്തികളിലെ അപാകങ്ങൾ - ചെലവ് തുക ₹6,66,117 തടസ്സപ്പെടുത്തുന്നു | 3-56 |
| 79 | GHSS കൊട്ടില-ത്രീ ഫേസ് ലൈൻ വലിക്കൽ, അറ്റകുറ്റപ്പണി – രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക ₹390276 തടസ്സപ്പെടുത്തുന്നു | 3-57 |
| 80 | സർക്കാർ ഉത്തരവുകൾ പാലിക്കാതെയുള്ള വാങ്ങലുകൾ | 3-58 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 81 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 82 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 83 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 84 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 85 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 86 | ഓഡിറ്റ് റിക്കവറി | 4-6 |
| 87 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 88 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 89 | ഓഡിറ്റ് വേളയിൽ തിരിച്ചടച്ച തുകകളുടെ വിവരം | 4-9 |

| | | |
|---|---|---|
| 90 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 91 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം–1 |
| 92 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം–2 |
| 93 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം–3 |
| 94 | ബാലൻസ് ഷീറ്റ് | അനുബന്ധം–4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 25-02-2016 ലെ 32/16(1)-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24-03-2017 ലെ 36/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരം ഉള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 56753000 | 569932859 | 103900026.6 | | | |
| വരവ് | 978620500 | 982440883 | 562618177 | - | 419822706 | (-) 42.73 |
| ആകെ | 1035373500 | 1552373742 | 666518203.6 | - | 885855538.4 | -57.06 |
| ചെലവ് | 986900000 | 1415907117 | 521890189 | - | 894016928 | -63.14 |
| നീക്കിയിരിപ്പ് | 48473500 | 136466625 | 144628014.6 | | | |

പ്രതീക്ഷിത വരവിനെക്കാൾ യഥാർത്ഥ വരവ് 43% വും പ്രതീക്ഷിത ചെലവിനെക്കാൾ യഥാർത്ഥ ചെലവ് 63% കുറവുമാണ്. ബജറ്റ് തയ്യാറാക്കിയതിലുണ്ടായ അശാസ്ത്രീയതയാണ് ഇത് വ്യക്തമാക്കുന്നത്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടും ശാസ്ത്രീയമായും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 26-07-2017 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 30-11-2017,01-12-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1.ആസ്തി രജിസ്റ്റർ കാലികമാക്കി എല്ലാ ആസ്തികളുടെയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരങ്ങൾ കൃത്യമല്ല.

2.ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ,തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.ജില്ലാപഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളതും ലഭ്യത സംശയാസ്പദമായിട്ടുള്ളതുമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.തിരിച്ചറിയാനാകാത്ത തുക രേഖപ്പെടുത്തിയാണ് (പണമാക്കാത്ത ചെക്കുകൾ – ₹1,73,582,അധികം നൽകിയത് ₹16,418) തനത് ഫണ്ട് -ടി എസ് ബി അക്കൗണ്ട് അനുരഞ്ജനം നടത്തിയത്.

5.റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 ഷെഡ്യൂളിൽ Remission and Refund – Other Fees ഇനത്തിൽ രേഖപ്പെടുത്തിയ 16,07,511/- രൂപ (കോസ്റ്റ് ഇൻഡക്സ് റിക്കവറി) ലയബലിറ്റി ഹെഡിൽ ചേർക്കാതെ വരുമാനമായി രേഖപ്പെടുത്തി.

6. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബേങ്ക് അക്കൗണ്ടിലെ (67271686401 SBI A/c) ഒരു കോടി രൂപയിലധികം വരുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല (ഖണ്ഡിക 2-1 കൂടി കാണുക)

7. 31.03.2017-ൽ പൂർത്തിയാക്കാത്തതും പ്രവൃത്തി ആരംഭിക്കാത്തതുമായ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് KSEB-യിൽ നിക്ഷേപിച്ച തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തേണ്ടതിന് പകരം ആസ്തിയായി രേഖപ്പെടുത്തി (റൂഫ് ടോപ്പ് സോളാർ പദ്ധതി – 5,49,34,894/- സമ്പൂർണ്ണ വൈദ്യുതീകരണം – 1,25,61,982/-)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 103900026.6 |
| വരവ് | 562618177 |
| ആകെ | 666518203.6 |
| ചെലവ് | 521890189 |
| നീക്കിയിരിപ്പ് | 144628014.6 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് (എ.സി.ആർ പ്രകാരം) ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് (എസി ആർ പ്രകാരം) ₹ | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 315299514 | 315299514 | 217432552 | 97866962 | 68.96 |
| വികസനഫണ്ട് എസ്.സി.പി | 0 | 55511982 | 55511982 | 43818999 | 11692983 | 78.94 |
| വികസനഫണ്ട് ടി.എസ്.പി | 0 | 17430300 | 17430300 | 6897835 | 10532465 | 39.57 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 318779346 | 318779346 | 121016258 | 197763088 | 37.96 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 0 | 71353641 | 71353641 | 50926357 | 20427284 | 71.37 |
| ബി. ഫണ്ട് | 0 | 10597984 | 10597984 | 10597984 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 725 | 1393611490 | 329 | 456643128 | 396 | 32.77 |

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് പ്രകാരം നടപ്പിലാക്കേണ്ടവ | നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് |
| 1 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 35 | 22 | 13 |
| 2 | ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ | 2 | 1 | 1 |
| 3 | പ്രിൻസിപ്പാൾ, ഹയർസെക്കന്ററി സ്കൂൾ | 27 | 16 | 11 |
| 4 | ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ | 35 | 18 | 17 |
| 5 | പ്രോജക്ട് ഓഫീസർ, | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| | ഐടിഡിപി | | | |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 6 | 5 | 1 |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 2 | 2 | 0 |
| 8 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 26 | 16 | 10 |
| 9 | സൂപ്രണ്ട്, ടെയ് ലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ | 2 | 2 | 0 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 6 | 5 | 1 |
| 11 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 4 | 1 | 3 |
| 12 | ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | 1 | 0 | 1 |
| 13 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 4 | 3 | 1 |
| 14 | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 1 | 1 | 0 |
| 15 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 7 | 5 | 2 |
| 16 | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 3 | 3 | 0 |
| 17 | ജില്ലാ മെഡിക്കൽ ഓഫീസർ(ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ) | 1 | 1 | 0 |
| 18 | പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ | 1 | 0 | 1 |
| 19 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 3 | 3 | 0 |

| | | | | |
|---|---|---|---|---|
| 20 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | 517 | 189 | 328 |
| 21 | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 5 | 5 | 0 |
| 22 | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 9 | 8 | 1 |
| 23 | കൃഷി ഓഫീസർ/സീനിയർ കൃഷി ഓഫീസർ/അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ- സ്റ്റേറ്റ് സീഡ് ഫാം | 7 | 5 | 2 |
| 24 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-അലോപ്പതി | 4 | 4 | 0 |
| 25 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ആയുർവ്വേദം | 4 | 4 | 0 |
| 26 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ | 5 | 5 | 0 |
| 27 | അസി.ഡയറക്ടർ,കൃഷി-തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് | 4 | 2 | 2 |
| 28 | ജില്ലാ വനിത വികസന ഓഫീസർ | 1 | 1 | 0 |
| 29 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 1 | 0 | 1 |
| 30 | സീനിയർ വെറ്റിനറി സർജ്ജൻ/ സൂപ്രണ്ട്,കൊമ്മേരി ഗോട്ട് ഫാം | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| | ആകെ | 725 | 329 | 396 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി (22%), അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി(37%), സെക്രട്ടറി, ജില്ലാ പഞ്ചായത്ത് (33%), ഡെപ്യൂട്ടി ഡയറക്ടർ, കൃഷി(42%), കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ (8%), ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ (18%) എന്നീ നിർവഹണ ഉദ്യോഗസ്ഥരാണ് ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളത്. ജില്ലാ പ്രോഗ്രാ ഓഫീസർ സാമൂഹ്യക്ഷേമം, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, പ്രിൻസിപ്പൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കുകയുണ്ടായില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 362050320 | 119586724 | 33 |
| 2 | ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ | 700000 | 200000 | 40 |
| 3 | പ്രിൻസിപ്പാൾ, ഹയർസെക്കന്ററി സ്കൂൾ | 7932396 | 4633352 | 57 |
| 4 | ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ | 13552490 | 5468010 | 40 |
| 5 | പ്രോജക്ട് ഓഫീസർ, ഐടിഡിപി | 500000 | 317510 | 64 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 22765000 | 9470977 | 42 |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 760000 | 760000 | 100 |
| 8 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 28281068 | 10495330 | 37 |
| 9 | സൂപ്രണ്ട്, ടെയ് ലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ | 540207 | 534430 | 99 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 35974680 | 31933827 | 89 |
| 11 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 7695295 | 628699 | 8 |

| | | | | |
|---|---|---|---|---|
| 12 | ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | 1000000 | 0 | 0 |
| 13 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 19806086 | 16690650 | 84 |
| 14 | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 1000000 | 159450 | 16 |
| 15 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 17667530 | 3142250 | 18 |
| 16 | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 3750000 | 3530250 | 94 |
| 17 | ജില്ലാ മെഡിക്കൽ ഓഫീസർ(ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ) | 2000000 | 1666036 | 83 |
| 18 | പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ | 500000 | 0 | 0 |
| 19 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 5475852 | 5028805 | 92 |
| 20 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | 765793965 | 167635551 | 22 |
| 21 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 35777000 | 31482500 | 88 |
| 22 | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 14840000 | 8604471 | 58 |
| 23 | കൃഷി ഓഫീസർ/സീനിയർ കൃഷി ഓഫീസർ/അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ- സ്റ്റേറ്റ് സീഡ് ഫാം | 3810000 | 1519452 | 40 |
| 24 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-അലോപ്പതി | 21669601 | 20655386 | 95 |

| | | | | |
|---|---|---|---|---|
| 25 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ആയുർവ്വേദം | 7200000 | 6854845 | 95 |
| 26 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ | 3420000 | 2502320 | 73 |
| 27 | അസി.ഡയറക്ടർ,കൃഷി-തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് | 6800000 | 1808240 | 27 |
| 28 | ജില്ലാ വനിത വികസന ഓഫീസർ | 1200000 | 1199979 | 100 |
| 29 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 10,00,000 | 0 | 0 |
| 30 | സീനിയർ വെറ്റിനറി സർജ്ജൻ/ സൂപ്രണ്ട്,കൊമ്മേരി ഗോട്ട് ഫാം | 150000 | 134075 | 89 |
| | ആകെ | 1,39,36,11,490 | 45,66,43,128 | 33 |

ആകെ വകയിരുത്തിയ തുകയിൽ കേവലം 33% മാത്രമാണ് ജില്ലാപഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.42 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | ഇല്ല | - | - |
| നികുതിയേതര വരവുകൾ | 33639267 | 37277144 | 3637877 | (+) 10.81 |
| മറ്റ് വരവുകൾ | 122546 | 85401 | (-)37145 | (-) 30.31 |
| ആകെ | 33761813 | 37362545 | 3600732 | (+) 15.42 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-11-2017 ന് 11.45 AM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 54,163 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-7-2016 മുതൽ 23-8-2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽ ബി എ (എച്ച്.ക്യൂ) 4-8A/2496/16-17 തീയതി 24-10-2016 |
| പെർഫോമൻസ് ഓഡിറ്റ് | 05-07-2017 മുതൽ 13-7-2017 വരെ | 23-11-2016 മുതൽ 19-06-2017 വരെ | 20/ എ4/2017 /റീ.പെ.ഓ.വി തീയതി 12-10-2017 |

## 1-10 ആഭ്യന്തരനിയന്ത്രണം

2016-17 സാമ്പത്തികവർഷത്തിൽ 6തവണ മാത്രമാണ് ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത് (02-04-16, 23-08-16, 18-11-16,07-01-17,04-02-17,27-02-17). പ്രതിമാസയോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവുകൾ വഴി ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ അധിക സമയങ്ങളിലും അവധി ദിവസങ്ങളിലും ജോലി ചെയ്യുന്നതിനും അതുവഴി ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിലെ വീഴ്ചകൾ</u>

മാനവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ് , റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. ഇൻകുമ്പെൻസി മാസ്റ്റർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

<u>ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ല.</u>

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവിധ ഘടക സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ന്യൂനതകൾ കണ്ടെത്തി അതാത് സമയത്ത് പരിഹാരനിർദ്ദേശങ്ങൾ നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.ലക്ഷക്കണക്കിന് രൂപയുടെ ദൈനംദിന പണമിടപാടുകൾ നടത്തുന്ന ഫാമുകളിലും മറ്റ് സ്ഥാപനങ്ങളിലും സർപ്രൈസ് പരിശോധന നടത്തുന്നത് ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് സഹായമാകും. ഘടക സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 <u>ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച</u>

06.08.2012 ലെ സ.ഉ.(കൈ) നം.212/12, 18.07.2013 ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. 2011-2012 വർഷത്തിലാണ് ഏറ്റവും ഒടുവിലായി ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുകയുണ്ടായി. കഴിഞ്ഞ 5 വർഷങ്ങളിലെ ജില്ലാ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ പൂർത്തിയാക്കാത്തതും കുറ്റമറ്റതാക്കാത്തതും ഗുരുതരമായി വീഴ്ചയായി വിലയിരുത്തുന്നു. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി സമ്പൂർണ്ണമാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല

സ.ഉ.(എം.എസ്) നമ്പർ 4/2016 തസ്വഭവ തീയ്യതി 11-01-2016 ഖണ്ഡിക 22 (1) പ്രകാരം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ 2016-17 വർഷം 15-02-2017, 12-07-2016, 25-07-2016 എന്നീ തീയ്യതികളിൽ പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതല്ലാതെ പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി യോഗം ചേരുകയോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഒന്നും തയ്യാറാക്കി പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടുമില്ല. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടതായുണ്ട്. അതിന് മോണിറ്ററിംഗ് പ്രക്രിയ കാര്യക്ഷമമാക്കേണ്ടതുണ്ട്. 09-03-2017 ലെ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ സജീവമാക്കേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യപ്പെട്ടുവെങ്കിലും ആയത് നടപ്പാക്കിയതായി കണ്ടില്ല. പ്രോജക്ടുകൾ ഫലപ്രദമായി നടപ്പിലാകണമെങ്കിൽ മോണിറ്ററിംഗ് ശക്തമാക്കേണ്ടതാണ്.

## 1-13 ജില്ലാ കൃഷി ഫാം-ഫാം ഡെവലപ്മെന്റ് കൗൺസിൽ യോഗം ചേരുന്നതിലെ വീഴ്ച.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി രൂപീകരിച്ച ഫാം ഡെവലപ്മെന്റ് കൗൺസിൽ പ്രതിമാസ യോഗം ചേർന്ന് കൃഷി ഫാമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഫാമിന്റെ സമഗ്രവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ ഫാം ഡെവലപ്മെന്റ് കൗൺസിൽ ചേരുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്.താഴെപ്പറയുന്ന തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്.

| ക്രമനമ്പർ | തീയതി |
|---|---|
| 1 | 16-07-2015 |
| 2 | 30-09-2015 |

| | |
|---|---|
| 3 | 27-09-2016 |
| 4 | 11-01-2017 |

27-09-2016 ന് ശേഷം 11-01-2017 തീയതിയിൽ മാത്രമാണ് ഫാം കൗൺസിൽ യോഗം ചേർന്നത്. പിന്നീട് ഇതുവരെ യോഗം ചേരുകയുണ്ടായില്ല. വിവിധ ഔദ്യോഗിക മീറ്റിംഗുകൾ കാരണം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന് ഉറപ്പായും പങ്കെടുക്കാവുന്ന തീയതി ലഭ്യമാക്കാതിരിക്കുക, ഫാം തലവൻ എന്ന നിലയിൽ ഫാം സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് എന്നീ കാരണങ്ങളാലാണ് ഫാം കൗൺസിൽ യോഗം ചേരുന്നതിൽ കാലതാമസമുണ്ടായതെന്നും ഫാം ഡെവലപ്മെന്റ് കൗൺസിൽ എല്ലാ മാസവും യോഗം ചേരുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും സൂപ്രണ്ട് അറിയിക്കുകയുണ്ടായി. ജില്ലാ ഫാം ഉൾപ്പെടെയുള്ള ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മുഴുവൻ ഫാമുകളിലും ഫാം ഡെവലപ്മെന്റ് കൗൺസിൽ യോഗം ചേർന്ന് ഫാമുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## 1-14 സംയുക്ത പ്രൊജക്ടുകളുടെ നിർവഹണത്തിൽ വീഴ്ച-കാർഷിക സാമൂഹ്യക്ഷേമ മേഖലകളിൽ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായി.

കാർഷികമേഖലയിൽ ഡെപ്യൂട്ടി ഡയറക്ടർ(കൃഷി), സാമൂഹ്യക്ഷേമമേഖലയിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥരാണ് ജില്ലാപഞ്ചായത്തിൽ ഏറ്റവും കൂടുതൽ സംയുക്തപ്രൊജക്ടുകൾ നടപ്പിലാക്കേണ്ടത്. നെൽകൃഷിക്ക് നിലമൊരുക്കൽ പദ്ധതിക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) മുഖേനയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക, ബഡ്സ് സ്കൂളുകൾക്കുള്ള ധനസഹായം (ജില്ലാ പഞ്ചായത്ത് വിഹിതം) എന്നീ ആനുകൂല്യങ്ങൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേനയുമാണ് നിർവഹണം നടത്തുന്നത്. ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 3 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയിരിക്കുന്നത്. ബഡ്സ് സ്കൂളുകൾക്ക് ധനസഹായം എന്ന പ്രൊജക്ടിൽ 5 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് വിഹിതം അനുവദിച്ചിരിക്കുന്നത്. പ്രൊജക്ടിൽ വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം നേടിയെടുക്കുന്നതിൽ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വരുത്തിയ വീഴ്ചയും ഇക്കാര്യത്തിൽ നിർവഹണഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ തികഞ്ഞ അനാസ്ഥയും കാരണം സമൂഹത്തിലെ ഏറ്റവും അർഹരായവർക്ക് ലഭിക്കേണ്ടിയിരുന്ന പദ്ധതി ആനുകൂല്യങ്ങൾ നഷ്ടപ്പെടുവാനിടയായിട്ടുണ്ട്.

നെൽകൃഷിക്ക് നിലമൊരുക്കൽ പദ്ധതിക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം മാർച്ച് മാസത്തിലാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച നൽകുന്നത്. ഇതു മൂലം നിർവഹണഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ ഫണ്ട് ചെലവഴിക്കുന്നതിൽ

തടസ്സമുണ്ടാകുന്നു. മുൻകൂട്ടി ക്ലെയിം സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിൽ കൃഷി ഓഫീസർമാർ കാണിക്കുന്ന അലംഭാവവും പ്രസ്തുതപദ്ധതിയുടെ നടത്തിപ്പിൽ തടസ്സങ്ങളുണ്ടാക്കുന്നു

സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് അതാത് സാമ്പത്തികവർഷം ഡിസംബർ 31 നകം കൈമാറിയിരിക്കണമെന്നും കൈപ്പറ്റിയ തുക അതാത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണമെന്നും അങ്ങിനെ ചെലവഴിക്കാത്ത തുക അത് നൽകിയ തദ്ദേശഭരണസ്ഥാപനത്തിലേക്ക് തിരിച്ചടക്കണമെന്നും സർക്കാരിന്റെ 16-11-2013 തീയതിയിലെ സ.ഉ (എം.എസ്).362/2013/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം ഫണ്ട് കൈമാറുന്നതിൽ വരുത്തിയ കാലതാമസം കാരണമാണ് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നിർവഹണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതെന്ന് വ്യക്തമാണ്. ജില്ലയിലെ മൊത്തം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആവശ്യമായ പദ്ധതി വിഹിതം എത്രയാണെന്ന് തിട്ടപ്പെടുത്തി പ്രൊജക്ട് രൂപീകരിക്കാത്തത് മൂലം സമൂഹത്തിലെ ഏറ്റവും അർഹരായവർക്ക് ലഭിക്കേണ്ട ധനസഹായം നഷ്ടപ്പെടുവാനിടയാക്കിയിട്ടുണ്ട്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർധിതനികുതി, നിരതദ്രവ്യം എന്നിവയ്ക്ക് കൃത്യമായ കണക്കില്ല. കോടിക്കണക്കിന് രൂപ നിഷ്ക്രിയാവസ്ഥയിൽ പലിശരഹിത അക്കൗണ്ടിൽ അവശേഷിക്കുന്നു

ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെയും വാങ്ങലുകളുടെയും ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർധിത നികുതി, നിരതദ്രവ്യം എന്നിവ ഓൺലൈൻ ആയി നിക്ഷേപിക്കുന്നത് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്(നം.67271686401,എസ് ബി ഐ). 30-10-2014 തീയതിയിൽ ആരംഭിച്ച് 03-02-2015 ന് ഇടപാടുകൾ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ 31-03-2017 ന് 1,04,24,539/-രൂപയും 17-11-2017 തീയതിയിൽ 1,34,92,410/-രൂപയും നീക്കിയിരിപ്പുണ്ട്. ഓൺലൈൻ മുഖേന തുക നിക്ഷേപിക്കുവാനും തുക തിരികെ നൽകുവാനും സാധിക്കുന്ന ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത അറിയുന്നതിനാവശ്യമായ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും പ്രവൃത്തികളുടെ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർദ്ധിത നികുതി, നിരതദ്രവ്യം എന്നിവയാണ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഓരോ സ്ഥാപനത്തിനും അർഹതപ്പെട്ട തുകകൾ എത്രയെന്നും കരാറുകാർക്ക് നൽകേണ്ട തുക എത്രയെന്നും അറിയുന്നതിനുള്ള രേഖകൾ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ ലഭ്യമല്ല. ടെണ്ടർ ഫോറങ്ങളിൽ അധികവും ജില്ലാ പഞ്ചായത്തിന്റെ പ്രവൃത്തികൾക്കായാണ് വില്പന

നടത്തിയിട്ടുള്ളതെന്നതിനാൽ നീക്കിയിരിപ്പ് തുകയിൽ ഭൂരിഭാഗവും ജില്ലാ പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് മാറ്റേണ്ട തുകയാണ്. തനത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തുക ജില്ലാ പഞ്ചായത്ത്, ജില്ലയിലെ മറ്റ് ബ്ലോക്ക് -ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ അക്കൗണ്ടുകളിലേക്ക് മാറ്റാതെ ലക്ഷക്കണക്കിന് രൂപ നിഷ്ക്രിയാവസ്ഥയിൽ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. മാത്രവുമല്ല, വാർഷിക ധനകാര്യ പത്രികയിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

സംസ്ഥാന സർക്കാരിന് അടക്കേണ്ടിയിരുന്ന മൂല്യവർദ്ധിത നികുതിയിനത്തിലുള്ള തുകയും യഥാസമയങ്ങളിൽ അടക്കാതെ പ്രസ്തുത അക്കൗണ്ടിൽ തന്നെ നിലനിർത്തിയതായാണ് കാണുന്നത്. ഇടപാടുകൾ ആരംഭിച്ച തീയതി മുതലുള്ള മൂല്യവർദ്ധിത നികുതി അടച്ചതായി കാണുന്നില്ല. യഥാസമയം നികുതി അടക്കാതിരുന്നാൽ പിഴപ്പലിശ ഒടുക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകാനിടയുണ്ട്.

നിലവിൽ 71 ഗ്രാമപഞ്ചായത്തുകളുടെയും 11 ബ്ലോക്ക് പഞ്ചായത്തുകളുടെയും ഇ-ടെണ്ടർ തുകകൾ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും ഒരു വർഷം ഏകദേശം 50000-ത്തോളം ഇടപാടുകളാണ് ഇത്തരത്തിൽ നടക്കുന്നതെന്നും ഇത് ഏത് തദ്ദേശസ്ഥാപനത്തിന്റേതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിക്കുകയുണ്ടായി. നിലവിൽ അതാത് തദ്ദേശസ്ഥാപനങ്ങളോട് ടെണ്ടർ ഐ ഡി നൽകി ടെണ്ടർ ഫോറത്തിന്റെ വിലയും വാറ്റും തിരിച്ച് വാങ്ങുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചുരുക്കം തദ്ദേശസ്ഥാപനങ്ങൾ മാത്രമാണ് പ്രതികരിച്ചതെന്നും ജീവനക്കാരുടെ കടുത്ത ദൗർലഭ്യം നേരിടുന്ന എൽ എസ് ജി ഡി ഓഫീസിന് ഇത്രയും വലിയ ഇടപാടുകൾ ദൈനംദിന രജിസ്റ്ററിൽ രേഖപ്പെടുത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിക്കുകയുണ്ടായി. ഇത്തരം വിഷയങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതും ഇടപാടുകൾ സംബന്ധിച്ച് കണക്കുകൾ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 നടീൽ വസ്തുക്കൾ വിറ്റവകയിൽ ലഭിക്കാൻ ബാക്കിയുള്ളത് 54 ലക്ഷം രൂപ-ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച

കണ്ണൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ നിന്ന് വിവിധ സ്ഥാപനങ്ങൾക്ക് വിത്തുകൾ, തൈകൾ എന്നിവ നൽകിയിട്ടുണ്ട്. 2016-2017 വർഷം വരെയുള്ള കാലയളവിൽ നടീൽ വസ്തുക്കൾ നൽകിയ വകയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഇതുവരെയായും പിരിച്ചെടുത്തിട്ടില്ല. ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വ്യക്തമാവുന്നു. 2016-2017 വർഷത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട 54,00,850/-രൂപയാണ് ഇതുവരെയായും പിരിച്ചെടുക്കാതിരുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, വേങ്ങാട്

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ തീയ്യതി | തുക | നടീൽ വസ്തുക്കൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | 05/2016-17 തീയ്യതി 25-04-2016 | 18000 | കൃഷി ഓഫീസർ ,കൃഷി ഭവൻ പാട്യം |
| 2 | 73/2016-17തീയ്യതി 05-12-2016 | 1500 | കൃഷിഫീൽഡ് ഓഫീസർ ,കൃഷി ഭവൻ തലശ്ശേരി |
| 3 | 78/2016-17തീയ്യതി 15-12-2016 | 35000 | കൃഷി ഓഫീസർ ,കൃഷി ഭവൻ, ശ്രീകണ്ഠാപുരം |
| 4 | 83/2016-17തീയ്യതി 16-01-2017 | 1600 | കൃഷി അസിസ്റ്റന്റ് ഡയരക്ടർ ,പാനൂർ |
| 5 | 84/2016-17തീയ്യതി 16-01-2017 | 1300 | കൃഷി അസിസ്റ്റന്റ് ഡയരക്ടർ, കൂത്തുപറമ്പ് |
| 6 | 85/2016-17തീയ്യതി 18-01-2017 | 5760 | കൃഷി അസിസ്റ്റന്റ് ഡയരക്ടർ, എടക്കാട് |
| 7 | 86/2016-17തീയ്യതി 22-02-2017 | 3540 | കൃഷി ഓഫീസർ ,കൃഷി ഭവൻ, മാങ്ങാട്ടിടം |
| 8 | 97/2016-17തീയ്യതി 22-03-2017 | 131400 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| ആകെ | | 198100 | |

സംസ്ഥാന വിത്തുല്പാദന കേന്ദ്രം , കാങ്കോൽ

| ക്രമ നം | ഇൻവോയ്സ് നം. തീയ്യതി | തുക | നടീൽ വസ്തുക്കൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | കെ.എസ്.എഫ് 03/13-14 തീയ്യതി 04.06.2013 | 388654 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| 2 | കെ.എസ്.എഫ് 24/14(06) തീയ്യതി 12.06.2014 | 429790 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| 3 | കെ.എസ്.എഫ് 18/15 തീയ്യതി 25.09.2015 | 115645 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| 4 | W.B.No Nil<br>Issue Note No. 2341/തീയ്യതി | 900 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |

| | | | |
|---|---|---|---|
| | ലഭ്യമല്ല | | |
| 5 | കെ.എസ്.എഫ് 12/16 തീയ്യതി 06.04.2016 | 19800 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| 6 | കെ.എസ്.എഫ് 23/16 തീയ്യതി 01/06/2016 | 426840 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| 7 | കെ.എസ്.എഫ് 06/17 തീയ്യതി 01.06.2016 | 169200 | കേരള സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി |
| | | 15,50,829 | |

കോക്കനട്ട് നഴ്സസറി,പാലയാട്

| ക്രമ നം | ഇൻവോയ്സ് നം. തീയ്യതി | തുക | നടീൽ വസ്തുക്കൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | സി.എൻ.പി-51/16-17 തീയ്യതി 11.07.17 | 45000 | കൃഷി ഭവൻ, നാറാത്ത് |
| 2 | സി.എൻ.പി-58/16-17 തീയ്യതി 13.07.17 | 32750 | കൃഷി ഭവൻ,വളപട്ടണം |
| 3 | സി.എൻ.പി-82/16-17 തീയ്യതി 12.07.17 | 62500 | കൃഷി ഭവൻ,മുണ്ടേരി |
| 4 | സി.എൻ.പി-126/16-17 തീയ്യതി 18.07.16 | 24000 | കൃഷി ഭവൻ,മാങ്ങാട്ടിടം |
| 5 | സി.എൻ.പി-214/16-17 തീയ്യതി 13.12.16 | 9500 | കൃഷി ഭവൻ,മുണ്ടേരി |
| 6 | സി.എൻ.പി-215/16-17 തീയ്യതി 13.12.16 | 3750 | കൃഷി ഭവൻ,പയ്യന്നൂർ |
| 7 | സി.എൻ.പി-220/16-17 തീയ്യതി 16.03.16 | 50000 | എ.ഡി.എ,കണ്ണൂർ |
| 8 | സി.എൻ.പി-226/16-17 തീയ്യതി 12.07.2016 | 25000 | കൃഷി ഭവൻ,ധർമ്മടം |
| | | 252500 | |

ജില്ലാ കൃഷിത്തോട്ടം,തളിപ്പറമ്പ്

| ക്രമ | ഇൻവോയ്സ് നം. | തുക | നടീൽ വസ്തുക്കൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|

| നം | തീയ്യതി | | |
|---|---|---|---|
| 1 | 05/14-15 തീയ്യതി 28.06.14 | 245000 | കെ.എസ്.എസ്.ഡി.എ,അയ്യന്തോൾ |
| 2 | 18/14-15 തീയ്യതി 29.08.14 | 750 | കോക്കനട്ട് നഴ്സറി,പാലയാട് |
| 3 | 54/14-15 തീയ്യതി 15.10.14 | 1500 | കൃഷി ഭവൻ, പാട്യം |
| 4 | 97/14-15 തീയ്യതി 28.06.14 | 3750 | കൃഷി ഭവൻ,ശ്രീകണ്ഠാപുരം |
| 5 | 151/14-15<br>152/14-15<br>153/14-15തീയ്യതി 15.12.14 | 1500<br>1500<br>1500 | കൃഷി ഭവൻ,ചേലോറ |
| 6 | 182/14-15 തീയ്യതി 26.12.2014 | 3350 | കൃഷി ഭവൻ,കളിയാട് |
| 7 | 308/14-15 തീയ്യതി 23.02.15 | 13500 | എ.ഡി.എ |
| 8 | 330/14-15 തീയ്യതി 10.03.15 | 5350 | കൃഷി ഭവൻ,പെരളശ്ശേരി |
| 9 | 212/15-16 തീയ്യതി 21.11.15 | 5400 | കൃഷി ഭവൻ,കടന്നപ്പള്ളി |
| 10 | 213/15-16 തീയ്യതി 23.11.15 | 30000 | എ.ഡി.എ,ഇരിട്ടി |

| | | | |
|---|---|---|---|
| 11 | 216/15-16 തീയ്യതി 25.11.15 | 5400 | കൃഷി ഭവൻ,എളയാവൂർ |
| 12 | 217/15-16 തീയ്യതി 25.11.15 | 24000 | എ.ഡി.എ,കണ്ണൂർ |
| 13 | 220/15-16 തീയ്യതി 25.11.15 | 5400 | കൃഷി ഭവൻ,മുണ്ടേരി |
| 14 | 293/15-16 തീയ്യതി 14.01.16 | 5400 | കൃഷി ഭവൻ,കണിച്ചാർ |
| 15 | 324/15-16 തീയ്യതി 15.02.16 | 2904 | കൃഷി ഭവൻ,വളപട്ടണം |
| 16 | 325/15-16 തീയ്യതി 12.02.16 | 4500 | കല്യാശ്ശേരി ബ്ലോക്ക് കർഷക സേവാ കേന്ദ്രം,ഏഴോം |
| 17 | 330/15-16 തീയ്യതി 17.02.16 | 2904 | കൃഷി ഭവൻ,,ചിറക്കൽ |
| 18 | 341/15-16 തീയ്യതി ലഭ്യമല്ല | 1500 | കൃഷി ഭവൻ,തൃപ്രങ്ങോട്ടൂർ |
| 19 | 11/15-16 തീയ്യതി 14.05.16 | 5400 | കൃഷി ഭവൻ,പെരിങ്ങളം |
| 20 | 91/15-16 തീയ്യതി ലഭ്യമല്ല | 5400 | കൃഷി ഭവൻ, പാട്യം |
| 21 | 188(1)/15-16 തീയ്യതി 18.11.15 | 1980 | കൃഷി ഭവൻ,എടക്കാട് |

| | | | |
|---|---|---|---|
| 22 | 01/15-16 തീയ്യതി 01.04.2015 | 25500 | കെ.എസ്.എസ്.ഡി.എ,തൃശ്ശൂർ |
| 23 | 40/15-16 തീയ്യതി 03.06.2015 | 9900 | കൃഷി ഭവൻ,ശ്രീകണ്ഠാപുരം |
| 24 | 53/15-16 തീയ്യതി 10.06.2015 | 18920 | പി.എ.ഒ,കണ്ണൂർ |
| 25 | 61/15-16 തീയ്യതി 19.06.2015 | 37500 | കൃഷി ഭവൻ,പയ്യാവൂർ |
| 26 | 62/15-16 തീയ്യതി 19.06.2015 | 37500 | കൃഷി ഭവൻ,ഇരിക്കൂർ |
| 27 | 65/15-16 തീയ്യതി 19.06.2015 | 5000 | കൃഷി ഭവൻ,മാട്ടൂൽ |
| 28 | 137/15-16 തീയ്യതി 21.08.2015 | 150000 | കെ.എസ്.എസ്.ഡി.എ,തൃശ്ശൂർ |
| 29 | 139/15-16 തീയ്യതി 07.09.2015 | 5490 | കോക്കനെട്ട് നഴ്സറി,പാലയാട് |
| 30 | 156/15-16 തീയ്യതി 27.10.2015 | 3150 | കൃഷി ഭവൻ, പാട്യം |
| 31 | 162/15-16 തീയ്യതി 04.11.2015 | 1980 | കൃഷി ഭവൻ,എടക്കാട് |
| 32 | 163/15-16 തീയ്യതി 07.11.15 | 375 | സ്റ്റേറ്റ് സീഡ് ഫാം,വേങ്ങാട് |
| 33 | 182/15-16 തീയ്യതി | 3150 | കൃഷി ഭവൻ,തളിപ്പറമ്പ |

| | | | |
|---|---|---|---|
| | 16.11.15 | | |
| 34 | 15/16-17 തീയ്യതി 24.05.16 | 14450 | സ്റ്റേറ്റ് ഫാമിംഗ് കോർപറേഷൻ,പുനലൂർ |
| 35 | 34/16-17 തീയ്യതി 16.06.16 | 2000 | അഗ്രോ സർവീസ് സെന്റർ, ശ്രീകണ്ഠാപുരം |
| 36 | 46/16-17 തീയ്യതി 21.07.16 | 4500 | സ്റ്റേറ്റ് സീഡ് ഫാം,കാസർഗോഡ് |
| 37 | 53/16-17 തീയ്യതി 25.07.16 | 9000 | കൃഷി ഭവൻ,കണിച്ചാർ |
| 38 | 59/16-17 തീയ്യതി 25.07.16 | 3900 | കൃഷി ഭവൻ,പള്ളിക്കുന്ന് |
| 39 | 60/16-17 തീയ്യതി 25.07.16 | 5100 | കൃഷി ഭവൻ,വളപട്ടണം |
| 40 | 61/16-17 തീയ്യതി 25.07.16 | 5700 | കൃഷി ഭവൻ,ചിറക്കൽ |
| 41 | 62/16-17 തീയ്യതി 25.07.16 | 3300 | കൃഷി ഭവൻ,പുഴാതി |
| 42 | 96/16-17 തീയ്യതി 04.08.16 | 9000 | കൃഷി ഭവൻ,തില്ലങ്കേരി |
| 43 | 97/16-17 തീയ്യതി 04.08.16 | 9000 | കൃഷി ഭവൻ,കേളകം |
| 44 | 100/16-17 തീയ്യതി 04.08.16 | 9000 | കൃഷി ഭവൻ,മാലൂർ |

| | | | |
|---|---|---|---|
| 45 | 120/16-17 തീയ്യതി 18.08.16 | 10000 | കൃഷി ഭവൻ,ശ്രീകണ്ഠാപുരം |
| 46 | 121/16-17 തീയ്യതി 18.08.16 | 7500 | കൃഷി ഭവൻ,ഇരിക്കൂർ |
| 47 | 144/16-17 തീയ്യതി23.08.16 | 19000 | കൃഷി ഭവൻ,ചേലോറ |
| 48 | 148/16-17 തീയ്യതി 23.08.16 | 19000 | കൃഷി ഭവൻ,മുണ്ടേരി |
| 49 | 155/16-17 തീയ്യതി 01.09.16 | 9000 | കൃഷി ഭവൻ,തലശ്ശേരി |
| 50 | 158/16-17 തീയ്യതി 01.09.16 | 11500 | കൃഷി ഭവൻ,പെരിങ്ങളം |
| 51 | 167/16-17 തീയ്യതി 20.09.16 | 7500 | കൃഷി ഭവൻ,പെരിങ്ങളം |
| 52 | 169/16-17 തീയ്യതി 20.09.16 | 7500 | കൃഷി ഭവൻ,കോട്ടയം മലബാർ |
| 53 | 171/16-17 തീയ്യതി 20.09.16 | 9000 | കൃഷി ഭവൻ,പാട്യം |
| 54 | 172/16-17 തീയ്യതി 20.09.16 | 16500 | കൃഷി ഭവൻ, തൃപ്രങ്ങോട്ടൂർ |
| 55 | 173/16-17 തീയ്യതി 22.09.16 | 3600 | കൃഷി ഭവൻ,വേങ്ങാട് |

| | | | |
|---|---|---|---|
| 56 | 175/16-17 തീയ്യതി 22.09.16 | 1050 | കൃഷി ഭവൻ,പാനൂർ |
| 57 | 176/16-17 തീയ്യതി 22.09.16 | 2500 | കൃഷി ഭവൻ,മൊകേരി |
| 58 | 199/16-17 തീയ്യതി 03.10.16 | 4500 | കൃഷി ഭവൻ, ചെങ്ങളായി |
| 59 | 204/16-17 തീയ്യതി 17.10.16 | 150000 | കൃഷി ഭവൻ, നടുവിൽ |
| 60 | 206/16-17 തീയ്യതി 22.10.16 | 9100 | ഗ്രാമീണ ജൈവ പച്ചക്കറി ഉൽപാദക വിപണന സഹകരണ സംഘം |
| 61 | 225/16-17 തീയ്യതി 21.10.16 | 10000 | കൃഷി ഭവൻ,കൊട്ടിയൂർ |
| 62 | 226/16-17 തീയ്യതി 23.11.16 | 25000 | കൃഷി ഭവൻ,മുഴപ്പിലങ്ങാട് |
| 63 | 227/16-17 തീയ്യതി 30.11.16 | 11925 | കൃഷി ഭവൻ,കോട്ടയം മലബാർ |
| 64 | 228/16-17 തീയ്യതി 30.11.16 | 15000 | കൃഷി ഭവൻ,കോട്ടയം മലബാർ |
| 65 | 230/16-17 തീയ്യതി 8.12.16 | 15000 | കൃഷി ഭവൻ,ചെങ്ങളായി |
| 66 | 237/16-17 തീയ്യതി 22.12.16 | 30000 | കൃഷി ഭവൻ,കേളകം |
| 67 | 238/16-17 തീയ്യതി | 37500 | കൃഷി ഭവൻ,കണിച്ചാർ |

| | | | |
|---|---|---|---|
| | 22.12.16 | | |
| 68 | 240/16-17 തീയ്യതി 28.12.16 | 60000 | കൃഷി ഭവൻ,മട്ടന്നൂർ |
| 69 | 244/16-17 തീയ്യതി 4.1.17 | 58050 | കൃഷി ഭവൻ,തളിപ്പറമ്പ |
| 70 | 246/16-17 തീയ്യതി 5.1.17 | 37500 | കൃഷി ഭവൻ,കോളയാട് |
| 71 | 247/16-17 തീയ്യതി 6.1.17 | 37500 | കൃഷി ഭവൻ,പേരാവൂർ |
| 72 | 248/16-17 തീയ്യതി 9.1.17 | 5000 | കൃഷി ഭവൻ,മുഴക്കുന്ന് |
| 73 | 249/16-17 തീയ്യതി 9.1.17 | 10000 | കൃഷി ഭവൻ,കൊട്ടിയൂർ |
| 74 | 250/16-17 തീയ്യതി 9.1.17 | 37500 | കൃഷി ഭവൻ,മുഴക്കുന്ന് |
| 75 | 251/16-17 തീയ്യതി 12.1.17 | 40000 | കൃഷി ഭവൻ,മാങ്ങാട്ടിടം |
| 76 | 254/16-17 തീയ്യതി 16.01.17 | 75000 | കൃഷി ഭവൻ,കണ്ണപുരം |
| 77 | 255/16-17 തീയ്യതി 23.01.17 | 24000 | കൃഷി ഭവൻ,തൃപ്രങ്ങോട്ടൂർ |
| 78 | 256/16-17 തീയ്യതി 23.1.17 | 3600 | കൃഷി ഭവൻ,തൃപ്രങ്ങോട്ടൂർ |

| | | | |
|---|---|---|---|
| 79 | 257/16-17 തീയ്യതി 24.1.17 | 9000 | ഡി.ഡി.എ,സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി,മലപ്പുറം |
| 80 | 258/16-17 തീയ്യതി 24.1.17 | 2650 | ഡി.ഡി.എ, സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി, മലപ്പുറം |
| 81 | 259/16-17 തീയ്യതി 30.1.17 | 50000 | കൃഷി ഭവൻ,ചപ്പാരപ്പടവ് |
| 82 | 263/16-17 തീയ്യതി 1.2.17 | 68405 | കൃഷി ഭവൻ,ന്യൂമാഹി |
| 83 | 267/16-17 തീയ്യതി ലഭ്യമല്ല | 2250 | ടി.എക്സ്.ഡി , ചാലോട് |
| 84 | 268/16-17 തീയ്യതി ലഭ്യമല്ല | 43200 | പി.എ.ഒ,കണ്ണൂർ |
| 85 | 07A/16-17 തീയ്യതി 28.4.16 | 133200 | കെ.എസ്.എസ്.ഡി.എ |
| 86 | 19A/16-17 തീയ്യതി 2.6.16 | 223250 | കെ.എസ്.എസ്.ഡി.എ |
| 87 | 269/16-17 തീയ്യതി ലഭ്യമല്ല | 6000 | ചാലോട് |
| 88 | 271/16-17 തീയ്യതി ലഭ്യമല്ല | 10875 | കൃഷി ഭവൻ, കുന്നോത്തുപറമ്പ |
| 89 | 275/16-17 തീയ്യതി ലഭ്യമല്ല | 15000 | കൃഷി ഭവൻ,ആന്തൂർ |

| | | | |
|---|---|---|---|
| 90 | 276/16-17 തീയ്യതി ലഭ്യമല്ല | 2880 | കൃഷി ഭവൻ, പെരളശ്ശേരി |
| 91 | 277/16-17 തീയ്യതി ലഭ്യമല്ല | 285 | സ്റ്റേറ്റ് സീഡ് ഫാം,വേങ്ങാട് |
| 92 | 278/16-17 തീയ്യതി ലഭ്യമല്ല | 60000 | എ.ഡി.എ.,കൂത്തുപറമ്പ് |
| 93 | 279/16-17 തീയ്യതി ലഭ്യമല്ല | 9000 | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി |
| 94 | 282/16-17 തീയ്യതി ലഭ്യമല്ല | 172900 | കൃഷി ഭവൻ, എരുവേശ്ശി |
| 95 | 283/16-17 തീയ്യതി ലഭ്യമല്ല | 6750 | കൃഷി ഭവൻ, കുഞ്ഞിമംഗലം |
| 96 | 284/16-17 തീയ്യതി ലഭ്യമല്ല | 42938 | കൃഷി ഭവൻ,പയ്യന്നൂർ |
| 97 | 285/16-17 തീയ്യതി ലഭ്യമല്ല | 30000 | കൃഷി ഭവൻ,പാപ്പിനിശ്ശേരി |
| 98 | 286/16-17 തീയ്യതി ലഭ്യമല്ല | 560 | കൃഷി ഭവൻ,പാപ്പിനിശ്ശേരി |
| 99 | 288/16-17 തീയ്യതി ലഭ്യമല്ല | 910 | കൃഷി ഭവൻ,ചിറക്കൽ |
| 100 | 289/16-17 തീയ്യതി ലഭ്യമല്ല | 2000 | എ.ഡി.എ ,കല്യാശ്ശേരി |
| 101 | 290/16-17 തീയ്യതി | 36000 | കൃഷി ഭവൻ,നന്നമ്പ്ര |

| | | | |
|---|---|---|---|
| | ലഭ്യമല്ല | | |
| 102 | 291/16-17 തീയ്യതി ലഭ്യമല്ല | 11410 | കൃഷി ഭവൻ,നന്നമ്പ്ര |
| 103 | 293/16-17 തീയ്യതി ലഭ്യമല്ല | 90000 | കൃഷി ഭവൻ,കുഞ്ഞുപറമ്പ |
| 104 | 297/16-17 തീയ്യതി ലഭ്യമല്ല | 13500 | സീഡ് ഗാർഡൻ കോംപ്ലക്സ്,മുണ്ടേരി |
| 105 | 304/16-17 തീയ്യതി ലഭ്യമല്ല | 7200 | കൃഷി ഭവൻ,ചപ്പാരപ്പടവ് |
| 106 | 305/16-17 തീയ്യതി ലഭ്യമല്ല | 6000 | കൃഷി ഭവൻ,പാട്യം |
| 107 | 308/16-17 തീയ്യതി ലഭ്യമല്ല | 124200 | കൃഷി ഭവൻ, മാങ്ങാട്ടിടം |
| 108 | 309/16-17 തീയ്യതി ലഭ്യമല്ല | 3600 | കൃഷി ഭവൻ,മാങ്ങാട്ടിടം |
| 109 | 310/16-17 തീയ്യതി ലഭ്യമല്ല | 9000 | കൃഷി ഭവൻ,തൃപ്രങ്ങോട്ടൂർ |
| 111 | 311/16-17 തീയ്യതി ലഭ്യമല്ല | 6840 | കൃഷി ഭവൻ, തലശ്ശേരി |
| 112 | 312/16-17 തീയ്യതി ലഭ്യമല്ല | 6000 | കൃഷി ഭവൻ, തലശ്ശേരി |
| 113 | 313/16-17 തീയ്യതി ലഭ്യമല്ല | 11760 | കൃഷി ഭവൻ, തലശ്ശേരി |

| | | | |
|---|---|---|---|
| 114 | 314/16-17 തീയ്യതി ലഭ്യമല്ല | 45000 | കൃഷി ഭവൻ, കൊട്ടിയൂർ |
| 115 | 315/16-17 തീയ്യതി ലഭ്യമല്ല | 209040 | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്,കൊല്ലം |
| 116 | 50/16-17 തീയ്യതി 25.7.16 | 45750 | കൃഷി ഭവൻ, കൊട്ടിയൂർ |
| 117 | 51/16-17 തീയ്യതി 25.7.16 | 63000 | കൃഷി ഭവൻ, കേളകം |
| 118 | 52/16-17 തീയ്യതി 21.7.16 | 90000 | കൃഷി ഭവൻ, കണിച്ചാർ |
| 119 | 55/16-17 തീയ്യതി 22.7.16 | 41500 | കൃഷി ഭവൻ, മുഴക്കുന്ന്. |
| 120 | 57/16-17 തീയ്യതി 25.7.16 | 17500 | കൃഷി ഭവൻ, പേരാവൂർ |
| 121 | 115/16-17 തീയ്യതി 16.8.16 | 7500 | കൃഷി ഭവൻ, മയ്യിൽ |
| 122 | 116/16-17 തീയ്യതി 16.8.16 | 13300 | കൃഷി ഭവൻ, ചിറ്റാരിപ്പറമ്പ് |
| 123 | 117/16-17 തീയ്യതി ലഭ്യമല്ല | 3060 | കൃഷി ഭവൻ, പിണറായി |
| 124 | 119/16-17 തീയ്യതി16.8.16 | 2200 | കൃഷി ഭവൻ, മലപ്പട്ടം |

| | | | |
|---|---|---|---|
| 125 | 122/16-17 തീയ്യതി 18.8.16 | 7500 | കൃഷി ഭവൻ, പടിയൂർ |
| 126 | 123/16-17 തീയ്യതി 18.8.16 | 7500 | കൃഷി ഭവൻ, ഉളിക്കൽ |
| 127 | 143/16-17 തീയ്യതി 23.8.16 | 7500 | കൃഷി ഭവൻ, കൊളച്ചേരി |
| 128 | 145/16-17 തീയ്യതി ലഭ്യമല്ല | 8460 | കൃഷി ഭവൻ, കടമ്പൂർ |
| 129 | 146/16-17 തീയ്യതി 23.8.16 | 9000 | കൃഷി ഭവൻ, ചെമ്പിലോട് |
| 130 | 147/16-17 തീയ്യതി 23.8.16 | 8700 | കൃഷി ഭവൻ, പെരളശ്ശേരി |
| 131 | 150/16-17 തീയ്യതി 1.9.16 | 3360 | കൃഷി ഭവൻ, എളയാവൂർ |
| 132 | 151/16-17 തീയ്യതി ലഭ്യമല്ല | 3360 | കൃഷി ഭവൻ, എടക്കാട് |
| 133 | 168/16-17 തീയ്യതി 20.9.16 | 7500 | കൃഷി ഭവൻ, മാങ്ങാട്ടിടം |
| 134 | 191/16-17 തീയ്യതി 30.9.16 | 10000 | കൃഷി ഭവൻ, പേരാവൂർ |
| | ആകെ | 33,99,421 | |
| | മൊത്തം ലഭിക്കുവാൻ ബാക്കിയുള്ള തുക | 54,00,850/-രൂപ | |

ഫാം റവന്യൂ യഥാസമയം ലഭിക്കുന്നുവെന്ന് ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.ഫാം റവന്യൂ പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചമൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നതിന് ഉത്തരവാദി ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ആണ്. ഓരോ സാമ്പത്തികവർഷത്തിലും ലഭിക്കുവാൻ ബാക്കിയുള്ള തുക സംബന്ധിച്ച റിപ്പോർട്ട് ഫാം അധികൃതർ ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ജില്ലാ പഞ്ചായത്ത് റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളിടൽ പ്രവൃത്തി- യൂസർഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മൊബൈൽ കമ്പനികൾക്ക് കേബിൾ ഇടുന്നതിനും ജില്ലാ പഞ്ചായത്ത് അനുമതി നല്കി വരുന്നുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ എൽ എസ് ജി ഡി വിഭാഗം റോഡിൽ കുഴിയെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും റോഡ് പുനർനിർമ്മാണച്ചെലവിനത്തിൽ (restoration charge) എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അപേക്ഷകരിൽ നിന്ന് ഈടാക്കുകയുമാണ് ചെയ്തു വരുന്നത്. ജില്ലാ പഞ്ചായത്തിന്റെ സ്ഥലം സ്ഥിരമായി ഉപയോഗിക്കുന്നതിന് അപേക്ഷകരിൽ നിന്ന് യൂസർ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്തതും അപാകമാണ്.(2005-ലെ കേരളപഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ കാണുക.).

റോഡ് കട്ടിംഗ് - റോഡ് റസ്റ്റൊറേഷൻ ചാർജ്ജായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 6,95,000/-രൂപ (റോഡരികിലൂടെ 4.2 കി.മീ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്) ഒടുക്കിയിട്ടുണ്ട് (രസീത് നമ്പർ-11615400016/12-04-2016, ഡി ഡി നമ്പർ-981379/06-04-2016).പ്രസ്തുത തുക റോഡ് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ നിശ്ചയിച്ച നിരക്ക് മാത്രമാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് റസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഫയൽ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. മീറ്ററിന് 50രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി ഈടാക്കാത്തതും വിവരസാങ്കേതിക വകുപ്പിൽ നിന്ന് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിവരസാങ്കേതിക വകുപ്പിൽ കിലോമീറ്ററിന് 75000രൂപ നിരക്കിൽ തുക ഒടുക്കി എഗ്രിമെന്റ് ഒപ്പിട്ട ശേഷം മാത്രമേ സ്വകാര്യ കമ്പനികൾക്ക് ഒഎഫ് സി സ്ഥാപിക്കുന്നതിനുള്ള ആർ ഒ ഡബ്ല്യു (Right of Way) അനുമതി ലഭിക്കുകയുള്ളൂ എന്നതിനാലും പ്രസ്തുത അനുമതിയില്ലാതെ ഈ ആവശ്യത്തിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതി നല്കാവുന്നതല്ലെന്നതിനാലും നടപടിക്രമങ്ങളിൽ വീഴ്ച്ച വന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.(GO(MS)12/2012/ITD 07.08.12, GO(MS)39/2015/ITD 15.09.15, GO(MS)11/2017/ITD 30.05.17 ഇവ കാണുക).

കൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത് MoRTH സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാണെന്നും റോഡ് സൈഡ് ശരിയായ രീതിയിൽ അമർത്തി പൂർവ്വസ്ഥിതിയിലാക്കിയെന്ന സാങ്കേതിക വിഭാഗത്തിന്റെ സർട്ടിഫിക്കറ്റ് ഹാജരാകുന്ന മുറക്ക് മാത്രമേ ബാങ്ക് ഗ്യാരണ്ടി തിരികെ നല്കാവൂ എന്നും റോഡിന്റെ ഭാഗം ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് വാടക/യൂസർചാർജ്ജ് നിശ്ചയിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവുകളിൽ നിർദ്ദേശമുണ്ട്. എന്നാൽ ആയവ പാലിക്കപ്പെട്ടിട്ടില്ല. റോഡ് മുറിക്കുന്നതിന് അനുമതി നല്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ഭരണസമിതിയുടെ തീരുമാനം പരിശോധനക്കായി ഹാജരാക്കുകയുണ്ടായില്ല. ഈയിനത്തിലുണ്ടായ നഷ്ടം ഈടാക്കുന്നതിന് ഉചിതമായ നടപടികൾക്കായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 അക്വാഗ്രീൻമാർട്ട്-പ്രത്യേകമായി വൈദ്യുതകണക്ഷൻ ലഭിക്കുന്നത് വരെ ജില്ലാപഞ്ചായത്ത് ഒടുക്കിയ വൈദ്യുതചാർജിനത്തിലുള്ള തുക തിരികെ ഈടാക്കിയില്ല

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2016-2017 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോ.നം.719/17) ജില്ലാ പഞ്ചായത്ത് വികസനകേന്ദ്രം കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോറിൽ (CF-34/762/F) ആധുനിക സൗകര്യങ്ങളോട് കൂടിയ ഫിഷ് മാർട്ടും വിഷരഹിത പച്ചക്കറി വിപണനകേന്ദ്രവും (അക്വാഗ്രീൻ മാർട്ട്) പ്രവർത്തനമാരംഭിക്കുകയുണ്ടായി. കൃഷി, ഫിഷറീസ് വകുപ്പുകൾക്ക് കീഴിൽ യഥാക്രമം പ്രവർത്തിക്കുന്ന പേരാവൂർ ബ്ലോക്ക് തല പച്ചക്കറി ഫെഡറേറ്റഡ് സമിതി, എടക്കാട്-കണ്ണൂർ സിറ്റി മത്സ്യതൊഴിലാളി വികസനക്ഷേമസഹകരണസംഘം എന്നീ സ്ഥാപനങ്ങൾക്കാണ് അക്വാഗ്രീൻ മാർട്ടിൽ പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. 2016 സെപ്തംബർ മാസത്തിൽ പ്രവർത്തനമാരംഭിച്ച പ്രസ്തുതസ്ഥാപനങ്ങളുമായി ജില്ലാപഞ്ചായത്ത് ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം 01-10-2016 മുതൽ പ്രത്യേകമായി കണക്ഷൻ ലഭിക്കുന്നത് വരെയുള്ള കാലയളവിലെ വൈദ്യുതചാർജിനത്തിലുള്ള തുക ഓരോ മാസവും വരുന്ന വൈദ്യുതചാർജിന്റെ 3 മാസത്തെ ശരാശരി കണ്ടെത്തി ജില്ലാ പഞ്ചായത്ത് ഓഫീസിൽ അടക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 09/2017 മാസം മുതലാണ് പ്രസ്തുതസ്ഥാപനങ്ങൾ പ്രത്യേകമായി വൈദ്യുതചാർജ് ഒടുക്കുന്നത്.പ്രസ്തുത സ്ഥാപനങ്ങളുടെ പ്രതിമാസശരാശരി വൈദ്യുതചാർജ് 20,000/-രൂപയിലധികം വരുന്നതായി ഇതു സംബന്ധിച്ച് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാണ്. 10/2016 തീയതി മുതലുള്ള വൈദ്യുതചാർജ് ഇനത്തിലുള്ള തുക കണക്കാക്കി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ വൈദ്യുതചാർജിനത്തിൽ 2 ലക്ഷത്തിലധികം രൂപയുടെ അധികബാധ്യത ജില്ലാ പഞ്ചായത്തിനുണ്ടായി. അക്വാഗ്രീൻമാർട്ട് എന്ന സ്ഥാപനത്തിന് പ്രത്യേകമായി വൈദ്യുതികണക്ഷൻ ലഭിച്ചതിന് ശേഷം പ്രസ്തുതസ്ഥാപനത്തിലെ വൈദ്യുതി ഉപഭോഗവും അടവാക്കേണ്ട തുകയും സംബന്ധിച്ച് കെ എസ് ഇ ബി നൽകുന്ന ഡിമാന്റ് നോട്ടീസ് ജില്ലാ പഞ്ചായത്ത് ഓഫീസിൽ ലഭിക്കാത്തതിനാലാണ് പ്രസ്തുതസ്ഥാപനത്തിലെ വൈദ്യുതി ഉപയോഗത്തിന് വേണ്ടി ജില്ലാ പഞ്ചായത്ത് ചെലവഴിച്ച തുക പ്രസ്തുതസ്ഥാപനത്തിൽ നിന്ന് തിരിച്ചുപിടിക്കാതിരുന്നതെന്നും കെ എസ് ഇ ബി യുടെ ഡിമാന്റ് നോട്ടീസ് ലഭ്യമാക്കി തുക കണക്കാക്കി തിരിച്ചുപിടിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 77/28.11.2017-ന്

നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിക്കുയുണ്ടായി. വൈദ്യുത ചാർജിനത്തിൽ ഒടുക്കിയ തുക സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 അഗ്രോ മെഷിനറി കസ്റ്റം ഹയറിംഗ് സെന്ററിലെ റോട്ടവേറ്റർ വാടക ഈടാക്കിയതിലെ കുറവ്-9,810/-രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി), കണ്ണൂർ ഓഫീസിലെ അഗ്രോ മെഷിനറി കസ്റ്റം ഹയറിംഗ് സെന്ററിലെ റോട്ടവേറ്റർ 06-04-2015 മുതൽ 02-06-2015 വരെ 57 ദിവസം 330/-രൂപ ദിവസ വാടകക്ക് ശ്രീ വിജയൻ സി, ചിറ്റയിലെ ഹൗസ്, ഏറ്റുകുടുക്ക, കരിവെള്ളൂർ എന്ന വ്യക്തിക്ക് വാടകക്ക് നലകിയിരുന്നു. വാടകയിനത്തിൽ അടക്കേണ്ടിയിരുന്ന 18,810/-രൂപയിൽ 9000/-രൂപ മാത്രമാണ് ടിയാനിൽ നിന്നും ഈടാക്കിയത് (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം. 103/16 തീയ്യതി 7.4.16 കാണുക). കുറവ് വന്ന 9,810/-രൂപ നാളിതുവരെയായും ഈടാക്കിയിട്ടില്ല. കുറവ് വന്ന 9810/-രൂപ പലിശ സഹിതം ടിയാനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-6 ഫാം റവന്യൂ അടവാക്കുന്നതിലെ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 23 പ്രകാരം ക്യാഷ്, മണി ഓഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുന്നുണ്ടെങ്കിൽ അതേ ദിവസം തന്നെയോ, തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ ജില്ലാ കൃഷി ഫാം തളിപ്പറമ്പ, സംസ്ഥാന വിത്തുൽപാദന കേന്ദ്രം കാങ്കോൽ എന്നീ ഫാമുകളുടെ റവന്യൂ രജിസ്റ്റർ, ക്യാഷ് ബുക്ക്,ഡി ഡി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഫാം റവന്യൂ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. പിരിവ് തുക അടക്കുന്നത് വരെ ക്യാഷായി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1-ജില്ലാ കൃഷി ഫാം തളിപ്പറമ്പ

| തീയതി(മുതൽ-വരെ) | ലഭിച്ച തുക | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തീയതി | റിമാർക്സ് |
|---|---|---|---|
| 31-03-2016 -07.04.2016 | 71,270 | 08-04-2016 | 8 ദിവസത്തെ പിരിവ് തുക |
| 07-11.-2016 - 11-11-2016 | 55,444 | 14-11-2016 | 5ദിവസത്തെ പിരിവ് തുക |

| | | | |
|---|---|---|---|
| 22-09-2016-<br>28-09-2016 | 1,14,944 | 29-09-2016 | 6ദിവസത്തെ പിരിവ് തുക |
| 16-12-2016-<br>21-12-2016 | 81,169 | 22-12-2016 | 5ദിവസത്തെ പിരിവ് തുക |

2-സംസ്ഥാന വിത്തുൽപാദന കേന്ദ്രം കാങ്കോൽ

| തീയതി(മുതൽ-വരെ) | ലഭിച്ച തുക | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തീയതി | റിമാർക്സ് |
|---|---|---|---|
| 4-11-16-<br>13-12-16 | 77612 | 16-12-2016 | 30ദിവസത്തെ പിരിവ് തുക |
| 30-09-2016-<br>3-11-2016 | 60311 | 5-11-2016 | 24ദിവസത്തെ പിരിവ് തുക |
| 24-12-2016-<br>23-01-2017 | 1,14,944 | 25-01-2017 | 23ദിവസത്തെ പിരിവ് തുക |

3-സംസ്ഥാന വിത്തുല്പാദന കേന്ദ്രം വേങ്ങാട്

| തീയതി( മുതൽ - വരെ ) | ലഭിച്ച തുക | ജില്ലാപഞ്ചായത്തിൽ അടവാക്കിയ തീയ്യതി |
|---|---|---|
| 28-03-2016 - 17-05-2016 | 255277 | 27-05-2016 |
| 23-05-2016 - 07-06-2016 | 353047 | 09-06-2016 |
| 10-06-2016 - 17-06-2016 | 103537 | 22-06-2016 |
| 21-06-2016 - 25-07-2016 | 47177 | 28-07-2016 |
| 29-07-2016 - 09-09-2016 | 63110 | 19-09-2016 |

| | | |
|---|---|---|
| 22-09-2016 - 14-10-2016 | 39113 | 18-10-2016 |
| 18-10-2016 - 19-11-2016 | 48371 | 21-11-2016 |
| 22-11-2016 - 01-12-2016 | 117217 | 09-12-2016 |
| 07-12-2016 - 21-12-2016 | 17183 | 26-12-2016 |
| 27-12-2016 - 21-01-2017 | 267631 | 23-01-2017 |
| 02-02-2017 - 16-02-2017 | 49798 | 18-02-2017 |
| 17-02-2017 - 23-02-2017 | 113761 | 25-02-2017 |
| 25-02-2017 - 18-03-2017 | 189456 | 21-03-2017 |
| 20-03-2017 - 12-04-2017 | 158060 | 18-04-2017 |

4) അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘത്തിൽ നിന്ന് ലഭിക്കേണ്ട തുക കൃത്യമായി വാങ്ങി ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നില്ല.

സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് പ്രവർത്തിക്കുന്ന പശു വളർത്തു കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പാൽ അഞ്ചരക്കണ്ടി ക്ഷീരോൽപാദക സഹകരണസംഘത്തിനാണ് നൽകുന്നത് . ഈയിനത്തിൽ ലഭിക്കേണ്ടുന്ന തുക സഹകരണ സംഘത്തിൽ നിന്നും അതാത് മാസങ്ങളിൽ ഈടാക്കി ജില്ലാപഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കാലയളവ് | തുക | തുക ഫാമിൽ ലഭിച്ച രശീതി/ തീയതി | ജില്ലാപഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|
| 01-10-2016 - 31-10-2016 | 37508 | 208/69 തീയതി 20-01-2017 | 23-01-2017 |
| 01-11-2016 - | 544460.8 | | |

| | | | |
|---|---|---|---|
| 30-11-2016 | | | |
| 01-12-2016 - 31-12-2016 | 47725 | | |
| 01-01-2017 - 31-01-2017 | 42544.8 | 210/03തീയതി 18-03-2017 | 21-03-2017 |
| 01-02-2017 - 28-02-2017 | 38440.8 | | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക കൃത്യമായി ജില്ലാ പഞ്ചായത്തിൽ ഒടുക്കാൻ ശ്രമിക്കുന്നതാണ് എന്നും ക്ഷീരോൽപാദക സഹകരണസംഘത്തിൽ നിന്നും പാൽ വില കൃത്യമായി വരവ് വെക്കാൻ ശ്രദ്ധ പുലർത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പിരിവ് തുക അടവാക്കുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 കാർഷിക പരമ്പരാഗത വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേള - സ്റ്റാൾ വാടക - നേരിട്ടുള്ള ധന വിനിയോഗം ക്രമ പ്രകാരമല്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങൾ 2011, ചട്ടം 23 പ്രകാരം ക്യാഷ്, മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുന്നുണ്ടെങ്കിൽ അതേ ദിവസം തന്നെയോ, തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. കൂടാതെ ചട്ടം 19(3) പ്രകാരം ലഭിച്ച തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെ ഏതെങ്കിലും ചെലവിന് വേണ്ടി ഉപയോഗിക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജറുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന തീയതികളിൽ കാർഷിക പരമ്പരാഗത വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേളയിലെ (പ്രോജക്ട് നം - 373 /17) സ്റ്റാൾ വാടക ഇനത്തിൽ വരവ് വന്ന തുകയിൽ മുഴുവൻ തുകയും ജില്ലാ പഞ്ചായത്തിൽ അടക്കാതെ നേരിട്ട് ധന വിനിയോഗം നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| തീയതി | ലഭിച്ച തുക | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തുക - തീയതി | നേരിട്ട് ധന വിനിയോഗം നടത്തിയ തുക |
|---|---|---|---|
| 13.04.2016 | 89000 | 50000- 13.04.2016 | 39000 |

| | | | |
|---|---|---|---|
| 13.09.2016 | 93000 | 38600 – 17.09.2016 | 54400 |
| 31.12.2016 | 95000 | 47925 – 03.01.2017 | 47075 |
| ആകെ | | | 140475 |

വിപണനമേളകളിൽ പ്രാരംഭഘട്ടങ്ങളിൽ വരുന്ന ചെലവുകൾക്ക് വേണ്ടി താൽക്കാലികമായി സ്റ്റാൾ വാടകയിനത്തിൽ ലഭിച്ച തുക ഉപയോഗിച്ചതാണെന്നും ഇനി മുതൽ വിപണനമേളയുടെ പ്രാരംഭചെലവുകൾക്കുള്ള തുക ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വാങ്ങി പ്ലാൻ ഫണ്ട് ലഭിക്കുമ്പോൾ തിരിച്ചടക്കുന്നതുമാണെന്ന് ജില്ലാ വ്യവസായകേന്ദ്രം മാനേജർ (ജില്ലാ പഞ്ചായത്ത്) അറിയിക്കുകയുണ്ടായി.

## **2-8** <u>സംസ്ഥാന വിത്തുല്പാദന കേന്ദ്രം വേങ്ങാട് -- ലേലം തുകയുടെ മൂല്യവർദ്ധിത നികുതി വാണിജ്യ നികുതി വകുപ്പിൽ ഒടുക്കിയില്ല</u>

കശുവണ്ടി,കുരുമുളക്, അടക്ക എന്നിവ ലേലം ചെയ്ത് നൽകിയ വകയിൽ വരവ് വന്ന മൂല്യവർദ്ധിത നികുതി വാണിജ്യ നികുതി വകുപ്പിൽ അടവാക്കാതെ ഫാം വരവായി ജില്ലാ പഞ്ചായത്തിലാണ് ഒടുക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ഇനം | ലേല തുക | വാറ്റ് ഇനത്തിൽ വരവ് വന്ന തുക | രശീതി നമ്പർ | ജില്ലാപഞ്ചായത്തിൽ അടവാക്കിയ തീയ്യതി |
|---|---|---|---|---|
| കശുവണ്ടി ലേലം | 494 | 247 | 869/16 dtd 17-06-2016 | 22-06-2016 |
| അടക്ക (തിരിവ് ) ലേലം | 3619 | 181 | 869/18 dtd 17-06-2017 | 22-06-2016 |
| കുരുമുളക് ലേലം | 27720 | 1385 | 869/19 dtd 17-06-2017 | 22-06-2016 |
| അടക്ക ലേലം | 249920 | 2496 | 869/22 dtd 17-06-2017 | 22-06-2016 |

| | | | | |
|---|---|---|---|---|
| ആകെ | | 4309 | | |

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നികുതി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിക്കുന്നതും നികുതി ഒടുക്കിയതിന് ശേഷം വിവരം അറിയിക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. മൂല്യവർദ്ധിത നികുതി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഒരേ കാലയളവിലെ ക്ഷാമബത്തകുടിശ്ശിക രണ്ടു പ്രാവശ്യം അനുവദിച്ചു - 1,31,365/- രൂപ അധികം നൽകി--അധികം നൽകിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്

ജില്ലാ പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ എം.കെ ശ്രീജിത്ത് എന്നവർക്ക് വൗച്ചർ നമ്പർ 21600833/28-10-2016 പ്രകാരം 06-05-2013 തീയതി മുതൽ 28-09-2016 വരെയുള്ള കാലയളവിലെ ശമ്പള ഇൻക്രിമെന്റ് കുടിശ്ശിക 1,19,633/-രൂപയും വൗച്ചർ നമ്പർ 21600834/28-10-2016 പ്രകാരം 06-05-2013 തീയതി മുതൽ 28-09-2016 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക 2,35,136/-രൂപയും ഉൾപ്പെടെ ആകെ 3,54,769/-രൂപ സെക്രട്ടറിയുടെ 27-10-2016 തീയതിയിലെ സി1-2192/2011 നമ്പർ നടപടിക്രമം പ്രകാരം (31.01.2017-ന് സേവനത്തിൽ നിന്ന് വിരമിക്കുന്നത് കണക്കിലെടുത്ത്) പണമായി അനുവദിക്കുകയുണ്ടായി. 06-05-2013 തീയതി മുതൽ 28-09-2016 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക നേരത്തെ തന്നെ ടിയാന്റെ പ്രൊവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ ശമ്പള ഇൻക്രിമെന്റ് കുടിശ്ശികക്ക് ആനുപാതികമായ ക്ഷാമബത്തക്ക് മാത്രമാണ് ടിയാന് അർഹതയുള്ളത്. എന്നാൽ ശമ്പള ഇൻക്രിമെന്റ് കുടിശ്ശികയോടൊപ്പം പ്രതിമാസ ശമ്പളത്തിന് ആനുപാതികമായ നിരക്കിൽ ക്ഷാമബത്തകുടിശ്ശിക കൂടി ടിയാന് അനുവദിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ശമ്പള രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്ഷാമബത്തകുടിശ്ശിക പ്രൊവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചതിന്റെ വിവരങ്ങൾ

| ക്രമനമ്പർ | കാലയളവ് | നിരക്ക് | ലയിപ്പിച്ച തുക | ശമ്പള ഇൻക്രിമെന്റ് കുടിശ്ശികക്കൊപ്പം ലയിപ്പിച്ച തുക (ശമ്പള രജിസ്റ്റർ പ്രകാരം) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | 01-01-13മുതൽ | 53% | 21,906 | 3,096 | ജി.ഒ(പി) |

| | | | | | |
|---|---|---|---|---|---|
| | 31-05-13 വരെ | | | | 220/13 ഫിൻ തീയതി 14-05-2013 |
| 2 | 01-07-13 മുതൽ 31-12-13 വരെ | 63% | 27,684 | 27,684 | ജി.ഒ(പി) 630/13 ഫിൻ തീയതി 23-12-2013 |
| 3 | 01-01-14 മുതൽ 31-05-14 വരെ | 73% | 27,684 | 27,684 | ജി.ഒ(പി) 221/14 ഫിൻ തീയതി 16-06-2014 |
| 4 | 01-07-14 മുതൽ 28-2-2015 വരെ | 80% | 25,840 | 25,840 | ജി.ഒ(പി) 72/15ഫിൻ തീയതി 07-02-2015 |
| 5 | 01-01-15 മുതൽ 31-07-15 വരെ | 86% | 22,144 | 22,144 | ജി.ഒ(പി) 335/15ഫിൻ തീയതി 07-08-2015 |
| 6 | 01-07-15 മുതൽ 30-11-15 വരെ | 92% | 13,845 | 13,845 | ജി.ഒ(പി) 525/15ഫിൻ തീയതി 18-11-2015 |
| 7 | 01-01-16 മുതൽ 30-04-16 വരെ | 98% | 11,072 | 11,072 | ജി.ഒ(പി) 61/16ഫിൻ തീയതി 05-05-2016 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | 1,31,365 | |

അധികം വാങ്ങിയ ക്ഷാമബത്തകുടിശ്ശികയുടെ വിവരങ്ങൾ.

| ക്രമ നമ്പർ | അർഹമായ ശമ്പളം | വാങ്ങിയ ശമ്പളം | കുടിശ്ശിക ശമ്പളം | അർഹമായ ക്ഷാമ ബത്ത | അർഹമായ ക്ഷാമ ബത്ത നിരക്ക് | അനുവദിച്ച ക്ഷാമ ബത്ത | അധികം നൽകിയ ക്ഷാമ ബത്ത (കോളം 7-5) | മാസം |
|---|---|---|---|---|---|---|---|---|
| 1 | 39117 | 38279 | 838 | 444 | 53% | 3540 | 3096 | 06-05-13 to 31-05-13 |
| 2 | 47140 | 46140 | 1000 | 530 | --ടി-- | 530 | 0 | 06/13 |
| 3 | 47140 | 46140 | 1000 | 630 | 63% | 5244 | 4614 | 07/13 |
| 4 | 47140 | 46140 | 1000 | 630 | 63% | 5244 | 4614 | 08/13 |
| 5 | 47140 | 46140 | 1000 | 630 | 63% | 5244 | 4614 | 09/13 |
| 6 | 47140 | 46140 | 1000 | 630 | 63% | 5244 | 4614 | 10/13 |
| 7 | 48140 | 46140 | 2000 | 1260 | 63% | 5874 | 4614 | 11/13 |
| 8 | 48140 | 46140 | 2000 | 1260 | 63% | 5874 | 4614 | 12/13 |
| 9 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | 01/14 |
| 10 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | 02/14 |
| 11 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | 03/14 |
| 12 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | SLS |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 04/14 |
| 13 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | 04/14 |
| 14 | 48140 | 46140 | 2000 | 1460 | 73% | 6074 | 4614 | 05/14 |
| 15 | 48140 | 46140 | 2000 | 1460 | 73% | 1460 | 0 | 06/14 |
| 16 | 48140 | 46140 | 2000 | 1600 | 80% | 4830 | 3230 | 07/14 |
| 17 | 48140 | 46140 | 2000 | 1600 | 80% | 4830 | 3230 | 08/14 |
| 18 | 48140 | 46140 | 2000 | 1600 | 80% | 4830 | 3230 | 09/14 |
| 19 | 48140 | 46140 | 2000 | 1600 | 80% | 4830 | 3230 | 10/14 |
| 20 | 49140 | 46140 | 3000 | 2400 | 80% | 5630 | 3230 | 11/14 |
| 21 | 49140 | 46140 | 3000 | 2400 | 80% | 5630 | 3230 | 12/14 |
| 22 | 49140 | 46140 | 3000 | 2580 | 86% | 8578 | 5998 | 01/15 |
| 23 | 49140 | 46140 | 3000 | 2580 | 86% | 8578 | 5998 | 02/15 |
| 24 | 49140 | 46140 | 3000 | 2580 | 86% | 5348 | 2768 | 03/15 |
| 25 | 49140 | 46140 | 3000 | 2580 | 86% | 5348 | 2768 | SLS 04/15 |
| 26 | 49140 | 46140 | 3000 | 2580 | 86% | 5348 | 2768 | 04/15 |
| 27 | 49140 | 46140 | 3000 | 2580 | 86% | 5348 | 2768 | 05/15 |
| 28 | 49140 | 46140 | 3000 | 2580 | 86% | 5348 | 2768 | 06/15 |
| 29 | 49140 | 46140 | 3000 | 2760 | 92% | 8297 | 5537 | 07/15 |
| 30 | 49140 | 46140 | 3000 | 2760 | 92% | 5529 | 2769 | 08/15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 31 | 49140 | 46140 | 3000 | 2760 | 92% | 5529 | 2769 | 09/15 |
| 32 | 49140 | 46140 | 3000 | 2760 | 92% | 5529 | 2769 | 10/15 |
| 33 | 50240 | 46140 | 4100 | 3772 | 92% | 6541 | 2769 | 11/15 |
| 34 | 50240 | 46140 | 4100 | 3772 | 92% | 3772 | 0 | 12/15 |
| 35 | 50240 | 46140 | 4100 | 4018 | 98% | 6786 | 2768 | 01/16 |
| 36 | 50240 | 46140 | 4100 | 4018 | 98% | 6786 | 2768 | 02/16 |
| 37 | 50240 | 46140 | 4100 | 4018 | 98% | 6786 | 2768 | 03/16 |
| 38 | 50240 | 46140 | 4100 | 4018 | 98% | 6786 | 2768 | 04/16 |
| ആകെ | | | 95438 | 80150 | | 211515 | 1,31,365 | |

മേൽ സൂചിപ്പിച്ച പ്രകാരം 1,31,365/- രൂപ ക്ഷാമബത്തകുടിശ്ശികയിനത്തിൽ സെക്രട്ടറിക്ക് അധികം അനുവദിച്ചത് ക്രമപ്രകാരമല്ല. അധികം നൽകിയ 1,31,365/- രൂപ പലിശസഹിതം ഈടാക്കേണ്ടതാണ്. സെക്രട്ടറിയുടെ ശമ്പളവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൽ നേരത്തെ അനുവദിച്ചിട്ടുള്ള ക്ഷാമബത്തകുടിശ്ശികയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടും ഇതേ ക്ഷാമബത്തകുടിശ്ശിക വീണ്ടും അനുവദിക്കുവാനിടയായത് ഗുരുതരമായ വീഴ്ചയാണ്.
ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ഫിനാൻസ് ഓഫീസർ തുടങ്ങി സൂപ്പർവൈസറി തസ്തികയിലുള്ള നിരവധി ഉദ്യോഗസ്ഥരുണ്ടായിട്ടും മേൽ സൂചിപ്പിച്ച പ്രകാരം കുടിശ്ശിക അധികം നൽകിയത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ കാര്യക്ഷമതയില്ലായ്മയാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ദിവസവേതന നിയമനം-അധികനിരക്ക് നൽകിയത് ക്രമപ്രകാരമല്ല-28,400/-രൂപ അധികം നൽകിയത് തിരിച്ചുപിടിക്കേണ്ടതാണ്.

സർക്കാരിന്റെ 26-02-2016 തീയതിയിലെ ജി.ഒ(പി) 28/2016 ഫിൻ നമ്പർ ഉത്തരവ് പ്രകാരം 01-04-2016 തീയതി മുതൽ പ്രാബല്യത്തിൽ കാറ്റഗറി ഒന്ന് വിഭാഗത്തിലുൾപ്പെടുന്ന തസ്തികകളിലെ ദിവസവേതനനിരക്ക് 600/-രൂപയും ഒരു മാസം അനുവദിക്കാവുന്ന പരമാവധി നിരക്ക് 16,200/-രൂപയുമാണ്. നൈറ്റ് വാച്ച്മാൻ എന്ന തസ്തിക (ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർ തന്നെയാണ് നൈറ്റ് വാച്ച്മാൻമാരായി നിയമിക്കപ്പെടുന്നത്) കാറ്റഗറി ഒന്ന് വിഭാഗത്തിലുൾപ്പെടുന്നതാണ്. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നൈറ്റ് വാച്ച്മാൻമാരായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായവർക്ക് പ്രതിദിനം 675/-രൂപ

നിരക്കിലും പ്രതിമാസം 18900/-രൂപയും അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 21600036/ 05-04-2016 | 12,400 | 10,850 | 1,550 | ശ്രീ പി ഹംസ എന്നവർക്ക് 2016 മാർച്ച് മാസത്തെ 31 ദിവസത്തെ വേതനം പ്രതിദിനം 400/-രൂപ നിരക്കിൽ അനുവദിച്ചത്(ജി.ഒ (പി) 446/14 ഫിൻ തീയതി 28-10-2014 പ്രകാരം ക്ലാസ് ഫോർ വിഭാഗത്തിലുൾപ്പെടുന്ന തസ്തികകൾക്കുള്ള ദിവസവേതനനിരക്ക് 350/- ആണ്) |
| 2 | 21600127/ 05-05-2016 | 18,900 | 16,200 | 2,700 | ശ്രീ പി ഹംസ എന്നവർക്ക് 2016 ഏപ്രിൽ മാസത്തെ 30 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 3 | 21600231/ 07-06-2016 | 18,900 | 16,200 | 2,700 | -ശ്രീ പി ഹംസ എന്നവർക്ക് 2016 മെയ് മാസത്തെ 30 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |

| | | | | | |
|---|---|---|---|---|---|
| 4 | 21600402/ 05-07-2016 | 18,900 | 16,200 | 2,700 | ശ്രീ പി ഹംസ എന്നവർക്ക് 2016 ജൂൺ മാസത്തെ 29 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 5 | 21600521/ 09-08-2016 | 11,475 | 10,200 | 1,275 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 ജൂലൈ മാസത്തെ 17 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 6 | 21600665/ 06-09-2016 | 18,900 | 16,200 | 2700 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 ആഗസ്ത് മാസത്തെ 31 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 7 | 21600796/ 07-10-2016 | 18,225 | 16,200 | 2,025 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 സെപ്തംബർ മാസത്തെ 27 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 8 | 21600881/ 05-11-2016 | 18,900 | 16,200 | 2,700 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 ഒക്ടോബർ മാസത്തെ 30 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |

| | | | | | |
|---|---|---|---|---|---|
| 9 | 21601038/ 08-12-2016 | 18,900 | 16,200 | 2,700 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 നവംബർ മാസത്തെ 29 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 10 | 21601119/ 05-01-2017 | 18,900 | 16,200 | 2,700 | ശ്രീ ഷൈജു കെ എന്നവർക്ക് 2016 ഡിസംബർ മാസത്തെ 29 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 11 | 21601239/ 03-02-2017 | 18,900 | 16,200 | 2,700 | ശ്രീ ഷൈജു കെ എന്നവർക്ക് 2017 ജനവരി മാസത്തെ 29 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| 12 | 21601401/ 03-03-2017 | 17,550 | 15,600 | 1,950 | ശ്രീ ഷൈജു കെ എന്നവർക്ക് 2017 ഫെബ്രുവരി മാസത്തെ 26 ദിവസത്തെ വേതനം പ്രതിദിനം 675/-രൂപ നിരക്കിൽ അനുവദിച്ചത് |
| | ആകെ അധികം | | | 28,400/-രൂപ | |

കാറ്റഗറി ഒന്നിൽ ഉൾപ്പെടുന്ന ഓഫീസ് അറ്റൻഡന്റ് (ലാസ്റ്റ് ഗ്രേഡ് സർവന്റ് ) തസ്തികയിൽ ഉൾപ്പെടുന്നതാണ് നൈറ്റ് വാച്ചമാൻ തസ്തിക. ആയതിനാൽ ഇതു സംബന്ധിച്ച് 28-11-2017 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 28,400/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ– പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം-5.49കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വൈദ്യുതചെലവ് കുറക്കുന്നതിനും അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി വാങ്ങി പ്രയോജനപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് 2016-2017 വാർഷികപദ്ധതിയിൽ ജില്ലാ പഞ്ചായത്ത് ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ എന്ന പ്രൊജക്ട് നടപ്പിലാക്കുകയുണ്ടായി.ജില്ലയിലെ തെരഞ്ഞെടുത്ത 23 ഗവർമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ജില്ലാ പഞ്ചായത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും സോളാർ പവർ സിസ്റ്റം സ്ഥാപിക്കുന്നതിനായി 2 പ്രൊജക്ടുകളാണ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയത്. പദ്ധതിയുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ ചുമതലപ്പെടുത്തുകയും എം.ഒ.യു വിൽ ഏർപ്പെടുകയുമുണ്ടായി. പ്രൊജക്ടുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരങ്ങൾ | ചെലവ് വിവരം | | റിമാർക്സ് |
|---|---|---|---|---|
| | | ബിൽ നമ്പർ/ തീയതി | തുക | |
| 1 | ഗവർമെന്റ് ഹൈസ്കൂളുകളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ,<br>പ്രൊജക്ട് നമ്പർ-835/17<br>അടങ്കൽ-4,06,21,894<br>ഫണ്ട് വിഭാഗം-വികസനഫണ്ട്-പൊതുവിഭാഗം (സാധാരണവിഹിതം) | 1007/16-17 /30-03-2017 | 4,06,21,894 | കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തു.<br>500KWp വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് |

| | | | | |
|---|---|---|---|---|
| 2 | ജില്ലാ പഞ്ചായത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ<br>പ്രൊജക്ട് നമ്പർ-833/17<br>അടങ്കൽ-1,43,13,000/-രൂപ<br>ഫണ്ട് വിഭാഗം -വികസനഫണ്ട്- പൊതുവിഭാഗം (സാധാരണവിഹിതം) | 930/16-17 /07-03-2017 | 1,43,13,000 | -----ടി------<br>170KWp വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് |
| | ആകെ | | 5,49,34,894 | |

പദ്ധതിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

<u>1)പദ്ധതി പൂർത്തീകരിക്കുന്നതിൽ ദീർഘമായ കാലതാമസം.</u>

ജില്ലാ പഞ്ചായത്തും KSEB യും പദ്ധതിയുടെ ഭാഗമായുള്ള എം.ഒ.യു വിൽ ഏർപ്പെട്ടത് 30.03.2017 തീയതിയിലാണ്. ചീഫ് എൻജിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് ),കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നൽകിയ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം ദർഘാസ് കാലാവധി 90 ദിവസവും പ്രൊജക്ട് പൂർത്തീകരണ കാലയളവ് 180 ദിവസവുമാണ്.എന്നാൽ പ്രസ്തുത കാലാവധി കഴിയാറായിട്ടും പ്രൊജക്ടിന്റെ ടെണ്ടർ മാത്രമാണ് നടന്നിട്ടുള്ളത്.പദ്ധതിയുമായി ബന്ധപ്പെട്ട് 30-03-2017 തീയതിയിൽ ഒപ്പു വയ്ക്കപ്പെട്ട എം ഒ യു പ്രകാരം പദ്ധതി പൂർത്തീകരണ കാലയളവ് വർക്ക് സൈറ്റ് കൈമാറുന്നത് മുതൽ 8 മാസം ആണെന്നും 2018 മാർച്ച് മാസത്തോട് കൂടി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പ്രൊജക്ട് റിപ്പോർട്ടിൽ പൂർത്തീകരണ കാലയളവ് 180 ദിവസവും എം.ഒ.യു വിൽ 8 മാസവും രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല ടെണ്ടർ നടപടി പൂർത്തിയാക്കി നാളിതുവരെ

സൈറ്റ് കൈമാറിയിട്ടുമില്ല. പ്രൊജക്ട് നിർവഹണത്തിൽ നിർവഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള കാലതാമസം മൂലം ജില്ലാ പഞ്ചായത്ത് ചെലവഴിച്ച കോടിക്കണക്കിന് രൂപ ഫലപ്രാപ്തിയിലെത്തുന്നതിന് കാലതാമസമുണ്ടാകുന്നു.

2). നഗരസഭയുടെ അധീനതയിലുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കി

ഒരു കിലോ വാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 10 m2റൂഫ് ടോപ്പ് ഏരിയ ആവശ്യമാണെന്നത് കണക്കിലെടുത്താണ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.ജില്ലാ പഞ്ചായത്തിലും കൈമാറിക്കിട്ടിയ 7 സ്ഥാപനങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി തയ്യാറാക്കി സമർപ്പിച്ച പ്രൊജക്ട് റിപ്പോർട്ടിൽ കണ്ണൂർ കോർപ്പറേഷന്റെ കീഴിലുള്ള സെൻട്രൽ മാർക്കറ്റ്-കണ്ണൂർ,ആയിക്കര മോഡേൺ ഫിഷ് മാർക്കറ്റ് എന്നീ സ്ഥാപനങ്ങൾ കൂടി ഉൾപ്പെടുത്തിയിരുന്നു.എന്നാൽ എം.ഒ.യു വിൽ നിന്ന് ജില്ലാ പഞ്ചായത്തിന്റെ കീഴിലല്ലാത്ത പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. 20KWp കപ്പാസിറ്റിയുള്ള സെൻട്രൽ മാർക്കറ്റ്-കണ്ണൂർ, 22KWp കപ്പാസിറ്റിയുള്ള ആയിക്കര മോഡേൺ ഫിഷ് മാർക്കറ്റ് എന്നിവയിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ച പ്ലാന്റുകൾ കൂടി ജില്ലാ കൃഷി ഫാമിൽ സ്ഥാപിക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.പ്രൊജക്ട് റിപ്പോർട്ട് പ്രകാരം 12KWpഫീസിബിൾ പ്ലാന്റ് കപ്പാസിറ്റിയുള്ള (ആകെ ഏരിയ-176m2, പരമാവധി സ്ഥാപിക്കുവാൻ സാധ്യമാകുന്നത് 18KWp) ജില്ലാ കൃഷി ഫാമിൽ അധീഷണലായി 42 KWp പ്ലാന്റ് കൂടി സ്ഥാപിക്കുവാൻ സാധ്യമാവുന്നതെങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല. ചീഫ് എൻജിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ്), തിരുവനന്തപുരത്തിന്റെ കാര്യലയത്തിൽ നിന്നും നടത്തിയ സർവ്വെയിൽ ജില്ലാ കൃഷി ഫാം കെട്ടിടങ്ങളുടെ മേൽക്കൂരയിൽ ഏകദേശം 400 Kwp ഫീസിബിൾ പ്ലാന്റ് കപ്പാസിറ്റിയുള്ളതായി മനസ്സിലാക്കിയിട്ടുണ്ട് എന്നാണ് ജില്ലാ പഞ്ചായത്ത് അറിയിച്ചത്. (എൻക്വയറി നം.13/31.10.2017) എന്നാൽ സർവ്വെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി നിർവ്വഹണം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡെപ്പോസിറ്റ് തുക ആസ്തിയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല.

2017 മാർച്ച് മാസത്തിലാണ് 5.49 കോടി രൂപ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സൈറ്റ് കൈമാറുന്നതിന് പോലും നാളിതുവരെയായും (12/2017വരെ) സാധിച്ചിട്ടില്ല. പൂർത്തീകരിക്കാത്ത പ്രസ്തുത പ്രവൃത്തി ബാലൻസ് ഷീറ്റിലെ ബി.11 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയത് ശരിയല്ല. 2016-17 വർഷത്തെ ബാലൻസ് ഷീറ്റിൽ മൈക്രോ ഹൈഡൽ പ്രൊജക്ട് എന്ന നിലയിൽ ആസ്തിയായി രേഖപ്പെടുത്തിയെങ്കിലും ഇതുവരെയായും ആസ്തി രൂപീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി നിർവഹണം പൂർത്തികരിക്കാത്തതിനാലും നടത്തിപ്പിൽ മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാലും 5,49,34,894/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ,കൺവീനർമാർ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-പദ്ധതിപ്പണം പാഴാവുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ വിവിധ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തി സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേനയും വിവിധ കൺവീനർമാർ മുഖേനയും നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ആരംഭിച്ച് വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുകയാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ നിർവഹണം നടത്തിയ കുടിവെള്ള പ്രൊജക്ടുകളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാതെ കിടക്കുകയാണ്. 2003-2004 വർഷത്തിൽ ആരംഭിച്ച പ്രൊജക്ടുകൾ പോലും പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസികൾക്ക് സാധിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി നൽകിയെങ്കിലും എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി നൽകിയ മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 4 കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് പേര് | ആരംഭിച്ച വർഷം | നിർവഹണ ഏജൻസി | ഇതുവരെയുള്ള ചെലവ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | കാട്ടാമ്പള്ളി ചിറ ഒന്നാം ഘട്ടം | 2011-12 | എസ്.ഇ.യു.എഫ് | 6,62,400 | ഒന്നാമത്തെ വാട്ടർ ടാങ്ക് പൂർത്തീകരിച്ചു. രണ്ടാമത്തേത് പൂർത്തിയായിട്ടില്ല. പദ്ധതി പൂർത്തീകരിക്കുവാൻ 31-12-2017വരെ സമയം അനുവദിക്കാൻ ജില്ലാപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. |
| 2 | നെല്ലിയാട്ട് കുടിവെള്ള പദ്ധതി | 2011-12 | എസ്.ഇ.യു.എഫ് | 8,33,280 | പമ്പിംഗ് മെയിൻ പമ്പ് സ്ഥാപിക്കൽ, വൈദ്യുതീകരണം |

| | | | | | |
|---|---|---|---|---|---|
| | | | | | എന്നിവ പൂർത്തീകരിക്കുവാൻ ബാക്കിയാണ്. ഗുണഭോക്തൃ സമിതിയുടെ സഹകരണം കൃത്യമായി ലഭിക്കാത്തതിനാൽ പദ്ധതി വൈകുന്നതായി നിർവഹണ ഏജൻസി അറിയിക്കുകയുണ്ടായി. |
| 3 | ചേറ്റടി എസ്.ടി കോളനി കുടിവെള്ള പദ്ധതി | 2003-04 | ഗുണഭോക്തൃ സമിതി കൺവീനർ | 10,21,624 | പദ്ധതിയുടെ മുൻ കൺവീനർ ശ്രീജോജോ തോണക്കര പദ്ധതി പൂർത്തികരിക്കാതെ വിദേശത്ത് പോയി. പുതിയ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള ശ്രമം നടക്കുന്നു. മുൻ കൺവീനർ ക്കെതിരെ നിയമനടപടി ആരംഭിക്കുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 4 | കുപ്പോൾ മാടക്കാംപൊയിൽ കുടിവെള്ള പദ്ധതി | 2003-04 | കൺവീനർ വർക്ക് | 11,60,635 | പദ്ധതി പ്രവർത്തനക്ഷമമാ ണെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചതായും ഫൈനൽ ബിൽ , സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും സെക്രട്ടറി അറിയിക്കുകയുണ്ടായി. |

കുടിവെള്ള പദ്ധതികൾ കരാർ പ്രകാരം പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായതിന് നിർവഹണ ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതികളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രൊജക്ടുകളിൽ ഏറ്റവും മുന്തിയ പരിഗണന നൽകേണ്ട കുടിവെള്ള പദ്ധതികൾ പോലും പൂർത്തീകരിക്കാനാവാതെ അനിശ്ചിതമായി വൈകുന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 <u>ധനവിനിയോഗസാക്ഷ്യപത്രമില്ല- 99 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല--ചെലവ് തടസ്സപ്പെടുത്തുന്നു.</u>

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി 2016-2017 വാർഷികപദ്ധതിയിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകുകയും കേരള സാമൂഹ്യ സുരക്ഷാമിഷന് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുകയുമുണ്ടായി. ധനവിനിയോഗ സാക്ഷ്യപത്രമില്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് ധനസഹായം/വിഹിതം ഇനത്തിൽ അനുവദിച്ച തുക സ്ഥാപനതലത്തിൽ വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരങ്ങൾ | ചെലവ് വിവരം | | റിമാർക്സ് |
|---|---|---|---|---|
| | | ബിൽ നമ്പർ/ തീയതി | തുക | |

| | | | | |
|---|---|---|---|---|
| 1 | കോറളായി കുടിവെള്ള പദ്ധതി(മയ്യിൽ ഗ്രാമപഞ്ചായത്തിന് ധനസഹായം)<br>പ്രൊജക്ട് നമ്പർ-24/17<br>അടങ്കൽ- 29,90,447/-രൂപ<br>ഫണ്ട് വിഭാഗം- വികസനഫണ്ട്- എസ്.സി.പി(ജില്ലാ പഞ്ചായത്ത് വിഹിതം)- 20,00,000/-രൂപ<br>മയ്യിൽ ഗ്രാമപഞ്ചായത്ത് വിഹിതം- 9,90,447/-രൂപ | 806/16-17 /21-01-2017<br>(ഡി ഡി നമ്പർ -917373/ 01-02-2017) | 20,00,000 | ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല<br>(ഫയൽ നമ്പർ- എ4-545/16) |
| 2 | നിരന്തോട്കുടിവെള്ള പദ്ധതി(മയ്യിൽ ഗ്രാമപഞ്ചായത്തിന് ധനസഹായം)<br>പ്രൊജക്ട് നമ്പർ-25/17<br>അടങ്കൽ- 25,57,911/-രൂപ<br>ഫണ്ട് വിഭാഗം- വികസനഫണ്ട്- എസ്.സി.പി(ജില്ലാ പഞ്ചായത്ത് | 807/16-17 /21-01-2017<br>(ഡി.ഡി.നമ്പർ- 917365/ 01-02-2017) | 15,00,000 | ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല<br>(ഫയൽ നമ്പർ- എ4-543/16) |

| | | | | |
|---|---|---|---|---|
| | വിഹിതം)- 15,00,000/-രൂപ<br>മയ്യിൽ ഗ്രാമപഞ്ചായത്ത് വിഹിതം- 10,57,911/-രൂപ | | | |
| 3 | ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിന് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം<br>പ്രൊജക്ട് നമ്പർ- 827/17<br>അടങ്കൽ- 80,00,000/-രൂപ<br>ഫണ്ട് വിഭാഗം- വികസനഫണ്ട് (പൊതുവിഭാഗം- സാധാരണവിഹിതം)<br>(ഫയൽ നമ്പർ- എം-590/17) | 986/16-17 /25-03-2017 | 12,00,000/- (തില്ലങ്കേരി ഗ്രാമപഞ്ചായത്ത്) | തുക കൈപ്പറ്റിയതിന്റെ രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഇല്ല |
| | | 1005/16-17 /30-03-2017 | 40,00,000/-<br>(മൊകേരി,രാമന്തളി ഗ്രാമപഞ്ചായ ത്തുകൾക്ക് 12 ലക്ഷം വീതം,ചെങ്ങളായി ഗ്രാമപഞ്ചായത്തിന് 16 ലക്ഷം) | തുക കൈപ്പറ്റിയതിന്റെ രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഇല്ല |
| | | 1006/16-17 /31-03-2017 | 12,00,000/-(എടക്കാട് ബ്ലോക്ക് പഞ്ചായത്ത്) | തുക കൈപ്പറ്റിയതിന്റെ<br>രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഇല്ല |
| | ആകെ | | 99,00,000 രൂപ | |

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരമുള്ള വിനിയോഗം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 99 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം

നിരീക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ഇല്ലാത്ത കാര്യം യുക്തമായ നടപടികൾക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-6** തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുള്ള പദ്ധതിയിൽ **(ABC)** ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച **71,34,000/-** രൂപ ചെലവഴിക്കാതെ കിടക്കുന്നു.

മാതൃകാപരവും ശ്രദ്ധേയവുമായതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ ഒരു പദ്ധതിയാണ് എ.ബി.സി. പദ്ധതി. തെരുവ് നായ്ക്കളുടെ ക്രമാതീതമായ വർദ്ധനവ്മൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് രൂക്ഷമായതിനെതുടർന്ന് ജില്ലയിലെ തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണ പരിപാടി - 'ആനിമൽ ബർത്ത് കൺട്രോൾ' (ABC) എന്ന പേരിൽ 2016-17 വർഷം തയ്യാറാക്കിയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു (പ്രോജക്റ്റ് നം.404/17). ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്ന ഈ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 2.89 കോടി രൂപയുമാണ് തൻവർഷം വകയിരുത്തിയിരുന്നത്. ജില്ലയിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ വഴി തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമായി 2016-17 വർഷത്തിൽ 71,34,000/- രൂപ ശേഖരിച്ചിട്ടുണ്ട്. (ഫണ്ട് ലഭ്യമാക്കിയ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല) ഈ തുക ചെലവഴിക്കാതെ സംയുക്ത പ്രൊജക്റ്റിനായി ആരംഭിച്ച ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് (TSB:799011400000958). ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ചിട്ടില്ല. വിശാലമായ ലക്ഷ്യത്തോടെ തയ്യാറാക്കിയ ശ്രദ്ധേയമായ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി ശേഖരിച്ച തുക വിനിയോഗിക്കുന്നതിന് നടപടികളൊന്നും സ്വീകരിക്കാത്തത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതങ്ങൾ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നത് മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആകയാൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-7** അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കുന്നതിൽ കാലതാമസം**-8.86**കോടി രൂപയുടെ അഡ്വാൻസ് തുക ക്രമീകരിക്കാതെ കിടക്കുന്നു

ജില്ലാ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ, വാട്ടർ സപ്ലൈ സ്കീം, സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായി അനർട്ടിന് നൽകിയ അഡ്വാൻസ് തുടങ്ങി 2003-2004 വർഷം മുതൽ അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുവാൻ ബാക്കിയുണ്ട്. 2016-17വാർഷിക ധനകാര്യപത്രിക ബി-18 പട്ടികപ്രകാരം 31-03-2017 തീയ്യതിയിൽ അഡ്വാൻസ് ഇനത്തിൽ

നൽകിയ ₹8,86,57,622/- ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിവിധ പദ്ധതികൾക്കായി അനുവദിച്ച മുൻകൂറുകൾ വർഷങ്ങളായി ക്രമീകരിക്കാതിരിക്കുകയും പദ്ധതി പൂർത്തീകരണം അനന്തമായി വൈകുകയും ചെയ്യുകയാണ്. അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുവാൻ ഇക്കാര്യം ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമനമ്പർ | വർഷം | അഡ്വാൻസ് തുക | തൻവർഷം ക്രമീകരിച്ചത് | 31-03-2017 തീയതിയിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2003-04 | 2,93,648 | - | 2,93,648 |
| 2 | 2004-05 | 99,500 | - | 99,500 |
| 3 | 2005-06 | 32,448 | - | 32,448 |
| 4 | 2007-08 | 24,79,268 | - | 24,79,268 |
| 5 | 2008-09 | 42,89,336 | - | 42,89,336 |
| 6 | 2010-11 | 35,90,410 | - | 35,90,410 |
| 7 | 2011-12 | 10,43,600 | - | 10,43,600 |
| 8 | 2012-13 | 24,91,950 | - | 24,91,950 |
| 9 | 2013-14 | 89,99,893 | - | 89,99,893 |
| 10 | 2014-15 | 1,00,59,120 | - | 1,00,59,120 |
| 11 | 2015-16 | 4,02,48,449 | 50,00,000 | 35248449 |
| 12 | 2016-17 | 23143767 | 3113767 | 2,00,30,000 |
| | ആകെ | | | ₹88,657,622/- |

## **3-8** കേന്ദ്ര സംസ്ഥാന സർക്കാറുകളുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് **- ₹4.2** കോടി വിനിയോഗിച്ചില്ല.

ജില്ലാപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാറുകൾ വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ, സംയുക്ത സംരംഭങ്ങൾക്കായി ഗ്രാമ, ബ്ലോക്ക്

പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ, ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകകൾ എന്നിവ ചെലവഴിക്കാതെ ബാക്കി കിടക്കുന്നു. വിനിയോഗിക്കാതെ കിടക്കുന്ന ₹4.2 കോടി കൃത്യമായി വിനിയോഗിക്കുകയോ ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശത്തിനനുസരിച്ച് തിരിച്ചടക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ആർ. എം.എസ്.എ | 2,68,93,424.00 |
| 2 | എസ്.എസ്.എ | 29,09,055.60 |
| 3 | എ.ബി.സി | 71,34,000.00 |
| 4 | ശുചിത്വ മിഷൻ | 34,070.00 |
| 5 | നിർമൽ പുരസ്കാരം | 6,07,740.00 |
| 6 | ഗുണഭോക്തൃ വിഹിതം | 10,02,212.00 |
| 6 | ആരുദ്രം പദ്ധതി | 25,00,000.00 |
| 7 | എച്ച്.എസ്.എസ്. ടോയലറ്റ് നിർമ്മാണ ഫണ്ട് | 10,32,063.00 |
| 8 | അയ്യൻകുന്ന് പഞ്ചായത്ത് റോഡ് വർക്ക് | 10,000.00 |
| 9 | സംയുക്ത പ്രോജക്ട് ബ്ലോക്ക് വിഹിതം | 3,164.00 |
| ആകെ | | 4,21,25,728.00 |

## 3-9 വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിലെ വീഴ്ച-33.83 കോടി രൂപ നഷ്ടമായി.

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015, ജി.ഒ(പി)419/15 ഫിൻ തീ. 19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിതനിധിയിലേക്ക് തിരികെ പോകും. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതാത് വർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ചെലവഴിക്കാതെ സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കുവാനാകാതെ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുത്തതു വഴി കണ്ണൂർ ജില്ലാപഞ്ചായത്തിന് നഷ്ടപ്പെട്ടത് 33.83 കോടി രൂപയാണ്. ഓരോ ഫണ്ടിനത്തിലും ജില്ലാപഞ്ചായത്തിന് നഷ്ടപ്പെട്ട തുകകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫണ്ടിനം | നഷ്ടമായ തുക |
|---|---|---|
| 1 | വികസനഫണ്ട്(പൊതുവിഭാഗം) | 9,78,66,962 |
| 2 | വികസനഫണ്ട്(എസ് സി പി) | 1,16,92,983 |
| 3 | വികസനഫണ്ട്(ടി എസ് പി) | 1,05,32,465 |
| 4 | സംരക്ഷണഗ്രാന്റ് (റോഡ്) | 19,77,63,088 |
| 5 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 2,04,27,284 |
| | ആകെ നഷ്ടമായ തുക | 33,82,82,782 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ജില്ലാ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക നഷ്ടമായത്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ ഈ കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ വളരെ ഗൌരവപൂർവ്വം പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പരമാവധി ജനക്ഷേമപ്രവർത്തനങ്ങൾക്കായി സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## **3-10** <u>റോഡ് പ്രവൃത്തികൾ - പ്രവൃത്തി മൂല്യത്തിൽ നിന്നും ഹയർ ചാർജ്ജസ് കുറച്ച ശേഷമുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കി കരാറുകാർക്ക് അധികമായി അനുവദിച്ച **₹ 76,173** രൂപ തിരിച്ചുപിടിക്കേണ്ടതാണ്.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ഹയർചാർജ്ജസ് കുറച്ചശേഷമുള്ള തുകയ്ക്കാണ് ടെണ്ടർ കുറവ് കണക്കാക്കിയിട്ടുള്ളത്. സെലക്ഷൻ നോട്ടീസിൽ ഹയർ ചാർജ്ജസ് ഉൾപ്പെടെയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളതെന്നതിനാൽ ഇത് അനുവദനീയമല്ല.

<u>എ.) ഉടുപ്പിന തവിടിശ്ശേരി തൗവ്വറ റോഡ് ടാറിംഗ്</u>

പ്രോജക്ട് നം. 171/ 2017

അടങ്കൽ- ₹ 17,00,000 ( വികസന ഫണ്ട്- ₹ 10,00.000, ഗ്രാമപഞ്ചായത്ത് വിഹിതം ₹

7,00,000)

എഗ്രിമെന്റ് - LSGD /EE/ 142 /15-16 തീയതി 23-1-2016

കരാറുകാരൻ- ശ്രീ. ടോമി തോമസ്

എം. ബുക്ക് നം. 140 /15-16

ടെണ്ടർ നിരക്ക്- 13.87 ശതമാനം കുറവ്

ബിൽ നം. 55 /16-17 തീയതി, 30-11-2016 ₹- 7,57,798 (ജില്ലാ പഞ്ചായത്ത് ഷെയർ)

2016-17ൽ ടെണ്ടർ ചെയ്ത പ്രസ്തുത പ്രവൃത്തി 13.87% കുറവിലാണ് അംഗീകരിച്ചിരുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ഹയർ ചാർജ്ജസ് കുറച്ച ശേഷമുള്ള തുകയ്ക്കാണ് ടെണ്ടർ കുറവ് കണക്കാക്കിയിട്ടുള്ളത്. ഈ വിധം തുക കണക്കാക്കിയതിനാൽ കരാറുകാരന് ₹ 5587 അധികം നൽകാനിടയായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് വിവരങ്ങൾ | പ്രവൃത്തി മൂല്യം | യന്ത്രങ്ങളുടെ വാടക | ടെണ്ടർ നിരക്ക് | അധികം നൽകിയ തുക | എം.ബുക്ക് നമ്പർ |
|---|---|---|---|---|---|
| 171/ 2017 | 1698227 | 40279 | 13.87% കുറഞ്ഞ നിരക്ക് | 5587 (40279*13.87%) | 140 /15-16 |

കരാറുകാരന് അധികം നൽകിയ ₹ 5587 രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്

<u>ബി ) മൂണ്ടയരഞ്ഞി കാപ്പിൽ പുന്നക്കുന്ന് വാണിയപ്പാറ റോഡ്</u>

പ്രോജക്റ്റ് നം. 449 /16

അടങ്കൽ- ₹ 80,50,000 മെയ്ന്റനൻസ് ഫണ്ട് റോഡ്

ചെലവ്- ₹ 66,21,044

1. ചെക്ക് നം. 1588622 തീയതി, 30-1-2016 ₹ 40,00,000

2. ചെക്ക് നം. 1858946 തീയതി. 10-6-2016 ₹ 20,17,110

3. റിക്കവറി തുകകൾ ആകെ ₹ 6,03,934

എഗ്രിമെന്റ് - LSGD/EE/93/12-13 Dtd : 29-05-2013

കരാറുകാരൻ- ശ്രീ. പി. ദിനേശൻ

ടെണ്ടർ നിരക്ക്- 12.27 ശതമാനം കുറവ്

എ.എസ്. നമ്പർ-116 /12 തീയതി 15-10-2012

ടി.എസ്. നമ്പർ- CR .NO.16 /SE/2013 DT. 14-3-2013

പി. എ.സി. തുക- ₹ 80,30,580

എം.ബുക്ക് നം. 19 /13-14, 218 /14-15, 41/15-16

പ്രവൃത്തിക്ക് സ്ഥലം സ്ഥലം കൈമാറിയ തീയതി- 29-5-2013

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി- 28-8-2013

പ്രവൃത്തി പൂർത്തീകരിച്ച തീയതി- 29-4-2015

2015-16 വർഷം നിർവ്വഹണം നടത്തിയതും 2016-17 ൽ ഫൈനൽ ബിൽ നൽകിയതുമായ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ഹയർ ചാർജ്ജസ് കുറച്ച ശേഷമുള്ള തുകയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിനാൽ കരാറുകാരന് ₹ 70586 രൂപ അധികം നൽകാനിടയായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | പ്രവൃത്തി മൂല്യം | യന്ത്രങ്ങളുടെ വാടക | ടെണ്ടർ നിരക്ക് | അധികം നൽകിയ തുക | എം.ബുക്ക് നമ്പർ |
|---|---|---|---|---|---|
| 449 /16 | 74,66,611 | 5, 75,277 | 12.27% കുറഞ്ഞ നിരക്ക് | 70,586 ( 5,75,277 X 12.27% ) | 19 /13-14<br>218 /14-15<br>41 /15-16 |

കരാറുകാരന് അധികം നൽകിയ ₹ 70,586 രൂപ തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 മുണ്ടയരഞ്ഞി കാപ്പിൽ പൂനക്കുന്ന് വാണിയപ്പാറ റോഡ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകങ്ങൾ

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെപറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട് .

1) 2012-13 വർഷത്തിൽ 14.03.2013 തീയതിയിൽ എഗ്രിമെന്റ് വെച്ച് 28-8-2013 പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 29-5-2013ന് കരാറുകാരൻ സ്ഥലം ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത് 29-4-2015-നു മാത്രമാണ്. കാലവർഷം ആരംഭിച്ചതിനാലും. റോഡ് പ്രവൃത്തിയുടെ അനുബന്ധമായി ചെയ്യേണ്ടുന്ന ഡ്രൈനേജ് പ്രവൃത്തിക്ക് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള പ്രയാസങ്ങളുമാണ് ഈ കാലതാമസത്തിന് കാരണമായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കാരണം ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെ 23-9-2015 ലെ തീരുമാനം നമ്പർ 123 /15 (2) പ്രകാരം അംഗീകരിക്കുകയും ആയതുപ്രകാരം 29-8-2013 മുതൽ 28-2-2014 വരെ പിഴയില്ലാതെയും, 13-3-2014 മുതൽ 30-4-2015 വരെ പിഴ ചുമത്തികൊണ്ടും ദീർഘീകരണം അനുവദിക്കുകയുമുണ്ടായി. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തിയുടെ പരമാവധി ദീർഘീകരണം യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തികരിക്കേണ്ടിയിരുന്ന കാലയളവിന്റെ 50 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. എന്നാൽ ഈ പ്രവൃത്തിയിൽ ഒരു വർഷത്തിൽ കൂടുതൽ കാലതാമസം

വന്നാണ് പ്രവൃത്തി പൂർത്തിയാക്കിയത്. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും അധിക സമയം അനുവദിച്ചത് 2012 ലെ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

2) 2015-16 ൽ സംരക്ഷണ ഗ്രാന്റിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള ടി എസ് ബി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട ₹20,17,110 രൂപ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ നമ്പർ ബി2 /3955 /15 തീയതി 9-6-2016 ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയർ എൽ. എസ്. ജി. ഡി ക്ക് നൽകുവാൻ നിർദ്ദേശിക്കുകയും ചെക്ക് നം. 1858946 തീയതി, 10-6-2016 പ്രകാരം തുക എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക കരാറുകാരന് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ഈ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബില്ലായി ചെലവഴിച്ച ₹ 40,00,000 രൂപ പെട്ടെന്ന് അനുവദിക്കേണ്ടതിനാൽ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ചെക്ക് നം.1588622 തീയതി 30-01-2016 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് തനത് ഫണ്ടിൽ നിന്നും തുക കൈമാറുന്നതിനും പ്രസ്തുത തുക പ്ലാൻ ഫണ്ടിൽ നിന്നും പിന്നീട് ക്രമീകരിക്കുന്നതിനും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ബി2 / 3955 /2015 തീയതി 30-1-2016 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം ഫസ്റ്റ് പാർട്ട് ബിൽ പ്രകാരം തുക അനുവദിക്കുകയും റിക്കവറികൾ കഴിച്ച് ₹ 37,60,000 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് വകമാറ്റിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (2015-16ലെ സുലേഖ എക്സ് പെന്റിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് സംരക്ഷണ ഗ്രാന്റ് (റോഡ്)-ൽ നിന്നാണ്)

മേൽ അപാകങ്ങൾ അറിയിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 67/16-17 തീ. 24.11.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും വകമാറ്റിയ തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഭരണ സമിതിയും മോണിറ്ററിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്.

സ്കൂൾ നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ജില്ലാപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള ധാരാളം സ്കൂളുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എസ്.എസ്.എ, എം.പി. ഫണ്ട്, ഉൾപ്പെടെയുള്ള ഫണ്ടുകൾ ഈ ആവശ്യത്തിന് ലഭിച്ചുവരുന്നുണ്ട്. പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ

പലപ്പോഴും നിലവിലുള്ള സ്കൂളുകൾക്ക് ഇല്ല. ഈ സാഹചര്യത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്ഥലം കണ്ടെത്തുകയാണ് ചെയ്യുന്നത് . എന്നാൽ ഈ വിധം പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് മുമ്പ് അവയെ പ്രയോജനപ്പെടുത്തി പുതിയ ബ്ലോക്കുകൾ നിർമ്മിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല. മാത്രവുമല്ല നിലവിലുള്ള കെട്ടിടത്തിന്റെ സമീപം പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ പഴയ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നുമില്ല. ഉദാഹരണമായി പെരിങ്കേരി ഗവൺമെന്റ് ഹൈസ്കൂളിലെ ഒരു കെട്ടിടത്തിന് 15 വർഷം പഴക്കമുണ്ടായിരുന്നു. കല്ല് കൊണ്ട് നിർമ്മിച്ചതും മേൽക്കൂര കോൺക്രീറ്റ് ചെയ്തതുമായിരുന്നു പ്രസ്തുത കെട്ടിടം. ഈ സ്കൂളിൽ പുതുതായി 4 നിലയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ₹ 14,40,000 പ്ലാൻ ഫണ്ട് വകയിരുത്തുകയുണ്ടായി . പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ സമീപം മണ്ണ് മാറ്റിയതിനെ തുടർന്ന് പഴയ കെട്ടിടം അപകടാവസ്ഥയിലായത് റിപ്പോർട്ട് ചെയ്യുകയും അപകടാവസ്ഥയിലായ പഴയ കെട്ടിടം പൊളിച്ചുമാറ്റുവാൻ ഭരണസമിതി അനുമതി നൽകുകയും ചെയ്തു. മെച്ചപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച ഫണ്ടുകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള ആസ്തി നഷ്ടപ്പെടുത്തുന്ന സ്ഥിതിയിലേക്കാണ് ഈ സംഭവം വിരൽ ചൂണ്ടുന്നത്

2.പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് പൊളിച്ചുമാറ്റാൻ നിർദ്ദേശിച്ച പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിന് സ്കൂൾ പി. ടി. എ. കമ്മറ്റിയേയും, ഹെഡ്മാസ്റ്ററെയും ചുമതലപ്പെടുത്തുന്നതായി കാണുന്നു. ഉദാഹരണമായി പെരിങ്കേരി H.S.S സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഹെഡ് മാസ്റ്ററെയും.വടക്കമ്പാട്. മാട്ടൂൽ, വളപ്പട്ടണം, GHSS ലെ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കി കൊണ്ടുപോകുന്നതിന് PTA കമ്മറ്റികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗം പൊളിച്ചുമാറ്റാൻ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയ ശേഷം എക്സിക്യൂട്ടീവ് എഞ്ചിനിയർ തലത്തിൽ ക്വട്ടേഷൻ / ടെണ്ടർ ക്ഷണിക്കുകയാണ് വേണ്ടിയിരുന്നത്. പൊളിച്ചു മാറ്റപ്പെടുന്ന കെട്ടിടങ്ങളുടെ ഉപയോഗ യോഗ്യമായ സാധനങ്ങൾ പുനരുപയോഗം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാതിരുന്നതും അപാകമാണ്. കൂടാതെ സാധനങ്ങൾ ലേലം ചെയ്യപ്പെടുന്നുണ്ടോ എന്നും ലേലത്തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതുണ്ട്.

3.വിവിധ സ്കൂളുകൾക്ക് പുതുതായി, സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്കൂളുകളാക്കി മാറ്റാനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമായുള്ള പ്രൊപ്പോസലുകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നുണ്ട്. ഓരോവർഷവും ഇത്തരം ആവശ്യത്തിന്ന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഈ മാസ്റ്റർ പ്ലാൻ അനുസരിച്ച് തയ്യാറാക്കേണ്ടുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ടുകളും അവയുടെ ലഭ്യതയും സ്ഥല ലഭ്യതയും ഉറപ്പുവരുത്തിവേണം പദ്ധതികൾ ആവിഷ്കരിക്കാൻ .

4.ഫണ്ടുകൾ യഥാസമയം ലഭ്യമാകാത്തതും മാസ്റ്റർ പ്ലാനില്ലാതെയുള്ള പ്രോജക്റ്റ് നടത്തിപ്പും പ്രായോഗിക പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഉദാഹരണമായി പ്രോജക്റ്റ് നം. 165 /17 പായം ഗ്രാമപഞ്ചായത്തിലെ പെരിങ്കരി യു.പി സ്കൂൾ ഹൈസ്കൂളായി ഉയർത്തിയതിനെ തുടർന്ന് സ്കൂളിന് പുതുതായി രണ്ട് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുകയും ടെണ്ടർ

വെച്ച് കരാറുകാരനെ നിശ്ചയിച്ച് 3-12-2015ന് എഗ്രിമെന്റ് വെക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി താഴെ പറയുന്ന കാരണങ്ങളാൽ കരാറുകാരന് ഏറ്റെടുത്ത് നടത്താൻ കഴിഞ്ഞില്ല.

ഹൈസ്കൂളായി ഉയർത്തിയ പെരിങ്കരി യു.പി.സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.പി.എൽ.എ.ഡി ഫണ്ടിൽ നിന്നും തുക അനുവദിക്കപ്പെടുകയും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രസ്തുത പ്രവൃത്തി ജില്ലാ പഞ്ചായത്ത് പ്രോജക്ട് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് നടത്തുകയുമുണ്ടായി. ഇതിനുപുറമെ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് ഇതേ സ്കൂളിന് കെട്ടിടം നിർമ്മിച്ചു നൽകുന്ന പ്രവൃത്തിയും നടന്നു. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് ടെണ്ടർ ചെയ്ത പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി ചെയ്യാൻ സ്ഥലം ലഭ്യമായില്ല. ആയതിനാൽ എം.പി.എൽ.എ.ഡി ഫണ്ട് ഉപയോഗിച്ച് നിർമാണം നടത്തിവരുന്ന കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് രണ്ട് മുറികൾ നിർമ്മിക്കുവാൻ എന്ന രൂപത്തിൽ ജില്ലാപഞ്ചായത്ത് പ്രോജക്ട് റിവൈസ് ചെയ്യുകയും ഇതനുസരിച്ചുള്ള പ്രവൃത്തി നടത്തുകയുമാണുണ്ടായത്. 24-12-2015 ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തിയാക്കിയത് 13-1-2017 തീയതിയിലാണ് പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് വിവിധ വിഭാഗങ്ങൾ തമ്മിൽ ഏകോപനം ഉണ്ടാകുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. പന്ത്രണ്ടാംപദ്ധതി മാർഗ്ഗരേഖ (സ.ഉ. ( എം.എസ്) നമ്പർ 4/2016 / തസ്വഭവ. തിരുവനന്തപുരം, തീയതി, 11-01-2016) ഖണ്ഡിക 6.11 (ബി) യിൽ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വകുപ്പ് പരിപാടികൾ, മിഷനുകൾ എന്നിവയും വിവിധ ഫണ്ട് സ്രോതസ്സുകളും അവയുടെ സംയോജന സാധ്യതകളും, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ ഏജൻസികൾ എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നിനുള്ള സാധ്യതകളും പരിഗണിച്ചുകൊണ്ടായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നാണ് മേൽ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത്. ആയതിനാൽ തുടർ വർഷങ്ങളിൽ തയ്യാറാക്കുന്ന സ്കൂൾ കെട്ടിട നിർമ്മാണം, നവീകരണം എന്നി പ്രോജക്ടുകൾ നടപ്പാക്കുന്നതിനുമുൻപ് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും, എസ്.എസ്.എ, നബാർഡ്, എം.പി/എം.എൽ.എ ഫണ്ടുകൾ, പ്ലാൻ ഫണ്ടുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥല സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്. കാലപഴക്കമില്ലാത്തതും, നിലവിൽ യാതൊരു തകരാറും ഇല്ലാത്തതുമായ സ്കൂൾ കെട്ടിടങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മിതിക്കും നടപടിസ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ അംഗീകാരം ലഭിച്ച 44 സ്കൂൾ നവീകരണ പ്രോജക്ടുകളിൽ 10 പ്രവൃത്തികൾ 2016-17ൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയെ സംബന്ധിച്ച് വിവിധ തീയതികളിൽ ഭരണസമിതി താഴെപറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്,

| ക്രമ.നം | തീരുമാനം, നം തീയതി | തീരുമാനം |
|---|---|---|

| | | |
|---|---|---|
| 1 | 82/ 16 (2) (14-7-2016) | കണ്ണാടിപ്പറമ്പ് GHSS ലെ രണ്ട് പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അംഗീകാരം നൽകി |
| 2 | 82 /16 (6) | പെരിങ്കേരി HSS കെട്ടിടം നിർമ്മിക്കുന്നതിന് സ്കൂൾ കോമ്പൗണ്ടിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ നിലവിൽ എം,പി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ടി പ്രവൃത്തി നിർവ്വഹിക്കുന്നതിനുവേണ്ടി നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന അപേക്ഷ- നിലവിലുള്ള സാഹചര്യം പരിഗണിച്ച് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തി. പൊളിച്ചു കിട്ടുന്ന സാധന സാമഗ്രികളുടെ മൂല്യനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തി |
| 3 | 89 /16 (3) (22-7-2016) | താഴെപറയുന്ന സ്കൂളുകളുടെ പഴയകെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള സർവ്വെ റിപ്പോർട്ട് അംഗീകരിച്ചു<br>1. GHSS വളപ്പട്ടണം<br>2. GHSS വടക്കുമ്പാട്<br>3. GHSS പാല |
| 4 | 112/16-17 | വടക്കുമ്പാട്. മാട്ടൂൽ, വളപ്പട്ടണം, GHSS ലെ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കി കൊണ്ടുപോകുന്നതിന് PTA കമ്മറ്റികൾക്ക് അനുമതി നൽകി. |
| 5 | 13 /16-17 19-11-2016 | ചെറുകുന്ന് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2.12 കോടി രൂപയുടെ ഭരണാനുമതി പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിന് കെട്ടിടം നിർമ്മിക്കേണ്ടുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റാൻ അനുമതി |

| | | |
|---|---|---|
| 6 | 131/16 (1) | കണ്ണാടിപ്പറമ്പ് GHSS ലെ പഴയ മുറികൾ പൊളിച്ചുനീക്കി കൊണ്ടുപോകുന്നതിനുള്ള ക്വട്ടേഷൻ 1,67,170 രൂപയുടേത് അംഗീകരിച്ചു. |
| 7 | 131/16 (2) | മാടായി ഗവൺമെന്റ് ബോയ്സ് സ്കൂളിലെ VHSE വിഭാഗം കെട്ടിടം 35 വർഷം പഴക്കമുള്ളതിനാൽ പൊളിച്ചുമാറ്റുന്നതിന് തിരുമാനിച്ചു. PTA കമ്മറ്റിയെ ചുമതലപ്പെടുത്തി, |
| 8 | 16-12-2016<br>അജണ്ട-1<br>തീരുമാനം-<br>137 /16 (1) | കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പഴയ കെട്ടിടം പൊളിക്കൽ സർവ്വെ റിപ്പോർട്ട്, സർക്കാർ അനുമതിക്ക് എച്ച്.എം. നെ ചുമതലപ്പെടുത്തി |
| 9 | 13/2017 (5)<br>30-1-2017 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഴപ്പിലങ്ങാട് GHSS ന് അക്കാദമിക്ക് ബ്ലോക്കും, ഇൻഡോർ സ്റ്റേഡിയവും, മാടായി GHSS ന് അക്കാദമിക്ക് ബ്ലോക്കും, പാലയാട് GHSS ന് പുതിയ അക്കാദമിക്ക് ബ്ലോക്കും നിർമ്മിക്കുന്നതിന് ഇവയുടെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്ഥലം ലഭ്യമാക്കൽ |
| 10 | 13/2017<br>(13)<br>30-1-2017 | പെരിങ്കേരി ഗവൺമെന്റ് ഹൈസ്കൂളിലെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച്- ടി കെട്ടിടം 15 വർഷം മുമ്പ് 2.10 മീറ്റർ ഉയരത്തിൽ ചെങ്കല്ല് കൊണ്ട് നിർമ്മിച്ചതും, കോൺക്രീറ്റ് ചെയ്തതുമായിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഉറപ്പു സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ലാത്തതിനാൽ ടി സ്കൂളിന് എം.പി ഫണ്ട് ഉപയോഗിച്ച് 4 മീറ്റർ ഉയരത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മണ്ണ് മാറ്റിയത് മൂലം പഴയ കെട്ടിടം അപകടാവസ്ഥയിലായതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പഴയകെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നത്. |

മേൽ തീരുമാനങ്ങൾ പരിശോധിച്ചാൽ മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ പ്രസക്തി വ്യക്തമാകുന്നതാണ്. അതുകൊണ്ടുതന്നെ നല്ല രീതിയിൽ സാമ്പത്തിക ആസൂത്രണം നടത്തി പൊതുപണം പാഴാകാത്ത രീതിയിൽ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ടിപ്പുപ്പാലം അഞ്ചില്ലം വയനാട് റോഡ് - പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം. 234 /17 ( 237 /12-13)

ടിപ്പുപ്പാലം അഞ്ചില്ലം വയനാട് റോഡ്

എഗ്രിമെന്റ് നം. LSGD /EE /79 /12-13 തീയതി 18-4-2013

എസ്റ്റിമേറ്റ് തുക - ₹ 10,50,000

കരാർ തുക - ₹ 10,39,994

പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി- 17-07-2013

ചെലവ്- – ഇല്ല

2012-13 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ച മേൽ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

2012-13 സാമ്പത്തിക വർഷം എഗ്രിമെന്റ് വെച്ച മേൽ പ്രവൃത്തി കരാറുകാരൻ നടത്തിയില്ല. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി നിർവ്വഹിക്കാത്തതിനാൽ പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിച്ചുകൊണ്ട് .( 07-10-2016 ന് ചേർന്ന പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 36/16 (8) തീരുമാനം). 2012-13 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പ്രവൃത്തി നടക്കാത്തതിനാൽ പിന്നീട് റോഡിന്റെ ഘടനയിൽ വ്യത്യാസം വരുത്തിയും ഡ്രൈയ്നേജ് ഉൾപ്പെടുത്തിയും റിവൈസ് ചെയ്ത് നടപ്പാക്കാൻ തീരുമാനിക്കുകയുണ്ടായി.

എന്നാൽ ഈ വിധം തയ്യാറാക്കുന്നത് നിലവിൽ ബാധകമായ പൊതുമരാമത്ത് നിരക്ക് അനുസരിച്ച് വേണമെന്നതിനാൽ 2012-13 ൽ തയ്യാറാക്കിയതിലും കൂടുതൽ തുക പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടിവരും. 2012-13 ൽ തയ്യാറാക്കി എഗ്രിമെന്റ് വെച്ച പ്രവൃത്തി കരാറുകാരന്റെ വീഴ്ചകാരണം യഥാസമയം നിർവ്വഹിക്കാതിരുന്നത് മൂലമാണ് ഈ വിധം പുതുക്കിയ എസ്റ്റിമേറ്റിൽ തയ്യാറാക്കേണ്ടിവരുന്നത്. എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി യഥാസമയം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മേൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത കരാറുകാരനെതിരായ നടപടി എന്ന നിലയിൽ ടിയാൻ സമർപ്പിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുക മാത്രമാണ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ടി കരാറുകാരൻ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി കെട്ടിവെച്ച ₹ 27100 രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റും ആയതിന്റെ പലിശയിനത്തിലുള്ള ₹ 10601

രൂപയും കണ്ടുകെട്ടുകയും 14-8-17 ന് ജില്ലാപഞ്ചായത്ത് രസീത് നം. 117150500060 പ്രകാരം അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2012-13 ലെ എഗ്രിമെന്റ് പ്രകാരം ആരംഭിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിച്ച് നടപ്പാക്കാൻ ഉത്തരവായിരുന്നു. എന്നാൽ 2012-13ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന റോഡിന്റെ ഘടനയിൽ മാറ്റം വന്നതും, കൂടാതെ 2016-17 ൽ ബാധകമായ PRICE ൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും MORD സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ടെന്നും ബന്ധപ്പെട്ട അസി. എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല. 2012-13 ൽ ₹ 10,50,000 രൂപയുടെ എസ്റ്റിമേറ്റിൽ അംഗീകരിച്ച ഈ പ്രവൃത്തിയുടെ പുനക്രമീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുണ്ടാകുന്ന അധിക ചെലവിന് ആദ്യം കരാറെടുത്ത് പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരൻ ഉത്തരവാദിയാണ്. 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ ( G.O (P) 13 /2012/ PWD / 01-02-2012) സെക്ഷൻ 2116-2-1 ൽ നിർദ്ദേശിച്ചവിധം കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തിരിച്ച് പിടിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ടി കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ഈ പ്രവൃത്തിക്ക് കരാറുകാരൻ സമർപ്പിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് മാത്രമാണ് കണ്ടുകെട്ടാൻ സാധിച്ചത്.

## **3-14** ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതും , ചെലവു പത്രികയിൽ ഉൾപ്പെടുത്തിയതും ക്രമപ്രകാരമല്ല-**1607511**രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്-ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

ചീഫ് എഞ്ചിനീയറുടെ 29.03.16 ലെ സർക്കുലർ നമ്പർ ഡി ബി 6/4308/15/സി ഇ/എൽ എസ് ജി ഡി പ്രകാരം ഡി എസ് ആർ 2014 അടിസ്ഥാനമാക്കി തയ്യാറാക്കുന്ന റോഡ് പ്രവൃത്തികളിൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല. ഉത്തരവു തീയതിക്കു മുമ്പു വരെ നടപ്പാക്കിയ പ്രവൃത്തികൾക്ക് ഇതു ബാധകമാക്കേണ്ടതില്ല എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവു തീയതിക്കു ശേഷം എഗ്രിമെന്റ് വച്ചതും എസ്റ്റിമേറ്റിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയതുമായ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക അതാത് ബില്ലുകളിൽ നിന്നും കുറവു ചെയ്തതിനു ശേഷമുള്ള തുകയായിരുന്നു ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ടിയിരുന്നതെങ്കിലും മുഴുവൻ തുകയും പിൻവലിച്ച് പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തിയ ശേഷം അധികമായി പിൻവലിച്ച തുക അതാത് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കാതെ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയാണ് ചെയ്തത്. പ്രസ്തുത നടപടി ക്രമപ്രകാരമല്ല. പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ആർ പി 4ൽ remission and refund – other fees എന്ന ഹെഡിലാണ് വരവ് വച്ചിരിക്കുന്നത്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു(ലെഡ്ജർ ബുക്ക് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പദ്ധതി | കരാറുകാരൻ | കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ ഈടാക്കിയ തുക | തനതു ഫണ്ടിൽ നിക്ഷേപിച്ച തീയതി |
|---|---|---|---|---|---|
| 1 | 254/17 | പാടിയില്ലം ചന്ദനക്കുളം റോഡ് | സി രാജൻ | 169740 | 31.01.17 |
| 2 | 222/17 | മലപ്പട്ടം ട്രാൻസ്ഫോർമർ റോഡ് | കെ വി ബാലകൃഷ്ണൻ | 80688 | 28.02.17 |
| 3 | 138/17 | പാത്തിപ്പാലം പാറമ്മൽ റോഡ് | എസ് രാജൻ | 121278 | 28.02.17 |
| 4 | 197/17 | മുട്ടാടം വയൽ അപ്പർ ചീക്കാട് റോഡ് | വി.സി ജെയിംസ് | 64985 | 28.02.17 |
| 5 | 129/17 | നാലാം മൈൽ കുറ്റ്യേരിച്ചാൽ പുല്ല്യോട് എകെജി ക്ലബ് റോഡ് | പ്രമോദൻ കെ. സി | 146666 | 28.02.17 |
| 6 | 157/17 | പടന്നക്കടവ് പീടികക്കുന്ന് റോഡ് | ശ്രീജയൻ പി. ഇ | 58594 | 28.02.17 |
| 7 | 251/17 | എടയിക്കോത്ത് വയൽ നിടുവാലൂർ റോഡ് | വിനൂപ് ഇ.വി | 21126 | 28.02.17 |
| 8 | 156/17 | ഒടിച്ചിക്കുന്ന് | ശ്രീജയൻ പി. | 63875 | 03.03.17 |

| | | | | | |
|---|---|---|---|---|---|
| | | മുടയരഞ്ഞി റോഡ് | ഇ | | |
| 9 | 244/17 | വേങ്ങക്കണ്ടി കാവിന്മൂല ഹൈസ്കൂൾ റോഡ് | ശ്രീനിവാസന് പി.ടി | 23081 | 17.03.17 |
| 10 | 260/17 | പെരുവലത്ത് പറമ്പ് അമ്പാത്തടം പുലിഞ്ഞകുട്ടാവ് റോഡ് | കെ.വി ബാലകൃഷ്ണൻ | 43853 | 24.03.17 |
| 11 | 76/17 | മാവിച്ചേരി ചെമ്പോത്ത് കുന്ന് റോഡ് | കെ.വി വേണുഗോപാൽ | 73618 | 28.03.17 |
| 12 | 116/17 | തളാപ്പ് ഹൌസിംഗ് കോളനി റോഡ് | കെ നാണു | 19246 | 28.03.17 |
| 13 | 145/17 | കൈതച്ചാൽ ശങ്കരനെല്ലൂർ റോഡ് | മാൽക്കോസ് | 62788 | 28.03.17 |
| 14 | 766/17 | വാഴക്കണ്ടം ചൂരപ്പടവ് റോഡ് | ജോബിൻ എം വർഗ്ഗീസ് | 105516 | 28.03.17 |
| 15 | 800/17 | ആമിനപ്പാറ ഏലപ്പാറ ശശിപ്പാറ റോഡ് | സജി സി | 149125 | 31.03.17 |
| 16 | 155/17 | വാണിയപ്പാറ തട്ട് താഴെ തെയ്യത്താൻ കുന്ന് റോഡ് | കെ.ടി ദേവസ്യ | 86875 | 31.03.17 |

| | | | | | |
|---|---|---|---|---|---|
| 17 | 170/17 | കാവുമ്പായി കരിവെള്ളൂർ റോഡ് | വിനോദ് കുമാർ പി.വി | 176058 | 31.03.17 |
| 18 | 950/17 | മുടക്കോഴി കരിവെള്ളൂർ റോഡ് | രാജീവ് തോമസ് | 41884 | 31.03.17 |
| 19 | 209/17 | പുന്നച്ചേരി സാംസ്കാരിക നിലയം മൂട്ടിൽ ഡാം റോഡ് | അയൂബ് സി.പി | 98515 | 31.03.17 |
| | | | ആകെ | 16,07,511രൂപ | |

തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 16,07,511രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. (ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 32/13.11.17 ന് മറുപടിയായി (എ4/എൽ.എഫ്.എ/2016-17) തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.)

## 3-15 എളമ്പാലി കുടിവെള്ള പദ്ധതി- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തപ്പെട്ടില്ല- 113985 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ : 123/17

നിർവ്വഹണ ഏജൻസി :എസ് ഇ യു എഫ്

എം ബുക്ക് നമ്പർ : 207/15-16

TS 243/12-13 08.03.13 12,20,000/-( ടി എസ് പി ഫണ്ട്)

ചെലവ്

ബിൽ നമ്പർ 64/ 30.12.16 113985രൂപ(ഓഡിറ്റ് വർഷത്തെ ചെലവ്)

ആകെ ചെലവ് 1039726രൂ

20 എസ് ടി കുടുംബങ്ങൾക്കും 4 എസ് സി കുടുംബങ്ങൾക്കും 15 ജനറൽ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. 2012-13 സാമ്പത്തിക വർഷം ഒരു വർഷം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് ഏറ്റെടുത്ത പദ്ധതി

പൂർത്തിയാക്കിയത് 2014-15 സാമ്പത്തിക വർഷവും ഫൈനൽ ബിൽ നല്കിയത് 2016-17 സാമ്പത്തിക വർഷവുമാണ്.

1.എസ് ഇ യു എഫ് ന്റെ സാങ്കേതിക മേൽനോട്ടത്തിൽ ഗുണഭോക്തൃസമിതി വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട രേഖകളും, ഗുണഭോക്തൃ സമിതി മിനുട്സും സമിതി ഈ ആവശ്യത്തിനു വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് രജിസ്റ്റർ ചെയ്തു കിട്ടിയിരുന്നോ എന്ന് വ്യക്തമാക്കിയിട്ടില്ല.

3.ഒന്നാം ഘട്ട പദ്ധതിയിൽ ഏതൊക്കെ സൗകര്യങ്ങളാണ് ഏർപ്പടുത്തിയതെന്നും ജലലഭ്യത ഉറപ്പ് വരുത്തിയിരുന്നോ എന്നും വ്യക്തമാക്കിയിട്ടില്ല

4.പദ്ധതിക്ക് കറണ്ട് കണക്ഷൻ ലഭ്യമായിട്ടുണ്ടോ, നിലവിൽ പ്രവർത്തനക്ഷമമാണോ തുടങ്ങിയ കാര്യങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല

5.പതിനഞ്ച് ജനറൽ ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഗുണഭോക്തൃവിഹിതം ശേഖരിച്ചിരുന്നില്ല. ജനറൽ ഗുണഭോക്താക്കൾ സബ്സിഡിക്ക് അർഹതയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

6.സോഷ്യൽ മാപ്പ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

പദ്ധതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പൊതു വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളെയും പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി ഗാർഹിക കണക്ഷൻ നല്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 68/16-17 23.11.17 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ ഓഡിറ്റ് വർഷത്തെ ചെലവായ 1,13,985/- രൂപ തടസത്തിൽ വെക്കുന്നു.

## **3-16** <u>ചാലിൽ കുടിവെള്ള പദ്ധതി-അപാകങ്ങൾ- **2,77,944/-** രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 27/17

നിർവ്വഹണ ഏജൻസി എസ് ഇ യു എഫ്

എം ബുക്ക് നമ്പർ 407/16-17,222/16-17

TS 16/13-14 22.04.13 15,05,000/-( ടി എസ് പി ഫണ്ട്)

ചെലവ്
ഓഡിറ്റ് വർഷത്തെ ചെലവ്

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 40/16-17 | 31.10.16 | 183790രൂപ |
| 41/16-17 | 31.10.16 | 94154രൂ |

മുൻ വർഷങ്ങളിലെ ചെലവ് 11,18,511 രൂ
ആകെ ചെലവ് 13,96,455രൂ
പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1)39എസ് ടി കുടുംബങ്ങൾക്കും7 ജനറൽ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. 2013-14 സാമ്പത്തിക വർഷം ഒരു വർഷം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് ഏറ്റെടുത്ത പദ്ധതി പൂർത്തിയാക്കിയത് 2015-16 സാമ്പത്തിക വർഷവും ഫൈനൽ ബിൽ നല്കിയത് 2017-18 സാമ്പത്തിക വർഷവുമാണ്.

2)എസ് ഇ യു എഫ് ന്റെ സാങ്കേതിക മേൽനോട്ടത്തിൽ ഗുണഭോക്തൃസമിതി വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട രേഖകളുംഗുണഭോക്തൃ സമിതി മിനുട്സും സമിതി ഈ ആവശ്യത്തിനു വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3)സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് രജിസ്റ്റർ ചെയ്തു കിട്ടിയിരുന്നോ എന്ന് വ്യക്തമാക്കിയിട്ടില്ല

4) ഒന്നാം ഘട്ട പദ്ധതിയിൽ ഏതൊക്കെ സൗകര്യങ്ങളാണ് ഏർപ്പടുത്തിയതെന്നും ജലലഭ്യത ഉറപ്പു വരുത്തിയിരുന്നോ എന്നും വ്യക്തമാക്കിയിട്ടില്ല

5) പദ്ധതിക്ക് കറണ്ട് കണക്ഷൻ ലഭ്യമായിട്ടുണ്ടോ, നിലവിൽ പ്രവർത്തനക്ഷമമാണോ തുടങ്ങിയ കാര്യങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല

6)ഏഴ് ജനറൽ ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഗുണഭോക്തൃവിഹിതം ശേഖരിച്ചിരുന്നില്ല. പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ സബ്സിഡിക്ക് അർഹതയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

7)എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കിയ എസ്റ്റിമേറ്റിൽ പ്രസ്തുത പദ്ധതിക്കായി 3എച്ച് പി മോട്ടോർ സ്ഥാപിക്കുന്നതിന് 54783രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ സാങ്കേതികമായി മറ്റ് അനുബന്ധ പ്രവൃത്തികളിലൊന്നും മാറ്റമില്ലാതിരുന്നിട്ടും 5 എച്ച് പി മോട്ടോർ സ്ഥാപിക്കുന്നതിന് റെയ്ഡ്കോയുടെ ക്വട്ടേഷൻ/പ്രൊഫോർമ്മ ഇൻവോയ്സ് പ്രകാരം 91899രൂപയാണ് നല്കിയിരിക്കുന്നത്. 5Hp മോട്ടോർ സ്ഥാപിച്ചതിന്റെ സാങ്കേതികാടിസ്ഥാനം വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റിൽ കണക്കാക്കിയതിനേക്കാൾ കൂടിയ പവറുള്ള മോട്ടോർ സ്ഥാപിച്ചത് ശരിയല്ല. (എം ബുക്കിൽ രേഖപ്പെടുത്തിയത് 3Hp എന്നാണ്)

8)റെയ്ഡ്കോയിൽ നിന്നുള്ള പർച്ചേസ് ബിൽ, ഗ്യാരണ്ടി കാർഡ് തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

9)5 എച്ച് പി മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജും മൂല്യവർധിത നികുതിയും ഉൾപ്പെടെയുള്ള നിരക്കാണ് 91899രൂപ എന്നിരിക്കെ

പ്രസ്തുത ഇനവും മൂല്യ വർധിത നികുതി കണക്കാക്കുന്നതിന് പരിഗണിച്ചത് ശരിയല്ല. പ്രസ്തുത ഇനത്തിനുള്ള ചെലവുൾപ്പെടെ മാനേജ്മെന്റ് ചാർജ്ജ് കണക്കാക്കാൻ പരിഗണിച്ചതും അധികച്ചെലവിന് കാരണമായിട്ടുണ്ട്.

10)മാനേജ് മെന്റ് ചാർജ്ജിന് ആദായ നികുതി ഈടാക്കി ഒടുക്കിയിട്ടില്ല. മൂല്യവർധിത നികുതി , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇവ കണക്കാക്കിയത്(പ്രവൃത്തി മൂല്യത്തോടൊപ്പം കൂട്ടിയത്) മാനേജ്മെന്റ് ചാർജ്ജ് ഉൾപ്പെടെയാണ്. ആയത് ശരിയല്ല

11)സോഷ്യൽ മാപ്പ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
അപാകങ്ങൾ പരിഹരിക്കേണ്ടതും അധികമായി നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്. ഓഡിറ്റ് വർഷത്തെ ചെലവായ 277944രൂപ തടസപ്പെടുത്തുന്നു.

## 3-17 വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് റോഡ് പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതി | ചെലവ് |
|---|---|---|---|
| 1 | 184/17 | കാർക്ക പൂവം റോഡ് ടാറിംഗ്, പരിയാരം ഗ്രാമപഞ്ചായത്ത് | 2,00,000 |
| 2 | 733/17 | മാട്ടക്കോട്ട് മീത്തൽ മനത്താനത്ത് വാട്ടർ ടാങ്ക് റോഡ്, പന്ന്യന്നൂർ | 4,40,000 |
| 3 | 788/17 | തോട്ടോൾ ലക്ഷം വീട് വേട്ടക്കൊരുമകൻ ക്ഷേത്രം റോഡ്, പന്ന്യന്നൂർ | 2,45,000 |
| 4 | 731/17 | സികെ ജി വായനശാല ആണ്ടിപ്പീടിക റോഡ്, പന്ന്യന്നൂർ | 10,70,000 |
| 5 | 732/17 | വിദ്യാവിലാസിനി ചന്ദ്രോത്ത് പീടിക റോഡ്, പന്ന്യന്നൂർ | 4,00,000 |

ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന മേൽ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയത് ശരിയല്ല. ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-18 പ്രവൃത്തിമൂല്യത്തിൽ നിന്നും ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് കുറവു ചെയ്തില്ല - തുക ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സി.എഞ്ചിനീയർ,എൽഎസ്ജിഡി

പ്രോജക്ട് - 245/17, പെരുമ്പള്ളി കുട്ടിക്കരി മഞ്ഞേരിപ്പടി റോഡ്

അടങ്കൽ - 1100000/-

ചെലവ് - 885545/-(ബിൽ.76/16-17,28-1-17)

എഗ്രിമെന്റ് - 33/16-17,17-6-16

മേൽ പ്രവൃത്തിയുടെ ഫൈനൽബിൽ പ്രകാരം പ്രവൃത്തിമൂല്യം 1043169/- രൂപയാണ്. ഇതിൽ നിന്നും ടെണ്ടർ കുറവ്, ബാരൽവില, വിവിധ നികുതികൾ എന്നീ ഇനങ്ങളിൽ 212318/- രൂപ കുറവു ചെയ്ത് 830851/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഫൈനൽബില്ലിൽ നിന്നും ബിറ്റുമിന്റെ കോസ്ററ് ഇൻഡക്സ് ഇനത്തിലുള്ള തുക കുറവു ചെയ്തിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 29.03.16 ലെ സർക്കുലർ നമ്പർ ഡി ബി 6/4308/15/സി ഇ/എൽ എസ് ജി ഡി പ്രകാരം ഡി എസ് ആർ 2014 അടിസ്ഥാനമാക്കി തയ്യാറാക്കുന്ന റോഡ് പ്രവൃത്തികളിൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല. ഉത്തരവു തീയതിക്കു മുമ്പു വരെ നടപ്പാക്കിയ പ്രവൃത്തികൾക്ക് ഇതു ബാധകമാക്കേണ്ടതില്ല എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റിന് 23/02/16 നാണ് സാങ്കേതികാനുമതി ലഭ്യമായതെങ്കിലും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പു വച്ചത് 17/06/2016-നാണ്. ഉത്തരവു തീയതിക്കു ശേഷം എഗ്രിമെന്റ് വച്ച പ്രവൃത്തിയായിരുന്നിട്ടും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള നിരക്ക് ടാറിംഗ് പ്രവൃത്തികൾക്ക് നല്കിയത് ശരിയല്ല.

ഡി എസ് ആർ നിരക്കിനോട് അടുത്ത മാർക്കറ്റ് നിരക്ക് ഉള്ള ഇനങ്ങൾക്ക് കോസ്റ്റ് ഇന്റക്സ് ബാധകമാക്കാതിരിക്കാനുള്ള വിവേകപൂർവ്വമായ തീരുമാനം സാങ്കേതികാനുമതി നല്കുന്ന അധികാരസ്ഥാനം കൈക്കൊള്ളേണ്ടതാണെന്ന ഡി എസ് ആർ 2013 ലും 2014ലും ആമുഖത്തിൽ തന്നെ വ്യക്തമാക്കിയിരുന്നിട്ടും കരാറുകാർക്ക് ഈ രീതിയിൽ തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ 62/24.11.17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള കോസ്റ്റ് ഇന്റക്സ് കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 വാരം ചുടലകോളനി പൈപ്പ് ലൈൻ നീട്ടൽ–തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - എക്സി.എഞ്ചിനീയർ,എൽഎസ്ജിഡി

പ്രോജക്ട് 103/17, വാരം ചുടലകോളനി പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - 200000(എസ് സിപി)

ചെലവ് 157500/-(ബിൽ 108/16-17,18-3-17)

മേൽ പദ്ധതി പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 157500/- രൂപ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കണ്ണൂരിന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ വിവരങ്ങൾ, കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-20 സംയുക്തപ്രോജക്റ്റുകൾ - ഗ്രാമപഞ്ചായത്ത് വിഹിതം കുറവ് ചെയ്യുന്നില്ല.

പന്ത്രണ്ടാം പദ്ധതി മാർഗരേഖ പ്രകാരം [6-15 VII (ഇ)] സംയുക്ത പ്രോജക്റ്റിൽ കുറഞ്ഞ വിഹിതം വകയിരുത്തിയ തദ്ദേശ ഭരണസ്ഥാപനത്തിന്റെ വിഹിതം ചെലവഴിച്ച ശേഷം മാത്രമേ കൂടിയ വിഹിതം വകയിരുത്തിയ തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷം നടപ്പാക്കിയ സംയുക്തപ്രോജക്റ്റുകളിൽ വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം കുറവ് ചെയ്യാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക/ബിൽനമ്പർ |
|---|---|---|
| വള്ളുവൻകടവ് റോഡ് റീടാറിംഗ്,210/17 | 1500000<br>(ജില്ലാപഞ്ചായത്ത്-സംരക്ഷണഗ്രാന്റ് - റോഡ്)<br>50000(ഗ്രാമപഞ്ചായത്ത് വിഹിതം) | 12,11,226/-<br>(27/16-17,30-8-16) |
| കാട്യം ചിറ്റോത്തടം റോഡ് റീടാറിംഗ്,94/17 | 1300000(ജില്ലാപഞ്ചായത്ത്-സംരക്ഷണഗ്രാന്റ് - റോഡ്)<br>10000(ഗ്രാമപഞ്ചായത്ത് വിഹിതം) | 12,46,927/-<br>(3/16-17,11-8-16) |

| | | |
|---|---|---|
| ശ്മശാനം-നീരൊഴുക്ക് റോഡ് (മുഴപ്പിലങ്ങാട്),114/17 | 1000000(ജില്ലാപഞ്ചായത്ത്-സംരക്ഷണഗ്രാന്റ് - റോഡ്) 10000(ഗ്രാമപഞ്ചായത്ത് വിഹിതം) | 7,21,229/- (74/16-17,28-1-17) |
| പീരക്കാംതടം കക്കോണി റോഡ്(ചെറുതാഴം),485/17 | 1200000(ജില്ലാപഞ്ചായത്ത്-സംരക്ഷണഗ്രാന്റ് - റോഡ്) 10000(ഗ്രാമപഞ്ചായത്ത് വിഹിതം) | 9,47,668/- (28/16-17, 30-9-16) |

ഗ്രാമപഞ്ചായത്ത് വിഹിതം കുറവു ചെയ്യാത്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ സംരക്ഷണ ഗ്രാന്റിൽ നിന്നും 80000/- രൂപ അധികം ചെലവഴിക്കാനിടയായിട്ടുണ്ട്. മേൽകാണിച്ച പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 53/18.11.17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി വിഭാഗം ഓഫീസിൽ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

സർക്കാരിന്റെ 12-04-2006 തീയതിയിലെ ജി.ഒ(പി) 177/2006 ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി വിഭാഗം ഓഫീസിൽ 01-04-2016തീയതി മുതൽ ഉള്ള ഇടപാടുകളൊന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് നടത്തിയിട്ടുള്ളത്. ട്രഷറി ബിൽ മുഖേനയുള്ള ടി എസ് ബി അക്കൗണ്ടിലെ ഇടപാടുകളുടെ വിവരം, ഇ-ടെണ്ടർ അക്കൗണ്ടിലെ ഇടപാടുകൾ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള മറ്റ് അക്കൗണ്ടുകളുടെ വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ എല്ലാ വരവുകളുടെയും ചെലവുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി കാഷ് ബുക്ക്സൂക്ഷിക്കാത്തതിനാൽ വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല. വരവ് ചെലവ് കണക്കുകളുടെ പ്രാഥമികരേഖയായ കാഷ് ബുക്ക്സൂക്ഷിക്കാത്തത് വലിയ വീഴ്ചയാണ്. നിലവിലും കാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് ഇടപാടുകൾ നടത്തിവരുന്നത്.

എൽ എസ് ജി ഡി ഓഫീസിലെ 99% ഇടപാടുകളും ഓൺലൈൻ മുഖാന്തിരമാണ്

നടത്തുന്നതെന്നും നിലവിൽ ജീവനക്കാരുടെ കടുത്ത ദൗർലഭ്യം നേരിടുന്ന കാര്യാലയത്തിൽ പ്രസ്തുത ഇടപാടുകൾ മുഴുവൻ കാഷ് ബുക്കിൽ രേഖപ്പെടുത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് കാഷ് ബുക്ക് സൂക്ഷിക്കാതിരുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ കൈക്കൊള്ളേണ്ടതും ഓഫീസിലെ പ്രാഥമികരേഖയായ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ട്രഷറിയിലും ബാങ്കിലും ഉള്ള അക്കൗണ്ടുകളുടെ വിശദവിവരങ്ങളും 31-03-2017 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക എത്രയാണെന്നും അറിയിക്കുകയുണ്ടായില്ല. പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## **3-22** സാംസ്കാരിക നിലയങ്ങൾക്ക് ആവശ്യകതയും യുക്തിയും പരിഗണിക്കാതെയുള്ള സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി പാഴ്ചെലവാകുന്നു - **40,68,280/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണം | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 686/17-മാതൃകാ സാംസ്കാരിക കേന്ദ്രങ്ങൾ |
| അടങ്കൽ | ₹66,44,104( എസ്.സി.പി ) |
| ചെലവ് | ₹40,68,280<br>ബിൽ നമ്പർ . 2/DP/ 16-17 dtd 09-03-2017--₹17,43,240<br>ബിൽ നമ്പർ . 4/DP/ 16-17 dtd 31-03-2017--₹23,25,040 |

2015-16 ൽ 578/16 നമ്പർ പ്രോജക്ട് പ്രകാരം 11 സാംസ്കാരിക കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഫർണിച്ചറുകൾ, ലൈബ്രറി, അലമാര എന്നിവ വാങ്ങുന്നതിനും 11 സാംസ്കാരിക കേന്ദ്രങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുമാണ് കലാ സാംസ്കാരിക കായിക വികസനം യുവജനക്ഷേമം മേഖലയിൽ ഉൾപ്പെടുത്തി ₹75,15,000 വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയത്. ഇതുപ്രകാരം 2015-16 ൽ ₹8,70,896/- ചെലവഴിച്ച് അലമാര, മേശ,കമ്പ്യൂട്ടർ ടേബിൾ, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങി വിതരണം ചെയ്യുകയും ആയതിന്റെ കരാർ പത്രം വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

2016-17 ൽ സ.ഉ.(സാധാ) നമ്പർ 1384/ 2014 ത.സ്വ.ഭ.വ തീയ്യതി 03-06-2014 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിനെ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി തെരഞ്ഞെടുക്കുകയും 03-03-2016 ലെ കെൽട്രോണിന്റെ MKTG/F1/SP 668/PEG (S)/15-16/527 നമ്പർ കത്ത് പ്രകാരം 11 സാംസ്കാരിക കേന്ദ്രങ്ങളിൽ സോളാർ പാനൽ (0ff grid) 4 Kwp solar power plant with battery back up (12V 150 AH -8 Nos ) സ്ഥാപിക്കുന്നതിന് MNRE സബ്സിഡി കഴിച്ച് ഒരെണ്ണത്തിന് ₹5,83,150 പ്രകാരമുള്ളത് സ്ഥാപിക്കുന്നതിനുള്ള ശുപാർശ നൽകുകയുണ്ടായി.

കെൽട്രോൺ നടത്തിയ ഫീൽഡ് തല റിപ്പോർട്ട് പ്രകാരം 7 കേന്ദ്രങ്ങളിൽ മാത്രമേ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. 01/2017 ലെ സി 1/ 4768/15 നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം കെൽട്രോണിന്റെ 05-01-2016 (തീയ്യതിയിൽ അപാകമുണ്ട്) MKTG/F1/SP 668/PEG (S)/16-17/419 നമ്പർ കത്ത് പ്രകാരം 3 കേന്ദ്രങ്ങളിൽ 4KWp യുടേതും 4 കേന്ദ്രങ്ങളിൽ 3KWp യുടേതും roof top solar power plant with battery സ്ഥാപിക്കുന്നതിന് ₹34,86,480 എസ്റ്റിമേറ്റ് ലഭ്യമാക്കുകയുണ്ടായി. ഇതുപ്രകാരം 4KW solar power plant with Battery bank of 12V 150 AH (8 Nos) , 3KW solar power plant with Battery bank of 12V 200 AH (4 Nos) ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് അംഗീകരിച്ച് 23-02-2017 ൽ സി 1/4768/15 നമ്പർ കത്ത് പ്രകാരം സോളാർ പാനൽ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. 18-02-2017 ലെ MKTG/F2/CSP137/PEG (S)/16-17/498 കത്ത് പ്രകാരം കരാർ ഒപ്പുവെക്കുന്നതിനായി കരാർപത്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരാറിൽ നമ്പറും തീയ്യതിയും രേഖപ്പെടുത്തുകയോ ഒപ്പിട്ട നിർവഹണ ഉദ്യോഗസ്ഥന്റെ സീൽ പതിക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ 5 പ്രകാരം 50% തുക മുൻകൂറും 40% തുക സാധനങ്ങൾ ലഭ്യമാക്കിയതിനു ശേഷവും 10% സ്ഥാപിച്ച് കമ്മീഷൻ ചെയ്തതിനുശേഷവും നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കെൽട്രോണിന്റെ 29-03-2017 ലെ MKTG/F2/CSP158/PEG (S)/16-17/582 നമ്പർ കത്ത് പ്രകാരം പുഞ്ചവയൽ സാസ്കാരിക നിലയത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് 100% തുകയും മുൻകൂറായി നൽകുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ (invoice No PG/SOLAR/PI.74/16-17 Dtd 29-03-2017) 4KWp solar power plant with battery സ്ഥാപിക്കുന്നതിന് ₹5,81,800 മുൻകൂറായി നൽകിയിട്ടുണ്ട് .

29-03-2017 ലെ MKTG/F2/CSP147/PEG (S)/16-17/5823 നമ്പർ കത്തിൽ വർക്ക് ഓർഡർ പ്രകാരമുള്ള പ്രവൃത്തി 30-04-2017 നകം പൂർത്തിയാക്കുമെന്നും ആയതിനാൽ ബാക്കിയുള്ള 50% തുക കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30-03-2017ലെ സി 7/4768/2015 നമ്പർ ഉത്തരവുപ്രകാരം 7 സോളാർ പാനലുകളുടെ മുൻകൂർ നൽകിയ 50% തുക കഴിച്ച് ബാക്കിയുള്ള 50% തുകയായ ₹17,43,240 യും പുഞ്ചവയൽ സാംസ്കാരിക നിലയത്തിൽ സോളാർ പ്ലാന്റിന്റെ വിലയായ ₹5,81,800 യും ഉൾപ്പെടെ ആകെ ₹ 23,25,040 കെൽട്രോണിന് നൽകുകയുണ്ടായി.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

<u>1) ആവശ്യകത പരിഗണിക്കാതെ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു .</u>

2016-17 ൽ നടപ്പിലാക്കിയ സോളാർ സ്ഥാപിക്കൽ എന്ന പദ്ധതി സാംസ്കാരിക സ്ഥാപനങ്ങളുടെ വൈദ്യുതി ഉപഭോഗം പരിഗണിക്കാതെയും ഭാവിയിലുണ്ടാകുന്ന അറ്റകുറ്റപ്പണി ചെലവ് പരിഗണിക്കാതെയും വ്യക്തമായ പഠനം നടത്താതെയുമാണ് നടപ്പിലാക്കിയത്. പുഞ്ചവയൽ സാംസ്കാരിക നിലയത്തിൽ സോളാർ പാനൽ സ്ഥാപിച്ചത് പരിശോധിച്ചപ്പോൾ പ്രതിമാസ വൈദ്യുതി ചാർജ്ജ് കേവലം ₹189 മാത്രമായിരുന്നു എന്നു കാണുകയുണ്ടായി. ഈ രീതിയിൽ വൈദ്യുതി ബിൽ തുക കണക്കാക്കുകയാണെങ്കിൽ ഒരു വർഷം ₹2268 (12 X 189) മാത്രമേ ഒടുക്കേണ്ടതായിട്ടുള്ളൂ. 256 വർഷം (ഇന്നത്തെ താരിഫ് അടിസ്ഥാനത്തിൽ)

ഒടുക്കിയാൽ പോലും ഇതിനു മുതൽ മുടക്കിയ തുകയിലേക്ക് എത്തിച്ചേരാനാവില്ല എന്ന വസ്തുത പദ്ധതി ആവിഷ്കരിക്കുന്ന വേളയിൽ വിസ്മരിക്കപ്പെട്ടു. കൂടാതെ വാർഷിക അറ്റകുറ്റപ്പണിക്കുള്ള ചെലവ് ഇതിന് പുറമെ വേറെയും കാണേണ്ടതായി വരും. കരാർ വ്യവസ്ഥ പ്രകാരം 5 വർഷത്തെ ഗ്യാരണ്ടി മാത്രമേ സോളാർ പാനലുകൾക്കുള്ളൂ. കൂടാതെ 25 വർഷത്തെ പെർഫോമൻസ് വാറണ്ടിയും. 5 വർഷത്തിനുശേഷമുള്ള വർഷങ്ങളിലെ സംരക്ഷണ ചെലവ് സ്ഥാപനം വഹിക്കേണ്ടതായും വരും.

<u>2) സോളാർ സ്ഥാപിക്കാൻ തെരഞ്ഞെടുത്ത സ്ഥാപനത്തെ തന്നെ സാധ്യതാ പഠനം നടത്താൻ ചുമതലപ്പെടുത്തി</u>

പ്രൊജക്ട് പ്രകാരം 11സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ₹64,15,000 വകയിരുത്തിയിട്ടുണ്ടെന്ന് കെൽട്രോണിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു കേന്ദ്രത്തിന് ₹5,83,181 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തത്. കൂടാതെ പദ്ധതിക്കു വേണ്ടി തുക വകയിരുത്തിയ ശേഷം സോളാർ സ്ഥാപിക്കാൻ തെരഞ്ഞെടുത്ത സ്ഥാപനത്തെ തന്നെ സാധ്യതാ പഠനം നടത്തുന്നതിന് ഏല്പിക്കുകയും സ്ഥാപനം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കുകയുമാണ് ചെയ്തത്.

<u>3) പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.</u>

സാംസ്കാരിക കേന്ദ്രങ്ങളെ മാതൃകാ ലൈബ്രറികളാക്കുന്നതിനും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും സാധാരണക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്നുമ്പ്രം സാംസ്കാരിക നിലയം സന്ദർശിച്ചതിൽ ഇങ്ങനെ ഒരു സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നും ബാറ്ററിയും ഇൻവേർട്ടറും സ്ഥാപിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച സ്റ്റെയർ കേസ് റൂമിലും സോളാർ പാനൽ സ്ഥാപിച്ചിരിക്കുന്നത് തൊട്ടടുത്ത അംഗൻവാടി കെട്ടിടത്തിലുമാണെന്ന് കണ്ടു. കൂടാതെ അംഗീകരിച്ച പ്രോജക്ട് പ്രകാരം 3KWp സോളാർ പവർ പ്ലാന്റ് പാൽച്ചുരം കമ്മ്യൂണിറ്റി ഹാളിലും സ്ഥാപിച്ചിട്ടുണ്ട്.

<u>4) എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി.</u>

കെൽട്രോണിന്റെ 05-01-2016 (തീയ്യതിയിൽ അപാകമുണ്ട്) MKTG/F1/SP 668/PEG (S)/16-17/419 നമ്പർ കത്ത് പ്രകാരം 3 കേന്ദ്രങ്ങളിൽ 4KW solar power plant with Battery bank of 12V 150 AH (8 Nos) 4 കേന്ദ്രങ്ങളിൽ 3KW solar power plant with Battery bank of 12V 200 AH (4 Nos) 29-03-2017 ലെ MKTG/F2/CSP158/PEG (S)/16-17/582 നമ്പർ കത്ത് പ്രകാരം 4KW solar power plant with Battery bank of 12V 150 AH (8 Nos) roof top solar power plant with battery സ്ഥാപിക്കുന്നതിനുമാണ് കരാർ വെച്ചിരിക്കുന്നത് . എന്നാൽ സാംസ്കാരിക നിലയം സന്ദർശിച്ചപ്പോൾ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്നുമ്പ്രം സാംസ്കാരിക നിലയം (കമ്മ്യൂണിറ്റി ഹാൾ), പുഞ്ചവയൽ സാംസ്കാരിക നിലയം കണ്ണപുരം എന്നിവിടങ്ങളിൽ 6V 250 AH Battery 16 Nos, 5KWP invertorആണ് സ്ഥാപിച്ചിരിക്കുന്നത്. എം.എൻ.ആർ.ഇ സ്പെസിഫിക്കേഷനിലുള്ള സോളാർ പവർ പ്ലാന്റ് തന്നെയാണോ സ്ഥാപിച്ചത് എന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തു

നിന്നുള്ള സാക്ഷ്യപത്രവും സോളാർ പ്ലാന്റുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും സബ്സിഡി വിവരങ്ങളും ലഭ്യമാക്കിയിട്ടുമില്ല.

5)കരാറിനു വിരുദ്ധമായി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പ് മുഴുവൻ തുകയും നൽകി.

കരാർ വ്യവസ്ഥ 5പ്രകാരം 50% തുക മുൻകൂറും 40% തുക സാധനങ്ങൾ ലഭ്യമാക്കിയതിനു ശേഷവും 10% സ്ഥാപിച്ച് കമ്മീഷൻ ചെയ്തതിനുശേഷവും നൽകേണ്ടതാണ്. എന്നാൽ Invoice No.PEG/SOLAR/PI.63/16-17 dtd 27-02-2017 പ്രകാരമുള്ള 7 സോളാർ പാനലുകളുടെ വിലയായ ₹34,86,480 യുടെ 50% ₹17,43,240 (ബിൽ നമ്പർ . 2/DP/ 16-17 dtd 09-03-2017 പ്രകാരം നൽകിയത് ) കഴിച്ച് ബാക്കിയുള്ള ₹17,43,240 യും പുഞ്ചവയൽ സാംസ്കാരിക നിലയത്തിൽ സോളാർ പ്ലാന്റി ന്റെ വിലയായ ₹5,81,800 യും ഉൾപ്പെടെ ആകെ ₹ 23,25,040 കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി സോളാർ പാനലുകൾ സ്ഥാപിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ടും നൽകുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും മുമ്പെ തന്നെ നൽകുകയുണ്ടായി.

6) സാംസ്കാരിക നിലയങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തതയില്ല.

സോളാർ പാനൽ സ്ഥാപിച്ച സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സോളാർ പാനലുകളുടെ മേൽനോട്ട ചുമതല, ഉടമസ്ഥത എന്നിവയ്ക്കുള്ള കരാറും ചമച്ചിട്ടില്ല.

7) മെയിന്റനൻസിന് സംവിധാനമൊരിക്കിയില്ല.

സോളാർ പവർ മുടക്കം കൂടാതെ ലഭിക്കുന്നതിന് സോളാർ പാനലുകളുടെ സംരക്ഷണ സംവിധാനം കൂടി ഒരുക്കേണ്ടതായിരുന്നു. അങ്ങനെ സംവിധാനം ഒരുക്കാത്തപക്ഷം പവർ ലഭിക്കാതെ വരികയും പദ്ധതി അപ്പാടെ പാഴാവുകയും ചെയ്യാനുള്ള സാധ്യത കണക്കിലെടുക്കാതെയാണ് പദ്ധതി ആവിഷ്കരിച്ചത്. അങ്ങിനെ ഒരു സംവിധാനം ഒരുക്കിയതായി ഉത്തരവാദപ്പെട്ടവർ വ്യക്തമാക്കിയിട്ടില്ല. ഇതു കൂടി പദ്ധതി പാഴാകാനുള്ള സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

8) ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് ഏറ്റെടുക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം പട്ടിക ജാതി വികസനത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ,പട്ടിക ജാതിക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവയും കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും എന്നതിൽ സ്റ്റേഡിയം നിർമ്മിക്കുക എന്നിവ മാത്രമേ ഉൾപ്പെടുന്നുള്ളൂ. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചുമതല മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാണ്.

സ.ഉ (എം.എസ്) നമ്പർ 4/2016/തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 4(8)ൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏല്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതും ആയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല

എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖ പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ചെയ്യാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 9-(vii) പ്രകാരം പട്ടിക ജാതി യുവജന വികസനത്തിനുവേണ്ടി എസ്.സി.പിഫണ്ടുകളുടെ 10% തുക ഗ്രാമപഞ്ചായത്തുകളും /നഗര ഭരണ സ്ഥാപനങ്ങളും മാത്രം വകയിരുത്തേണ്ടതാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും സ.ഉ (എം.എസ്) നമ്പർ 4/2016/തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ പ്രത്യേകം പറയാത്തതുമായ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകൽ, സോളാർ സ്ഥാപിക്കൽ എന്നിവയ്ക്ക് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വരും കാലങ്ങളിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് സോളാർ പവർ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള ഉദ്യമങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണെങ്കിലും ഇതിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ/സ്ഥലങ്ങളുടെ കാര്യത്തിൽ വീഴ്ച സംഭവിച്ചതായി വസ്തുതകളിൽ നിന്നും വ്യക്തമാണ്. പ്രത്യേക ഘടക പദ്ധതിയിനത്തിൽ കുറേ തുകയെങ്കിലും ചെലവ് വരുത്തുകയെന്നതിലേക്ക് പദ്ധതി ലക്ഷ്യം മാറിപ്പോയതായി ഓഡിറ്റിൽ അനുമാനിക്കുന്നു. എവിടെയും സ്ഥാപിക്കാൻ പറ്റുന്നതാണ് സോളാർ പാനൽ എന്നത് ശാസ്ത്രീയമായും യുക്തിസഹമായും ശരിയല്ല. കൂടാതെ പ്രോജക്ട് നടപ്പാക്കുന്നതിന് മുമ്പ് വ്യക്തമായ സാദ്ധ്യതാപഠനം നടത്താതെ ആവശ്യമില്ലാത്ത സ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിനാൽ ₹40,68,280 ചെലവ് പാഴ് ചെലവായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിൽ മേൽ കാണിച്ച അപാകങ്ങളുള്ളതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് മോണിറ്ററിംഗ് നടത്തേണ്ട വിഷയവും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-23** പട്ടിക ജാതി ( ബി.പി.എൽ ) കുടുംബങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം വിനിയോഗ വിവരവും അനുബന്ധരേഖകളും ഹാജരാക്കിയില്ല ചെലവ് തുക **₹1,25,61,982** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണം | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ ,പേര് | 829/17-പട്ടിക ജാതി ( ബി.പി.എൽ) കുടുംബങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം |
| അടങ്കൽ | ₹1,25,61,982 |

| | |
|---|---|
| ചെലവ് | ₹1,25,61,982 (ബിൽ നമ്പർ . 1/DP/ 16-17 dtd 25-02-2017 |

ജി.ഒ(ആർ.ടി) നമ്പർ 228/2016/പി.ഡി. തീയ്യതി 21-11-2016 പ്രകാരം സംസ്ഥാന സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ /ജോയിന്റ് കൺവീനർ, സമ്പൂർണ്ണ വൈദ്യുതീകരണം, ഇലക്ട്രിക്കൽ സർക്കിൾ കണ്ണൂരിന്റെ 12-01-2017 ലെ ഡി.ഡി.ഇ/ സി.ഐ.എസ്.ടി/ കണ്ണൂർ/ ടി.എസ്.2/ സമ്പൂർണ്ണ വൈദ്യുതീകരണം/2016-17/896 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ലൈൻ വലിക്കുന്നതിന് ₹ 8931982 യും 07-02-2017-ലെ ഡി.ഡി.ഇ/സി.ഐ.എസ്.ടി/കണ്ണൂർ/ ടി.എസ്.2/സമ്പൂർണ്ണ വൈദ്യുതീകരണം/2016-17/1071 നമ്പർ കത്ത് പ്രകാരം 726 കുടുംബങ്ങൾക്ക് വീട് വയറിംഗിന് ₹ 3630000 യും കൂടി ആകെ ₹ 1,25,61,982 മാണ് വകയിരുത്തിയിരിക്കുന്നത്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

1)726 കുടുംബങ്ങൾക്ക് വീട് വയറിംഗിന് ₹5000 പ്രകാരം ₹36,45,000 ആണ് ആവശ്യപ്പെട്ടത് (യഥാർത്ഥത്തിൽ ആവശ്യമായത് 726*5000 = ₹36,30,000). കെ എസ് ഇ ബി നല്കിയ സ്റ്റേറ്റ് മെന്റ് പ്രകാരം ഗ്രാമീണ മേഖലയിൽ 723 കുടുംബങ്ങൾ മാത്രമേയുള്ളൂ. (3കുടുംബങ്ങൾ അർബൻ ഏരിയയിലാണ്). ഇവർക്ക് വേണ്ടി ഒരു കുടുംബത്തിന് ₹5000 പ്രകാരം ₹36,15,000മാത്രമേ നൽകേണ്ടതുള്ളൂ. എന്നാൽ ₹36,30,000 നൽകിയിട്ടുണ്ട്. ഇത് പ്രകാരം ₹ 15,000/- അധികമാണ് നൽകിയിട്ടുള്ളത്.

2)ബി.പി.എൽ കുടുംബങ്ങൾക്കാണ് ആനുകൂല്യം നൽകുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ വിവരവും അർഹത വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല

3) എത്ര ദൂരം ലൈൻ വലിക്കുന്നുണ്ട് എന്നോ അതിനുള്ള വിശദമായ എസ്റ്റിമേറ്റോ ലഭ്യമാക്കിയിട്ടില്ല.

4) 21.02.2017 ലെ കരാർ പ്രകാരം പ്രവൃത്തി 31.03.2017 ൽ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹1,25,61,982 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ ₹ 15,000 ഉൾപ്പെടെ വിനിയോഗിക്കാത്ത മുഴുവൻ തുകയും തിരിച്ചീടാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## **3-24** <u>സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ ,കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, കൈപ്പറ്റ് രശീതി, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല - ₹ **60388** ടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ ,പേര് | 830/17- മേനോൻകുന്ന് സാംസ്കാരിക നിലയത്തിൽ ഫർണിച്ചർ, കമ്പ്യൂട്ടർഅനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹1,00,000( എസ്.സി.പി ) |
| ചെലവ് | ₹60388 (ബിൽ നമ്പർ . 3/DP/ 16-17 dtd31-03-2017 |

മേൽ പദ്ധതി പ്രകാരം കലാസാസ്കാരിക കായിക വികസനം യുവജനക്ഷേമം മേഖലയിൽ ഉൾപ്പെടുത്തി മേനോൻകുന്ന് സാംസ്കാരിക നിലയത്തിൽ ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ₹1,00,000 പ്രോജക്ട് തയ്യാറാക്കുകയും 2016-17 ൽ ₹60388 ചെലവഴിച്ച് റബ്കോവിൽ നിന്ന് മേശ, കസേര, അലമാര, കമ്പ്യൂട്ടർ ടേബിൾ എന്നിവയും (Invoice No RHW/16-17/746 dtd 25-03-2017) ₹38200 കെൽട്രോണിൽ നിന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും (Invoice No KSEDC/CLT/PRO/16-17/1022/30-03-2017) വാങ്ങിയിട്ടുണ്ട്. 2016-17 ൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി 2017-18 ബിൽ നമ്പർ .5/DP/ 16-17 dtd 22-06-2017പ്രകാരമാണ് കെൽട്രോണിന് തുക നൽകിയത്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം പട്ടിക ജാതി വികസനത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, പട്ടിക ജാതിക്കാർക്കുള്ള തൊഴിലധിഷ്ഠിതപരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവയും കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും എന്നതിൽ സ്റ്റേഡിയം നിർമ്മിക്കുക എന്നിവ മാത്രമേ ഉൾപ്പെടുന്നുള്ളൂ. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചുമതല മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാണ്.

സ.ഉ (എം.എസ്) നമ്പർ 4/2016/തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 4(8)പ്രകാരം പഞ്ചായത്ത് രാജ് നിയമപ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏല്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതും ആയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല . എന്നാൽ ഈ മാർഗ്ഗരേഖ പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ചെയ്യാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 9-(vii) പ്രകാരം പട്ടിക ജാതി യുവജന വികസനത്തിനുവേണ്ടി എസ്.സി.പി ഫണ്ടുകളുടെ 10% തുക ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ

സ്ഥാപനങ്ങളും മാത്രം വകയിരുത്തേണ്ടതാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും സ.ഉ (എം.എസ്) നമ്പർ 4/2016/തസ്വഭവ/11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ പ്രത്യേകം പറയാത്തതുമായ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടില്ല.

(2) പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും സാംസ്കാരിക കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തതിന്റെയും, ഇൻസ്റ്റാൾ ചെയ്തതിന്റെയും വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹60388 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-25** സർക്കാർ അനുമതിയില്ലാതെ സ്കൂളുകളിൽ ഷീ ഫ്രന്റലി ടോയലറ്റ് സ്ഥാപിക്കൽ - **74,75,000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ

പ്രോജക്ട് : 724/17- സ്കൂളുകളിൽ ഷീ ഫ്രന്റലി ടോയലറ്റ്

അടങ്കൽ : ₹74,75,000(വികസനഫണ്ട്)

ചെലവ് :₹74,75,000

ബിൽ നമ്പർ : 4/16-17 dtd 31-03-2017 --₹74,75,000

സ.ഉ.(ആർ.ടി ) നം 772/2012 ത.സ്വ.ഭ.വ .തീയ്യതി 16-03-2012 പ്രകാരം മെറ്റൽ ഇന്റസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ഇൻസിനേറ്റർ, ' ഇ 'ടോയലറ്റ് എന്നിവ ഉൾപ്പെട്ട ഷീ ടോയലറ്റ് യൂണിറ്റ് 23 എണ്ണം (Invoice No.MIL/TR/048/16-17 dtd24-03-2017) വാങ്ങി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1) പ്രസ്തുത ഉത്തരവുപ്രകാരം നഗര പ്രദേശങ്ങളിലും, ടൂറിസ്റ്റ കേന്ദ്രങ്ങളിലും, ചെറുപട്ടണങ്ങളിലും അനുയോജ്യമായ മറ്റ് പൊതു സ്ഥലങ്ങളിലും 'ഇ' ടോയലറ്റ് സ്ഥാപിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

2) ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം റേറ്റ് കോൺട്രാക്ട്, വാർഷിക അറ്റകുറ്റപ്പണി എന്നീകാര്യങ്ങളിൽ സർക്കാർ തീരുമാനം വരുന്നതുവരെ നിലവിലുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാണ് അനുമതിയുള്ളത് . എന്നാൽ നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ഇൻസിനേറ്റർ , ' ഇ 'ടോയലറ്റ് എന്നിവ ഉൾപ്പെടുന്ന യൂണിറ്റ് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതിയില്ല.

സർക്കാർ ഉത്തരവില്ലാതെയാണ് ഒരു യൂണിറ്റിന് 325000/- രൂപ വരുന്ന ഉപകരണങ്ങൾ നേരിട്ട് വാങ്ങിയിട്ടുള്ളത്. സ്കൂളുകളിൽ ഇ ടോയലറ്റ്, നാപ്കിൻ വെൽഡിംഗ് മെഷീൻ,

നാപ്കിൻ ഇൻസിനേറ്റർ എന്നിവ ഉൾപ്പെട്ട യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അഭാവത്തിലും പ്രവർത്തനക്ഷമത ഉറപ്പാക്കി ലക്ഷ്യം കണ്ടു എന്ന മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിലും ചെലവ് തുക 7475000/- രൂപ തടസ്സപ്പെടുത്തുന്നു.

സമകാലിക പശ്ചാത്തലത്തിൽ അവശ്യവും ശ്രദ്ധേയമായതുമായ പദ്ധതിയാണെങ്കിലും മാർഗ്ഗരേഖയിൽപ്പെടാത്താവ നടപ്പാക്കുന്നത് സർക്കാറിന്റെ മുൻകൂർ അനുമതിയോടെയാവണമെന്ന നിബന്ധന പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത് എന്ന വസ്തുത നിലനില്ക്കുന്നു.

## 3-26 വിദ്യാലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ, കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ

പ്രോജക്ട് : 720/17- വിദ്യാലയങ്ങൾക്ക് ഫർണിച്ചർ

അടങ്കൽ : ₹1,90,47,000

ചെലവ് : ₹1,90,47,000

ബിൽ നമ്പർ : 1) 5/16-17 dtd 31-03-2017 --₹30,47,000(റോഡിതരം )

2) 7/16-17 dtd 31-03-2017 --₹1,60,00,000(വികസനഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം 62 സ്കൂളുകൾക്ക് നൽകുന്നതിനായി റബ്കോവിൽ നിന്ന് 965 വീതം ഡെസ്കും ബെഞ്ചും ,226 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ RHW/16-17/700 dtd 24-03-2017) എന്നാൽ ജി.എച്ച് .എസ്.എസ്.പാലയാട് ; ജി.എച്ച് .എസ്.എസ്. എടയന്നൂർ ; ജി.എച്ച് .എസ്.എസ്.ചട്ടുകപ്പാറ ; ജി.എച്ച് .എസ്.എസ്.മുഴപ്പിലങ്ങാട്; ഇ.കെ.എൻ.ജി.എച്ച് .എസ്.എസ്.വേങ്ങാട് ; ജി.എച്ച് .എസ്.എസ്.തവിടിശ്ശേരി എന്നീ സ്ഥാപനങ്ങൾ ഡെസ്കും ബെഞ്ചും, മേശയും കസേരയും കൈപ്പറ്റിയതിന്റെയും,സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങളും ജി.എച്ച് .എസ്.എസ്. പാല എത്ര എണ്ണം കൈപ്പറ്റി എന്നതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൈപ്പറ്റ് രശീതി സമർപ്പിക്കാൻ വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ആയത് ലഭ്യമാക്കുന്ന മുറക്ക് പരിശോധനക്ക് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റും സ്റ്റോക്ക് വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-27 വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - ഇൻസ്റ്റാൾ ചെയ്ത് ഗുണമേന്മ പരിശോധിക്കുന്നതിന് മുമ്പ് തുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ

പ്രോജക്ട് : 721/17- ഗവ: സ്കൂളുകൾക്ക് കമ്പ്യൂട്ടർ

അടങ്കൽ : ₹36,00,000

ചെലവ് :₹35,78,900

ബിൽ നമ്പർ : 1) 2/16-17 dtd 29-03-2017 --₹13,21,440

2) 5/16-17 dtd 31-03-2017-- ₹6,78,560

3) 6/16-17 dtd 31-03-2017 --₹15,78,900

മേൽ പ്രോജക്ട് പ്രകാരം 21 സ്കൂളുകൾക്ക് വേണ്ടി കെൽട്രോണിൽ നിന്ന് രണ്ടു ഘട്ടമായി Invoice No.ITRG/16-17/8231/TTP/2490 dtd 14-02-2017 പ്രകാരം 48 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 48 UPS-ഉം , Invoice No. KSEDC/CLT/OA/1703 dtd23-03-2017 പ്രകാരം 82 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 82 UPS -ഉം ലഭ്യമാക്കുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവ ഇൻസ്റ്റാൾ ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാത്തതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.55/20.11.2017) മറുപടിയിൽ മുഴുവൻ കമ്പ്യൂട്ടറുകളും ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ട് 19.12.2017-ന് ഹാജരാക്കുകയുണ്ടായി. 8 സ്കൂളുകൾക്ക് 6 വീതം കമ്പ്യൂട്ടർ നൽകുന്നതിന് 27.1.2017-ലെ ജി.4/22940/2016 നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ ഉപ ഡയറക്ടർ കെൽട്രോൺ കോഴിക്കോട് മാനേജരെ അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 14.02.2017-ലെ ഇൻവോയ്സ് പ്രകാരം 48 കമ്പ്യൂട്ടറുകൾക്ക് തുക നൽകുകയുണ്ടായി. എന്നാൽ 3 സ്കൂളുകളിൽ മാത്രമാണ് 2017 മാർച്ച് മാസം കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തത്. ബാക്കിയുള്ള സ്കൂളുകളിൽ 2017 നവംബർ, ഡിസംബർ മാസങ്ങളിലാണ് ഇൻസ്റ്റാൾ ചെയ്തത്. കൂടാതെ 23.03.2017-ലെ ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടറുകളിൽ ഭൂരിഭാഗവും 2017 നവംബർ, ഡിസംബർ മാസങ്ങളിലാണ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മോണിറ്ററിംഗ് ഫലപ്രദമാക്കുന്ന കാര്യത്തിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## **3-28** സമഗ്ര വിദ്യാഭ്യാസ പദ്ധതി -- ഭക്ഷണം ,മോണിറ്ററിംഗ് എന്നീ ഇനങ്ങളിലെ ചെലവ് തുക ₹ **18,32,927** തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ

1)പ്രോജക്ട് : 35/17- സമഗ്ര വിദ്യാഭ്യാസ പദ്ധതി മുകുളം

അടങ്കൽ : ₹2552680

ചെലവ് : ₹1035214

ബിൽ നമ്പർ : 1/16-17 dtd 24-03-2017 --₹1035214(വികസനഫണ്ട്)

2)പ്രോജക്ട് : 707/17- സമഗ്ര വിദ്യാഭ്യാസ പദ്ധതി

അടങ്കൽ : ₹50,00,000

ചെലവ് : ₹7,97,713

ബിൽ നമ്പർ : 3/16-17 dtd 29-03-2017 --₹7,36,413(വികസനഫണ്ട്)

: 9/16-17 dtd 31-03-2017 --₹61300

2015-16 ൽ (പ്രോജക്ട് നം 565/16) ₹30,00,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ പത്താം തരത്തിലും പ്ലസ് ടുവിലും പഠിക്കുന്ന വിദ്യാർഥികൾക്ക് 40 മണിക്കൂർ സായാഹ്ന പരിശീലനം നൽകുന്ന വേളയിൽ ലഘു ഭക്ഷണം നൽകുന്നതിന് ₹20,60,000 യും മോണിറ്ററിംഗിന് ₹75,000 യും എസ്.എസ്.എൽ.സി പരീക്ഷ ചോദ്യപേപ്പർ പ്രിന്റിംഗ് കോച്ചിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് ₹ 7,00,000 യും ഗണിത സഹവാസ ക്യാമ്പിന് ₹1,65,000 യും വകയിരുത്തിയിരുന്നു. 2015-16 ൽ സ്കൂളുകൾ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ഒരു കേന്ദ്രത്തിന് ₹3000 പരിമിതപ്പെടുത്തി, ₹4,47,320 ലഘുഭക്ഷണയിനത്തിൽ മാത്രം ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായി 2016-17-ൽ നടപ്പിലാക്കിയ പ്രോജക്ടാണ് 35/17. ഇതു പ്രകാരം മുൻവർഷം ലഘുഭക്ഷണയിനത്തിൽ ചെലവഴിച്ച (ഒരു കേന്ദ്രത്തിൽ 10000/- രൂപ പരിമിതപ്പെടുത്തി 2015-16-ൽ നൽകിയതിന്റെ ബാക്കി) ₹9,53,802 യും ഗണിത സഹവാസ ക്യാമ്പ് ഇനത്തിൽ ₹56,870 യും മോണിറ്ററിംഗിന് ₹24,542 യും ചെലവഴിച്ചിട്ടുണ്ട്. 2016-17-ൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രോജക്ട് (707/2017) തയ്യാറാക്കുകയും ആയതിൽ ലഘുഭക്ഷണത്തിനായി 7,97,713 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

1)തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സർക്കാരിന്റെ 11-01-2016 തീയതിയിലെ സ.ഉ.(എം.എസ്.)നം.4/2016ഉത്തരവ്) ഖണ്ഡിക 22 , 2015-16 പ്രാബല്യത്തിലുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ് ) 362/13 തസ്വഭവ തീയ്യതി 16-11-2013 ) ഖണ്ഡിക 19 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ പെടാത്ത ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കാണ് മോണിറ്ററിംഗ് നടത്തിയ ഇനത്തിൽ തുക നൽകിയിട്ടുള്ളത്. കൂടാതെ സ.ഉ.(എം.എസ്.)നം.4/2016തസ്വഭവ തീയ്യതി 11-01-2016 ഭാഗം 6 ൽ 20 പ്രകാരം പദ്ധതി ആസൂത്രണ -നിർവഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ഇതേ പേരിൽ ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും പദ്ധതി ആസൂത്രണ -നിർവഹണ മോണിറ്ററിംഗ് ചെലവുകൾക്കായി മറ്റ് പ്രോജക്ടുകളിൽ തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2) 2015-16 പ്രാബല്യത്തിലുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ( സ.ഉ. (എം.എസ് ) 362/13 തസ്വഭവ തീയ്യതി 16-11-2013 ) പ്രകാരം ഹോണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന

വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ് എന്നും സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അധ്യാപകരുടെ സേവനത്തിന് ഒരു വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് ₹3000 പരിധിക്ക് വിധേയമായി വികസന ഫണ്ട് ചെലവഴിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം ഒരു കേന്ദ്രത്തിന് ₹10000 വീതം ലഘുഭക്ഷണയിനത്തിനാണ് ചെലവ് ചെയ്തിട്ടുണ്ട്. ആയത് മേൽ ഉത്തരവ് ഖണ്ഡിക 10 പ്രകാരം അനുവദനീയമായവയിൽ ഉൾപ്പെടുന്നുമില്ല.

3) ലഘുഭക്ഷണയിനത്തിലുള്ള ചെലവിൽ നഗരസഭാ പ്രദേശത്തുള്ള സ്കൂളുകൾക്കും തുക അനുവദിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത സ്കൂളുകൾക്ക് തുക ചെലവഴിച്ചതിന് കാരണം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മോണിറ്ററിങ്ങ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിക്കാം എന്ന വ്യവസ്ഥയുള്ളതിനാലാണ് ജില്ലാ വിദ്യാഭ്യാസ ആഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് മോണിറ്ററിംഗിന് അനുമതി നൽകിയത് എന്നും ജില്ലാ പഞ്ചായത്തിന്റെ 8.1.16-ലെ സാധാരണ യോഗത്തിന്റെ തീരുമാന പ്രകാരമാണ് ലഘുഭക്ഷണത്തിന് തുക വകയിരുത്തിയത് എന്നും കണ്ണൂർ ജില്ലയിലെ സ്കൂളുകളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനാണ് റവന്യൂ ജില്ലയിലെ മുഴുവൻ സ്കൂളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

മോണിറ്ററിംഗിന് പ്രത്യേക പദ്ധതി തയ്യാറാക്കാമെന്നിരിക്കെ പ്രോജക്ടിൽ ഉൾപ്പെടുത്തി മോണിറ്ററിംഗ് ചെലവ് നടത്തിയതിനാലും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായ വർക്കിംഗ് ഗ്രൂപ്പിൽപ്പെട്ട മറ്റൊരു ഉദ്യോഗസ്ഥനെ സെക്രട്ടറി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്തതിനാലും, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭക്ഷണത്തിന് ചെലവ് നടത്തിയതിനാലും ₹ 18,32,927 ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-29 ജില്ലാ ആശുപത്രി ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ -മുൻകൂർ തുക 76.56 ലക്ഷം നൽകിയിട്ടും കെ.എം.എസ്.സി.എൽ.. ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണം | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജ്കട് നമ്പർ ,പേര് | 807/17- ജില്ലാ ആശുപത്രി ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹86,69,601.--(വികസന ഫണ്ട് ,പൊതുവിഭാഗം) |

| | |
|---|---|
| ചെലവ് | ₹76,56,233 (ബിൽ നമ്പർ.08/16-17 തീയ്യതി 22-03-2017) |

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്ന ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നതിനായി 22-02-2017 ലെ KMSCL/EP/101/2016 നമ്പർ പ്രൊഫോർമ ഇൻവോയ്സ് 765 പ്രകാരമുള്ള 4 ഇനങ്ങളിൽ 3 എണ്ണവും 25-02-2017 ലെ KMSCL/EP /101/2016 പ്രൊഫോർമ ഇൻവോയ്സ് 769 പ്രകാരമുള്ള ഒരിനവും വാങ്ങുന്നതിന് ₹76,56,233 മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ</u>

<u>1) ഉപകരണങ്ങൾ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.</u>

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കേണ്ട മാമോഗ്രാഫി മെഷീൻ, വൈഡൽ ഗ്യാസ്ട്രോസ്കോപ്പ് & കൊളണോസ്കോപ്പി എന്നിവയ്ക്ക് റേറ്റ് കോൺട്രാക്റ്റ് ഉള്ളവയാണ്. ഇവ 8 ആഴ്ചക്കകം നൽകാമെന്നുള്ള വ്യവസ്ഥ പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റേറ്റ് കോൺട്രാക്റ്റ് ഇല്ലാത്ത ഇനങ്ങളുടെ വില (Flexible Nasopharingolaryngoscope , Fully Automated Immuno Assay Analyser) ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങിയതിന് ശേഷം കൃത്യമായി അറിയിക്കുന്നതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റേറ്റ് കോൺട്രാക്റ്റുള്ള ഉപകരണങ്ങൾ പോലും മുൻകൂർ തുക നൽകിയിട്ടും കൃത്യസമയത്ത് ലഭ്യമാക്കിയിട്ടില്ല.

<u>2) KMSCL-യുമായി കരാറിൽ ഏർപ്പെട്ടില്ല:-</u>

മുൻകൂർ തുക നൽകുമ്പോൾ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20/03.11.17) മറുപടിയിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും എത്രയും വേഗം നടപടികൾ പൂർത്തിയാക്കി വിതരണം ചെയ്യുന്നതാണെന്നും കെ.എം.എസ്.സി.എൽ അധികൃതരുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങാൻ കെ.എം.എസ്.സി.എൽ ടെണ്ടർ നടപടിപോലും സ്വീകരിക്കാതെയാണ് ഉപകരണങ്ങൾ നൽകുന്നതിന് മുൻകൂർ തുക വാങ്ങിയിട്ടുള്ളത്. മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹76,56,233 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ 12/17 വരെയും ലഭ്യമാക്കാത്തതും സമയബന്ധിതമായി നടപ്പാക്കേണ്ട ഇത്തരം പ്രോജക്ടുകൾ കൃത്യമായി നടപ്പിലാക്കാത്തതും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-30 ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്ന് വാങ്ങൽ–- മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവഹണം | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജക്ട് നമ്പർ, പേര് | 351/17- ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ മരുന്ന് ,പരിചരണ സാമഗ്രികൾ ,സുഖദായക ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹10,00,000 |
| ചെലവ് | ₹10,00,000 (ബിൽ നമ്പർ.05/16-17 തീയ്യതി 09-03-2017) |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് പ്രോഫോർമ ഇൻവോയ്സ് നം. PRF-1414 dtd 12-01-2017 പ്രകാരം KMSCL ന് ₹10,00,000 നൽകിയിട്ടുണ്ട് . എന്നാൽ ₹9,58,097-നുള്ള മരുന്ന് ലഭിച്ചതിന്റെ വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ₹41903-ന്റെ മരുന്ന് ലഭിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 18/02-11-2017) മറുപടിയിൽ മരുന്ന് ലഭിച്ചു കഴിഞ്ഞാൽ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബിൽ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-31 സ്ത്രീ സൗഹൃദ കേന്ദ്രം സ്ഥാപിക്കൽ - സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ല ചെലവ് തുക ₹ 4,16,716 തടസ്സപ്പെടുത്തുന്നു.

നിർവഹണം : സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി ,കണ്ണൂർ

പ്രോജക്ട് : 382/17 - സ്ത്രീ സൗഹൃദ കേന്ദ്രം,സീതാലയം

അടങ്കൽ : ₹10,00,000 (വികസന ഫണ്ട്)

ചെലവ് : ₹ 416716

ബിൽ നമ്പർ : (1) 2/16-17 dtd 29-01-2017-- ₹161403

(2) 4/16-17 dtd 02-03-2017 -- ₹ 61700

(3) 6/16-17 dtd 24-03-2017 -- ₹140531

(4)10/16-17 dtd 31-03-2017 -- ₹53082

കുടുംബപരമായ പ്രശ്നങ്ങൾ കാരണമോ സാമ്പത്തിക പ്രശ്നങ്ങൾ കാരണമോ വീട് ഇല്ലാതായി പോകുന്നവരും വീട്ടിൽ നിൽക്കാൻ പറ്റാത്ത സാഹചര്യം വരുന്നവരുമായ സ്ത്രീകൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ഒരു താല്ക്കാലിക അഭയ കേന്ദ്രം എന്ന

രീതിയിൽ നടപ്പാക്കുന്ന പ്രോജക്ടാണിത്. പദ്ധതിയിൽ റക്കറിംഗ് എക്സ്പെൻഡിച്ചർ (ഹോണറേറിയം,ഭക്ഷണം, വസ്ത്രം നൽകൽ) നോൺ റക്കറിംഗ് എക്സ്പെൻഡിച്ചർ (ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള സാധനങ്ങൾ ഉപകരണങ്ങൾ എന്നിവ വാങ്ങൽ) എന്നീ ചെലവുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

<u>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ</u>

(1) ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന സീതാലയം പദ്ധതിയുടെ തുടർ പ്രവർത്തനം എന്ന രീതിയിൽ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടില്ല.

(2) പ്രോജക്ടിൽ ഉൾപ്പെടുത്തി വാർഡൻ, ഓഫീസ് അറ്റൻഡന്റ് കം സെക്യൂരിട്ടി, കുക്ക് കം ക്ലീനർ എന്നീ തസ്തികകളിൽ ആളെ നിയമിക്കുകയും ഹോണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖണ്ഡിക 7.2 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (ഖണ്ഡികയിൽ പരാമർശിച്ച ഇളവ് ഒഴികെ)

(3) പ്രോജക്ട് പ്രകാരം അന്തേവാസികൾക്കാവശ്യമായ ഭക്ഷണം നൽകുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 11.10 ൽ ഉൾപ്പെടാത്ത ഇനത്തിനാണ് ഭക്ഷണവിതരണത്തിന് തുക വകയിരുത്തി ചെലവ് ചെയ്തതിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തിയതിനാൽ ₹ 416716 തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. സർക്കാർ അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-32 <u>ജില്ലാ ഹോമിയോ ആശുപത്രി , ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ -- സാക്ഷ്യപത്രം ഹാജരാക്കിയില്ല - 6,02,550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

നിർവഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി

പ്രോജക്ട് : 696/17 - ജില്ലാ ഹോമിയോ ആശുപത്രി , ആയുർവേദ ആശുപത്രി -മാലിന്യ സംസ്കരണം

അടങ്കൽ : ₹10,00,000

ചെലവ് : ₹602550 (ബിൽ നമ്പർ 9/16-17 dtd 31-03-2017)

കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സർക്കാർ അംഗീകൃത സ്ഥാപനമായ KSIE നൽകിയ സ്പെസിഫിക്കേഷനിലുള്ള പ്ലാന്റ് അവരുടെ തനത് ഉല്പന്നമല്ല എന്ന് ഫോൺ വഴി അറിയിച്ചതിനാൽ (കാരണമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയത്) 'ഇ' 'ടെണ്ടർ നടപടികൾ പാലിച്ചാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. Steel Tech cort solutions Pvt Limited എന്ന സ്ഥാപനമാണ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത് . സ്ഥാപിച്ചിരിക്കുന്ന പ്ലാന്റ് ടെണ്ടർ പ്രകാരമുള്ള സ്പെസിക്കേഷനിൽ തന്നെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ റിപ്പോർട്ടും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 602550/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-33 ജില്ലാ ഹോമിയോ ആശുപത്രി ,കണ്ണൂർ - ലാബ് റീ ഏജന്റ് ,മരുന്ന് വാങ്ങൽ അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി ,കണ്ണൂർ

പ്രോജക്ട് : 379/17 - കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി മരുന്ന് ,ലാബ് റീഎജന്റ് വാങ്ങൽ

അടങ്കൽ : ₹10,00,000 (വികസന ഫണ്ട്)

ചെലവ് : ₹10,00,000

ബിൽ നമ്പർ : (1) 3/16-17 dtd 25-02-2017-- ₹ 800000

(2) 7/16-17 dtd 28-03-2017 --₹ 200000

₹ 200000 ലാബ് റീ ഏജന്റ് വാങ്ങുന്നതിനും ₹ 800000 ഫാർമസിയിലേക്ക് മരുന്ന് വാങ്ങുന്നതിനുമാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ലാബ് റീ ഏജന്റ് വാങ്ങുന്നതിന് 06-10-2016 , 07-11-2016 എന്നീ തീയ്യതികളിൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Lead Medicals,Kannur ; Aristo Agencies Kannur എന്നീ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഫാർമസിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ഇൻവോയ്സ് നമ്പർ PF 949 dtd 04-01-2017 പ്രകാരം 25-02-2017 ന് ₹ 800000 മുൻകൂറായി നൽകിയിട്ടുണ്ട് (അക്കൗണ്ട് ട്രാൻസ്ഫർ).

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1) സ.ഉ.(പി) നമ്പർ 259/2010 തസ്വഭവ തീയ്യതി 08-11-2010 പ്രകാരം ₹100000 കൂടുതലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേന നടത്തേണ്ടതാണ്. എന്നാൽ പദ്ധതി അടങ്കൽ ₹ 200000 ആയിരിക്കെ ₹100000 വീതമുള്ള ക്വട്ടേഷൻ ക്ഷണിച്ചാണ് ലാബ് റീ ഏജന്റ് വാങ്ങിയിരിക്കുന്നത്. ടെണ്ടർ നടപടി ക്രമം പാലിക്കാതെ ക്വട്ടേഷൻ വിളിച്ചത് ശരിയായ നടപടിയല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്ന് സൂക്ഷിക്കുന്നതിനുള്ള

സ്ഥലപരിമിതി കാരണമാണ് ഇങ്ങനെ വാങ്ങിയത് എന്നാണ് അറിയിച്ചത്. എന്നാൽ 10/16,11/16 എന്നീ മാസങ്ങളിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയ റീ ഏജന്റുകൾ 01-03-2017, 02-03-2017 എന്നീ തീയ്യതികളിലാണ് ലഭിച്ചിട്ടുള്ളത് .

2) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്ന് മരുന്ന് ലഭ്യമായതിന്റെയും പ്രസ്തുത സ്ഥാപനവുമായി കരാർ ചമച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്ന് ലഭ്യമായിട്ടുണ്ട് എന്നും ആയത് സ്റ്റോക്കിലെടുത്ത് വരികയാണെന്നുമാണ് അറിയിച്ചത്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-34 മെഡിക്കൽ ക്യാംമ്പിനോടനുബന്ധിട്ടുള്ള പോഷകാഹാരകിറ്റ് വിതരണം സർക്കാർ മുൻകൂർ അനുമതി വാങ്ങാതെ പ്രോജക്റ്റ് നടപ്പിലാക്കി - 4,62,840 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണം | ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ), കണ്ണൂർ. |
| പ്രോജ്കട് നമ്പർ ,പേര് | 416/17-എസ്.ടി. കോളനികളിലെ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാംമ്പ് |
| അടങ്കൽ | 20,00,000/-രൂപ,<br>വികസനഫണ്ട് (ടി എസ് പി) |
| ചെലവ് | ₹16,66,036<br>ബിൽ നമ്പർ : 01/2016-17 dtd 28-03-2017 --₹1500000<br>ബിൽ നമ്പർ : 02/2016-17 dtd 31-03-2017 --₹166036 |
| പോഷകാഹാര കിറ്റ് വിതരണ ചെലവ് | ₹4,62,840 കോ-ഓപ്പറേറ്റീവ് സൂപ്പർ മാർക്കറ്റ് തളിപ്പറമ്പ്<br>( തളിപ്പറമ്പ് ചെത്തുതൊഴിലാളി സഹകരണ സംഘം) |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സർക്കാരിന്റെ 11-01-2016 തീയതിയിലെ

സ.ഉ.(എം.എസ്.)നം.4/2016ഉത്തരവ്) ഖണ്ഡിക 11.10 പ്രകാരമുള്ള ഭക്ഷണവിതരണപരിപാടികളിൽ ഉൾപ്പെടാത്ത ഇനമായ എസ്.ടി. കോളനികളിലെ വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് വിതരണത്തിനുള്ള ചെലവ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കി.

2. ക്വട്ടേഷൻ / ടെണ്ടർ നടപടി പാലിക്കാതെ കോ-ഓപ്പറേറ്റീവ് സൂപ്പർ മാർക്കറ്റ് തളിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും പോഷകാഹാര കിറ്റ് വാങ്ങിക്കുകയും അവയ്ക്കുള്ള കയറ്റിറക്ക് കൂലി, വാഹനവാടക എന്നിവ നൽകുകയും ചെയ്തു.

3. എട്ട് കേന്ദ്രങ്ങളിൽ 2000 പോഷകാഹാര കിറ്റ് വിതരണം ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇവ വിതരണം ചെയ്തതിന്റെ വ്യക്തമായ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല.

4. പ്രോജക്റ്റ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 17/ 02-11-2017) മറുപടിയിൽ മോണിറ്ററിംഗ് നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്

പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്തതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെയും പ്രോജക്റ്റ് നടപ്പിലാക്കുകയും കൃത്യമായ കൈപ്പറ്റുകൾ വാങ്ങാതെ പോഷകാഹാര കിറ്റ് വിതരണം ചെയ്യുകയും പദ്ധതി മോണിറ്ററിംഗ് സമയബന്ധിതമായി നടത്താതിരിക്കുകയും ചെയ്തതിനാൽ പോഷകാഹാര കിറ്റ് വിതരണത്തിന് ചെലവഴിച്ച ₹4,62,840 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-35 കുടുംബശ്രീ ജില്ലാതല പരിശീലനകേന്ദ്രം - ഗ്രാമപഞ്ചായത്ത് സ്ഥലം കൈമാറിയില്ല-നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിൽ തടസ്സം - 6,28,699 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നിർവഹണ ഉദ്യോഗസ്ഥനായി കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2012-2013 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 93,70,000/-രൂപയുടെ അടങ്കലിൽ ആരംഭിച്ച കുടുംബശ്രീ ജില്ലാതല പരിശീലനകേന്ദ്രം എന്ന പ്രൊജക്റ്റ് പ്രകാരമുള്ള കെട്ടിടനിർമ്മാണവും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും 2016-2017 വർഷത്തിൽ പൂർത്തീകരിക്കുകയുണ്ടായി. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റി.സ163/3സർവ്വെ നമ്പറിലുള്ള 0.7490 ഹെക്ടറിൽ ഉൾപ്പെട്ട സ്ഥലത്താണ് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലാ നിർമ്മിതികേന്ദ്രമാണ് പ്രവൃത്തിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവഹണം പൂർത്തിയാക്കിയിട്ടുള്ളത്. കരാർ പ്രകാരം 2015 മാർച്ചിൽ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ മാർച്ച് 2017 ലാണ് നിർമ്മിതികേന്ദ്രം പൂർത്തിയാക്കിയത്. കെട്ടിടനിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും 81,24,699/-രൂപയാണ് ചെലവഴിച്ചത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 25-03-2013 | 18,74,000 | ഒന്നാം ഗഡു |
| 2 | 30-03-2015 | 18,74,000 | രണ്ടാം ഗഡു |
| 3 | 09-02-2016 | 18,74,000 | മൂന്നാം ഗഡു |
| 4 | 26-03-2016 | 18,74,000 | നാലാം ഗഡു |
| 5 | 1/16-17തീയതി 31-03-2017 | 6,28,699 | അന്തിമഗഡു |
| | ആകെ | 81,24,699 | |

നിർവ്വഹണത്തിലെ അപാകങ്ങൾ:

1)ഗ്രാമപഞ്ചായത്ത് സ്ഥലം കൈമാറിയില്ല-പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2012-2013 വാർഷികപദ്ധതിയിലുള്ള കുടുംബശ്രീ ട്രെയിനിംഗ് സെന്റർ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീ.സ 163/3-ൽ ഉൾപ്പെട്ട സ്ഥലത്ത് സ്ഥാപിക്കുന്നതിന് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് സമ്മതമാണെന്നും സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് ജില്ലാ പഞ്ചായത്തിന് സ്ഥലം വിട്ടുനൽകുന്നതാണെന്നുമുള്ള കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23-01-2013 ലെ 13/13(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്ത് പ്രൊജക്ടിന്റെ നിർവഹണം ആരംഭിച്ചത്. പിന്നീട് പ്രവൃത്തി ആരംഭിക്കുന്നതിനായി നിർമ്മിതി കേന്ദ്രക്ക് സ്ഥലം കൈമാറുന്നതിന് സ്ഥലത്തിന്റെ ഒക്കുപ്പൻസി ലഭിക്കുന്നതിന് ജില്ലാപഞ്ചായത്ത് ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് വിട്ടുനൽകണമെന്ന ഉപാധിയിലാണ് ഒക്കുപ്പൻസി കൈമാറുന്നത് സംബന്ധിച്ച് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് (കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13-03-2013 തീയതിയിലെ 41/13 നമ്പർ തീരുമാനം) ജില്ലാപഞ്ചായത്തിനെ അറിയിച്ചത്. ഗ്രാമപഞ്ചായത്തിന്റെ 23-01-2013 ലെ തീരുമാനത്തിൽ നിന്നും വ്യതിചലിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകണമെന്ന ഉപാധിയോടെ 13-03-2013 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തത് ജില്ലാപഞ്ചായത്തിന് സ്ഥലം കൈമാറുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യം മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ

പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനും വൈദ്യുതി, കുടിവെള്ള കണക്ഷനുൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനും ജില്ലാപഞ്ചായത്തിന് ഇക്കാരണത്താൽ സാധിച്ചിട്ടില്ല. സ്ഥലം കൈമാറുന്നത് സംബന്ധിച്ച് സർക്കാർ അനുമതിക്കായി ജില്ലാപഞ്ചായത്ത് 09-10-2013 തീയതിയിൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തെഴുതിയിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശമുള്ള കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഇക്കാര്യം സർക്കാരിലേക്ക് അറിയിക്കുകയോ സർക്കാരിലേക്ക് അയച്ച പ്രൊപ്പോസലിന്റെ പകർപ്പ് ജില്ലാപഞ്ചായത്തിന് നൽകുകയോ ചെയ്തിട്ടില്ല. സ്ഥലം കൈമാറ്റം നടത്തി ഗ്രാമപഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി വാങ്ങാതെ പദ്ധതിനിർവഹണം ആരംഭിക്കുകയും നിർവഹണം പൂർത്തീകരിക്കുന്നതിന് മുൻപെങ്കിലും ഇക്കാര്യത്തിൽ പരിഹാരനടപടികൾ സ്വീകരിക്കാതിരുന്നതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് ആരായേണ്ടതും വിവരങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

<u>2)മണ്ണ് കട്ട് ചെയ്ത് നിരപ്പാക്കുന്ന പ്രവൃത്തി-കട്ട് ചെയ്ത മണ്ണ് പ്രയോജനപ്പെടുത്തിയില്ല-69,084/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.</u>

നിർമ്മാണപ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അപ്പൻഡിക്സ്-1 ഇനം നമ്പർ-2 പ്രകാരം മണ്ണ് കട്ട് ചെയ്ത് നിരപ്പാക്കുന്നപ്രവൃത്തി ഉണ്ട്. മണ്ണ് കട്ട് ചെയ്യുന്ന പ്രവൃത്തിയിൽ റോയൽറ്റി ഫീസ് ഇളവ് നൽകണമെന്നും കട്ട് ചെയ്യുന്ന മണ്ണ് നല്ല മണ്ണാണെന്നും പ്രയോജനപ്പെടുത്താവുന്നതാണെന്നും 3480m3 മണ്ണ് കട്ട് ചെയ്ത് നിരപ്പാക്കുന്ന പ്രവൃത്തി തുടരുന്നതിനുള്ള അനുമതിക്കായി ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സബ് കലക്ടർക്ക് കത്തെഴുതിയിട്ടുണ്ട്. (എ3-2773/12/15-03-2014).റോയൽറ്റി ഫീസ് ഒടുക്കിയത് സംബന്ധിച്ചും പരിസ്ഥിതി വകുപ്പിൽ നിന്നുള്ള അനുമതി (മൈനിംഗ്&ജിയോളജി വകുപ്പ് -ജില്ലാ ഓഫീസിന്റെ 24-02-2014തീയതിയിലെ നം.ഡി.ഒ.സി/എം-518/14 കത്ത്) സംബന്ധിച്ചും രേഖകൾ ഹാജരാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കട്ട് ചെയ്ത മണ്ണ് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. മാത്രവുമല്ല ,മെഷർമെന്റ് ബുക്ക് KNK/1398/13 നമ്പർ-2(136.30M3), നമ്പർ-4(26.48M3) പ്രകാരം ബേസ് മെന്റ് ഫില്ലിംഗിനായി (അപ്പൻഡിക്സ്-2 ഇനം -8) 162.78 M3 മണ്ണ് വാങ്ങിയതിന് 69,083.83 രൂപ നിർമ്മിതികേന്ദ്രത്തിന് അനുവദിച്ചിട്ടുമുണ്ട്. കട്ട് ചെയ്ത മണ്ണ് (3480m3) ബേസ് മെന്റ് ഫില്ലിംഗിന് പോലും ഉപയോഗിക്കാതെ എന്തു ചെയ്തു എന്നത് സംബന്ധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. കട്ട് ചെയ്ത മണ്ണ് പ്രയോജനപ്പെടുത്തിയത് സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. ലെവൽ ഫീൽഡ് ബുക്കും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കട്ട് ചെയ്ത മണ്ണ് ഉപയോഗപ്പെടുത്താതെ ബേസ് മെന്റ് ഫില്ലിംഗിനായി വാങ്ങിയ 162.78 M3 മണ്ണ് വാങ്ങിയത് ക്രമപ്രകാരമല്ല.

കണ്ണൂർ ജില്ലയിലെ കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ കീഴിൽ വരുന്ന എല്ലാ ജില്ലാതല പരിശീലനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും മറ്റ് സ്ഥാപനങ്ങളിലെയും പരിശീലനങ്ങളും നടത്തുന്നതിനായി ലക്ഷ്യമിട്ട് 81,24,699/-രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ കെട്ടിടത്തിൽ പരിശീലനകേന്ദ്രം

പ്രവർത്തനം തുടങ്ങുവാൻ സാധിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാൽ 2016-2017 വർഷത്തെ 6,28,699/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ രണ്ടാം ഘട്ടമായി കുടുംബശ്രീ ട്രെയിനിംഗ് സെന്ററിൽ പരിശീലാർത്ഥികൾക്ക് താമസ സൗകര്യമൊരുക്കുന്നതിനായി 2017-2018 വർഷത്തിൽ പ്രൊജക്ട് രൂപീകരിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതു കൂടി പൂർത്തിയാക്കിയാൽ മാത്രമേ ട്രെയിനിംഗ് സെന്റർ പ്രവർത്തനം ആരംഭിക്കുവാനാകുകയുള്ളൂവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## **3-36** <u>സ്കൂളുകളിൽ ബയോഗ്യാസ് നിർമ്മാണം - സ്ഥാപിക്കുന്നതിന് മുൻപ് നിർവ്വഹണ ഏജൻസിക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. 9,12,870/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു, 86940/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.</u>

ജില്ലയിലെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഡെപ്യൂട്ടി ഡയരക്ടർ,കൃഷി (വാട്ടർ മാനേജ്മെന്റ്) നിർവഹണഉദ്യോഗസ്ഥനായി പ്രൊജക്ട് നടപ്പിലാക്കുകയുണ്ടായി.

| | | |
|---|---|---|
| നിർവഹണം | ഡെപ്യൂട്ടി ഡയരക്ടർ,കൃഷി(വാട്ടർ മാനേജ്മെന്റ്) | |
| പ്രോജ്കട് നമ്പർ ,പേര് | 729/17,സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | |
| അടങ്കൽ | 10,00,000/-രൂപ വികസനഫണ്ട് (പൊതു വിഭാഗം-സാധാരണവിഹിതം) | |
| ചെലവ് | 9,99,810/-രൂപ | ബിൽ നം./തിയ്യതി |
| | | 06/16-17/31.03.17<br>റെയ്ഡ്കോ,കണ്ണൂർ |

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം-പ്രൊജക്ട് നിർവഹണത്തിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

<u>1-ഇൻസ്റ്റലേഷന് മുൻപ് റെയ്ഡ്കോ എന്ന സ്ഥാപനത്തിന് മുഴുവൻ തുകയും നൽകിയത് ക്രമപ്രകാരമല്ല.</u>

ജില്ലയിലെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രൊജക്ടിൽ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാണെന്ന റിപ്പോർട്ട് ലഭിക്കാതെയാണ് റെയ്ഡ്കോ, കണ്ണൂരിന് മുഴുവൻ തുകയും നൽകിയത്. ഇതു സംബന്ധിച്ച്

താഴെപ്പറയുന്ന സ്കൂളുകളിൽ നടത്തിയ അന്വേഷണത്തിൽ ലഭ്യമായ വിവരം ചുവടെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പാല | സാധനസാമഗ്രികൾ എത്തിച്ചിട്ടുണ്ട്.സ്ഥാപിച്ചിട്ടില്ല.ടാങ്കിന് കേടുപാട് സംഭവിച്ചിട്ടുണ്ട്. |
| ഇം.എം.എസ് സ്മാരക ഗവ: ഹയർ സെക്കണ്ടറി സ്കൂൾ,പാപ്പിനിശ്ശേരി | സാധനസാമഗ്രികൾ എത്തിച്ചിട്ടുണ്ട്.സ്ഥാപിച്ചിട്ടില്ല. |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,ചുഴലി | 13.10.2017-നാണ് സ്ഥാപിച്ചത്. |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,എടയന്നൂർ | സാധധനസാമഗ്രികൾ എത്തിച്ചിട്ടുണ്ട്.സ്ഥാപിച്ചിട്ടില്ല. |
| ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,ചാല | സ്ഥാപിച്ചത് 27.09.2017-നാണ്. ഇപ്പോൾ പ്രവർത്തനക്ഷമമല്ല. |

പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമാണ് തുക സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻപ് തന്നെ തുക കൈമാറിയത് ക്രമപ്രകാരമല്ല.തുക കൈമാറി 6മാസങ്ങൾ കഴിഞ്ഞിട്ടും മുഴുവൻ സ്കൂളുകളിലും പ്ലാന്റ് സ്ഥാപിച്ചിട്ടില്ല എന്നതും പദ്ധതി നിർവഹണത്തിലുണ്ടായ വീഴ്ചയാണ്. സ്ഥാപിച്ച പ്ലാന്റുകൾ വളരെ പെട്ടെന്ന് പ്രവർത്തനക്ഷമമല്ലാതാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് ഭൂരിഭാഗം സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതെന്ന് സ്കൂളുകളിൽ നിന്ന് ലഭിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. പ്ലാന്റിന് വാറന്റി കാലയളവ് നിഷ്കർഷിച്ചിട്ടില്ലാത്തതും അപാകമാണ്. 23 സ്കൂളുകളിൽ 21 എണ്ണത്തിൽ മാത്രമാണ് പ്ലാന്റ് സ്ഥാപിച്ചത്.

<u>2-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിന്റെ ചെലവ് അനുവദനീയമല്ല.43,470/- രൂപ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.</u>

23 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിൽ ഒരെണ്ണം എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളായ നടുവിൽ ഹയർ സെക്കണ്ടറി സ്കൂളിലാണ് സ്ഥാപിച്ചത്. ജില്ലയിലെ സർക്കാർ ഹയർ

സെക്കണ്ടറി സ്കൂളിൽ സ്ഥാപിക്കേണ്ട പ്ലാന്റ് എയ്ഡഡ് സ്കൂളിൽ സ്ഥാപിച്ചതിന് തുക നൽകിയത് ക്രമപ്രകാരമല്ല. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 09-01-2017 ലെ 04/2017(8) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ലിസ്റ്റിലുൾപ്പെട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളായ ശ്രീപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ച ബയോ ഗ്യാസ് പ്ലാന്റ് തെറ്റിദ്ധാരണ മൂലം സ്കൂൾ മാറി സ്ഥാപിച്ച് പോയതാണെന്നും പ്ലാന്റ് ശ്രീപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നുമാണ് നിർവഹണഉദ്യോഗസ്ഥൻ മറുപടി നൽകിയത്. തെറ്റിധാരണ മൂലം മാറിപ്പോയതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി നീതികരിക്കത്തക്കതല്ല. മാത്രവുമല്ല പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു തരത്തിലും ശ്രദ്ധ ചെലുത്തിയിട്ടില്ലെന്നും ഇതിൽ നിന്നും വ്യക്തമാണ്. പ്ലാന്റ് സ്ഥാപിച്ചത് സംബന്ധിച്ച യാതൊരു പരിശോധനയോ മോണിറ്ററിംഗോ ഇല്ലാതെയാണ് പ്രൊജക്ട് പ്രകാരമുള്ള തുക നിർവഹണ ഏജൻസിക്ക് കൈമാറിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് യൂണിറ്റിനുള്ള 43,470/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. 43,470/-രൂപ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3- പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമില്ല.-43,470/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പാപ്പിനിശ്ശേരി ഇ എം എസ് സ്മാരക ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ് മാസ്റ്ററുടെ 09-11-2017 തീയതിയിലെ കത്ത് പ്രകാരം പ്രസ്തുത സ്കൂൾ ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇപ്പോൾ ലഭ്യമല്ലെന്ന് അറിയിക്കുകയുണ്ടായി. പ്ലാന്റിന്റെ ആവശ്യകത കണക്കിലെടുക്കാതെ ബയോഗ്യാസ് പ്ലാന്റ് വാങ്ങിയതിനാൽ 43,470/-രൂപ ചെലവഴിച്ച് പാപ്പിനിശ്ശേരി ഇ എം എസ് സ്മാരക ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് വേണ്ടി വാങ്ങിയ പ്ലാന്റ് വെറുതെ കിടക്കുന്നു.ആവശ്യകത പരിശോധിക്കാതെ പ്ലാന്റ് വാങ്ങിയതിനാലുണ്ടായ 43,470/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

4-സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റിന്റെ ക്ഷമത പരിശോധന വിധേയമാക്കിയിട്ടില്ല.

പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് (2m3-43,470/-രൂപ) നിശ്ചയിച്ചതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രൊജക്ട് പ്രകാരം നിശ്ചയിച്ച സ്പെസിഫിക്കേഷനിലുള്ള ബയോഗ്യാസ് പ്ലാന്റ് തന്നെയാണ് സ്ഥാപിച്ചതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകളും ഹാജരാക്കുകയുണ്ടായില്ല.

5.മോണിറ്ററിംഗ് നടത്താതെയുള്ള പ്രൊജക്ട് പൂർത്തീകരണം.

പ്ലാന്റിന്റെ പ്രവർത്തവും ഉപയോഗവും സംബന്ധിച്ച് വിദ്യാഭ്യാസം,സംസ്കാരം,കലാകായിക-യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രൊജക്ടിന്റെ നിർവഹണ വേളയിൽ മോണിറ്ററിംഗ് നടത്താത്തത് പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ തടസ്സമായി എന്ന് വ്യക്തമാണ്.

പ്ലാന്റ് സ്ഥാപിക്കാതെ തുക നൽകിയതിനാലും പ്രൊജക്ട് നിർവഹണത്തിലുണ്ടായ മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാലും 21 സർക്കാർ സ്കൂളുകൾക്ക് വേണ്ടി ചെലവഴിച്ച 9,12,870/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ച പ്ലാന്റിന് വേണ്ടിയുള്ള 43,4770/-രൂപയുടെയും ആവശ്യകത പരിശോധിക്കാതെ പാപ്പിനിശ്ശേരി ഇ എം എസ് സ്മാരക ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് വേണ്ടി വാങ്ങിയ പ്ലാന്റിനുള്ള 43,470/-രൂപയുടെയും ഉൾപ്പെടെ ആകെ 86,940/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-37 നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം-സംയുക്തപ്രോജക്ടുകൾക്കുള്ള ഫണ്ട് കൈമാറുന്നതിലെ കാലതാമസം-₹23,41,800 ഗ്രാമപഞ്ചായത്ത് തലത്തിൽ വിനിയോഗിക്കാതെ കിടക്കുന്നു.

2016-2017 വാർഷികപദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പ്രൊജക്ടിൽ 69,99,000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവഹണം | ഡെപ്യൂട്ടി ഡയരക്ടർ,കൃഷി(വാട്ടർ മാനേജ്മെന്റ്) | |
| പ്രോജക്ട് നമ്പർ, പേര് | 726/17,നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |
| അടങ്കൽ | 1,40,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം-70,00,000/-രൂപ വികസനഫണ്ട് (പൊതു വിഭാഗം-സാധാരണവിഹിതം)<br>ഗ്രാമപഞ്ചായത്ത് വിഹിതം- 70,00,000/-രൂപ | |
| ചെലവ് | ബിൽ നം./തിയ്യതി | തുക |
| | 2/16-17/16-03-17 | 21,37,176 |
| | 3/16-17/16-03-17 | 18,16,800 |
| | 4/16-17/31-03-17 | 5,46,024 |

| | | |
|---|---|---|
| | 5/16-17/31-03-2017 | 24,99,000 |
| | ആകെ | 69,99,000 |

<u>പദ്ധതി നിർവഹണത്തിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

ഗ്രാമപഞ്ചായത്ത് തലത്തിൽ വിനിയോഗം നടന്നില്ല. 23,41,800/-രൂപ വിനിയോഗിക്കാതെ കിടക്കുന്നു.

പദ്ധതിയുടെ നിർവഹണചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. നെൽകൃഷി ചെയ്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയും ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസറുടെ അഭ്യർത്ഥന പ്രകാരം തുക നൽകുകയുമാണ് ചെയ്യുന്നത് .പദ്ധതിക്കായി വകയിരുത്തിയ 69,99,000/- രൂപ 2017 മാർച്ച് മാസത്തിലാണ് 32 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച നൽകുന്നത്. ഇപ്രകാരം ലഭ്യമാക്കിയ തുകയിൽ 13 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് തുക വിനിയോഗിച്ചതെന്നും 19 ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിക്കാൻ ബാക്കിയുണ്ടെന്നും ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം

| ക്രമനമ്പർ | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക | വിനിയോഗിച്ച തുക | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | മാട്ടൂൽ | 66,000 | 0 | 66,000 |
| 2 | ചെമ്പിലോട് | 28,800 | 0 | 28,800 |
| 3 | കോളയാട് | 24,000 | 0 | 24,000 |
| 4 | മുണ്ടേരി | 2,10,000 | 0 | 2,10,000 |
| 5 | കൊളച്ചേരി | 1,50,000 | 0 | 1,50,000 |
| 6 | മയ്യിൽ | 10,50,000 | 9,00,000 | 1,50,000 |
| 7 | കടന്നപ്പള്ളി | 2,25,000 | 0 | 2,25,000 |

| | | | | |
|---|---|---|---|---|
| | പാണപ്പുഴ | | | |
| 8 | കുറ്റ്യാട്ടൂർ | 3,00,000 | 0 | 3,00,000 |
| 9 | ഇരിക്കൂർ | 9,000 | 0 | 9,000 |
| 10 | മാടായി | 90,000 | 0 | 90,000 |
| 11 | പരിയാരം | 5,88,852 | 5,46,024 | 42,828 |
| 12 | മലപ്പട്ടം | 1,14,000 | 0 | 1,14,000 |
| 13 | കരിവെള്ളൂർ പെരളം | 3,60,000 | 0 | 3,60,000 |
| 14 | എരമം കുറ്റൂർ | 1,96,500 | 0 | 1,96,500 |
| 15 | പടിയൂർ | 1,50,000 | 0 | 1,50,000 |
| 16 | അഞ്ചരക്കണ്ടി | 54,000 | 0 | 54,000 |
| 17 | പേരാവൂർ | 72,000 | 0 | 72,000 |
| 18 | പായം | 90,000 | 0 | 90,000 |
| 19 | ആറളം | 9,672 | 0 | 9,672 |
| | ആകെ | | | 23,41,800 |

ഫണ്ട് ലഭിക്കുവാൻ വന്ന കാലതാമസം മൂലം 2016-2017 വർഷത്തിൽ പ്രൊജക്ട് നിർവഹണം സാധ്യമായില്ലെന്നും 2017-18 വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടിൽ തുക ചെലവഴിക്കുമെന്നുമാണ് മലപ്പട്ടം, പടിയൂർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്തുകൾ നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചത്. സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് അതാത്

സാമ്പത്തികവർഷം ഡിസംബർ 31 നകം കൈമാറിയിരിക്കണമെന്നും കൈപ്പറ്റിയ തുക അതാത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണമെന്നും അങ്ങിനെ ചെലവഴിക്കാത്ത തുക അത് നൽകിയ തദ്ദേശഭരണസ്ഥാപനത്തിലേക്ക് തിരിച്ചടക്കണമെന്നും സർക്കാരിന്റെ 16-11-2013 തീയതിയിലെ സ.ഉ (എം.എസ്).362/2013/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം ഫണ്ട് കൈമാറുന്നതിൽ വരുത്തിയ കാലതാമസം കാരണമാണ് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നിർവഹണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതെന്ന് വ്യക്തമാണ്. ജില്ലാ പഞ്ചായത്തിന് 69,99,000/- രൂപ ചെലവുള്ള പ്രൊജക്ടിൽ ഇപ്പോഴും 23,41,800/-രൂപ ഗ്രാമപഞ്ചായത്ത് തലത്തിൽ ചെലവഴിക്കാതെ കിടക്കുകയാണ്. ഗ്രാമപഞ്ചായത്തിൽ നി ന്നും സമയബന്ധിതമായി ക്ലെയിം വാങ്ങി നിർവഹണ കലണ്ടർ പ്രകാരമുള്ള ഫണ്ട് കൈമാറ്റം നടക്കുന്നതിലുണ്ടായ വീഴ്ചമൂലം പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കാൻ സാധിക്കാതെ വന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 3-38 കണ്ണൂർ ജില്ലാ മൊബൈൽ മണ്ണ് പരിശോധന ലാബ് ശാക്തീകരണം-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.5,81,230/-രൂപയുടെ ചെലവ് തടസ്സപ്പെട്ടുത്തുന്നു.

കണ്ണൂർ ജില്ലാ മൊബൈൽ മണ്ണ് പരിശോധന ലാബ് ഓഫീസിന്റെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിലേക്കായി പി.ഡബ്ല്യു.ഡി സ്പെഷ്യൽ ബിൽഡിംഗ്സ് സെക്ഷൻ കണ്ണൂരിന് എസ്റ്റിമേറ്റ് തുകയായ 5,81,230/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) | |
|---|---|---|
| പ്രോജ്ക്ട് നമ്പർ, പേര് | 682/17, കണ്ണൂർ ജില്ലാ മൊബൈൽ മണ്ണ് പരിശോധന ലാബ് ശാക്തീകരണം | |
| അടങ്കൽ | 10,00,000/- രൂപ വികസന ഫണ്ട് (പൊതു വിഭാഗം-സാധാരണ വിഹിതം) | |
| ചെലവ് | 5,81,230/- രൂപ | ബിൽ നം./തിയ്യതി<br>01/16-17/17.02.2017. |

പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആയിട്ടുണ്ടെന്ന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെ നിർവ്വഹണം

നടത്തിയതിനാലാണ് പ്രവൃത്തി ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസമുണ്ടായത്. പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കാത്തതിനാൽ 5,81,230/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-39 നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം-ഫണ്ട് കൈമാറുന്നതിൽ വന്ന കാലതാമസം-ഗ്രാമപഞ്ചായത്തുകൾ ധനസഹായം സ്വീകരിച്ചില്ല-കർഷകർക്ക് നൽകേണ്ടിയിരുന്ന 10,76,874/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചു

2015-2016 വാർഷികപദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ നെൽകൃഷിക്ക് നിലമൊരുക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പ്രൊജക്റ്റിൽ (239/16) ജില്ലാ പഞ്ചായത്ത് വിഹിതമായ 43,03,401/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും (POC-11389446/ 30-03-16-35,64,159/- രൂപ, POC-11389447/30-03-16-7,39,242/-രൂപ) ഡിമാന്റ് ഡ്രാഫ്റ്റുകളാക്കി മാറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ചു നല്കുകയുമുണ്ടായി. 25-04-2016, 27-04-2016 എന്നീ തീയതികളിലുള്ള ഡിമാന്റ് ഡ്രാഫ്റ്റുകളാക്കിയാണ് പ്രൊജക്റ്റ് പ്രകാരമുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരുന്നത്. 37 പഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിൽ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി തുക സ്വീകരിച്ചില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

തുക സ്വീകരിക്കാതിരുന്ന ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ:

| ക്രമനമ്പർ | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക | |
|---|---|---|---|
| 1 | കല്ല്യശ്ശേരി | 1,28,124 | പ്രസ്തുത തുക ROP ആയി ചലാൻ നമ്പർ 136/ 26-09-2016 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. |
| 2 | കണ്ണപുരം | 1,65,000 | |
| 3 | കൊളച്ചേരി | 45,000 | |
| 4 | മുഴക്കുന്ന് | 15,000 | |
| 5 | സോണൽ ഓഫീസർ,എളയാവൂർ സോണൽ ഓഫീസ് | 60,000 | |
| 6 | ചെറുകുന്ന് | 1,50,000 | |

| | | | |
|---|---|---|---|
| 7 | മാട്ടൂൽ | 33,000 | |
| 8 | ഇരിക്കൂർ | 3,750 | |
| 9 | കുടാളി | 1,15,500 | |
| 10 | നാറാത്ത് | 75,000 | |
| 11 | ഇരിട്ടി നഗരസഭ (മുൻ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്) | 39,000 | |
| 12 | മാടായി | 45,000 | |
| 13 | രാമന്തളി | 82,500 | |
| 14 | ആറളം | 60,000 | |
| 15 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ-(WM) (ഡി ഡി നമ്പർ-269633/27.07.2016) | 60,000 | |
| | ആകെ | 10,76,874 | |

2015-2016 വാർഷിക പദ്ധതിയിൽ അനുവദിക്കേണ്ട വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചത് 2016-2017 വർഷത്തിലാണ്. ഇക്കാരണത്താൽ ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിനും സംയുക്ത പ്രൊജക്ട് പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. ഗ്രാമപഞ്ചായത്തുകളിൽ നിന്നും സമയബന്ധിതമായി ക്ലെയിമുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ചയാണ് പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണമായത്.

1. 2015-2016 വർഷത്തെ തുക സ്വീകരിച്ച പഞ്ചായത്തുകൾ പ്രസ്തുത പ്രൊജക്ട് 2016-2017 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയതിന്റെയും ഫണ്ട് വിനിയോഗിച്ചതിന്റെയും വിശദവിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ-(WM) 60,000/- രൂപ തിരിച്ചടച്ചത് (ഡിഡി നമ്പർ-269633/27.07.2016) ഏത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകിയ തുകയാണെന്ന് അറിയിച്ചിട്ടില്ല.

4. വിനിയോഗിക്കാത്ത തുകകൾ ഒരു മാസത്തിനകം തിരിച്ചടക്കണമെന്ന സർക്കാരിന്റെ നിർദ്ദേശം (സ.ഉ.(പി) നം.177/2006/ഫിൻ. തീയതി 12-04-2006) ലംഘിച്ച് 6 മാസത്തോളം ഡി ഡി കൈവശം വെച്ചത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണ്.

## **3-40** പാഷൻ ഫ്രൂട്ട് കൃഷി വികസനം-തൈകൾ മാത്രം വിതരണം നടത്തി പ്രൊജക്ട് അവസാനിപ്പിച്ചു- പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി(വൈ.പി) | |
| നമ്പർ, പേര് | 354/17,പാഷൻ ഫ്രൂട്ട് കൃഷി വികസനം | |
| അടങ്കൽ | 26,25,000/-രൂപ,<br>വികസനഫണ്ട്(പൊതുവിഭാഗംസാധാരണവിഹിതം-15,00,000രൂ,ഗുണഭോക്തൃവിഹിതം(സ്വയം വഹിക്കുന്നത്)-1,12,500/-രൂപ) | |
| ചെലവ് | 82,125/-രൂപ | ബിൽ നം./തിയ്യതി |
| | | 02/16-17/29.03.17<br>DAF തളിപ്പറമ്പ |

കർഷകഗ്രൂപ്പുകൾ കൃഷി ചെയ്ത് ഉണ്ടാക്കുന്ന പാഷൻ ഫ്രൂട്ട് കണ്ണൂർ ജില്ലാ കൃഷി ഫാമിലെ ഫ്രൂട്ട് പ്രൊസസിംഗ് യൂനിറ്റ് ശേഖരിച്ച് സംസ്കരിച്ച് ഉൽപ്പന്നങ്ങളായി വിപണനം നടത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രൊജക്ടാണിത്.ജൈവവളം,രാസവളം,കുമ്മായം എന്നിവ നൽകുന്നതിന് പ്രൊജക്ടിൽ തുക വകയിരുത്തിയെങ്കിലും കേവലം 73 ഗ്രൂപ്പുകൾക്ക് തൈകൾ മാത്രം വിതരണം നടത്തി പ്രൊജക്ട് അവസാനിപ്പിച്ചത് വഴി പദ്ധതി ലക്ഷ്യം കൈവരിക്കാതെ അവസാനിപ്പിക്കുകയാണുണ്ടായത്. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച നൽകിയ ഗ്രൂപ്പുകളിൽ ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതിയിൽ പങ്കാളികളായത് 73 ഗ്രൂപ്പുകൾ മാത്രമായതിനാലാണ് പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനിടയാക്കിയതെന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല.

## 3-41 ജൈവകൃഷി (വിഷരഹിത പച്ചക്കറി)-പച്ചക്കറി തൈകൾക്ക് അധിക വില നൽകി. 1,39,231/- രൂപ പദ്ധതി അധിക ചെലവ്

| | | |
|---|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി) | |
| പ്രോജ്കട് നമ്പർ, പേര് | 398/17, ജൈവകൃഷി (വിഷരഹിത പച്ചക്കറി) | |
| അടങ്കൽ | 44,80,000/- രൂപ,<br>വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം 35,00,000/- രൂപ,<br>ഗുണഭോക്തൃ വിഹിതം (സ്വയം വഹിക്കുന്നത്) -9,80,000/- രൂപ | |
| ചെലവ് | 8,08,812/- രൂപ | ബിൽ നം./തിയ്യതി |
| | | 01/16-17/29.03.2017<br>DAF തളിപ്പറമ്പ -3,45,600/- രൂപ<br>CNF പാലയാട്-2,97,720/- രൂപ<br>SSF വേങ്ങാട്-98,832/- രൂപ<br>SSF കാങ്കോൽ-66,660/- രൂപ |

പ്രൊജക്ടിന്റെ ഭാഗമായി 3,04,355 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തതിന് 8,08,812/- രൂപ അനുവദിക്കുകയുണ്ടായി. കൃഷി വകുപ്പ് ഡയറക്ടറുടെ 20-07-2015-ലെ TH(2) 43218/15 നമ്പർ സർക്കുലർ പ്രകാരം കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ നിന്നുള്ള പച്ചക്കറി തൈകളുടെ വിൽപ്പന വില 01.08.2015 മുതൽ 2/- രൂപ 20 പൈസയാണ്. എന്നാൽ പ്രൊജക്ടിൽ പച്ചക്കറി തൈകൾക്ക് 3/- രൂപ നിരക്ക് നൽകിയിട്ടുണ്ട്. 100 ശതമാനം സബ്സിഡിയിൽ 3,04,355 എണ്ണം പച്ചക്കറി തൈകൾക്ക് 6,69,581/- രൂപയാണ് (3,04,355*2.20) ഫാമുകൾക്ക് നൽകേണ്ടത്. എന്നാൽ ഈയിനത്തിൽ 8,08,812/- രൂപ അനുവദിക്കുകയുണ്ടായി. 1,39,231/- രൂപ ഈയിനത്തിൽ അധികം ചെലവഴിച്ചിട്ടുണ്ട്. പച്ചക്കറി തൈകൾ ഫാമുകളിൽ നിന്നും എല്ലാ കൃഷിഭവനുകളിലേക്കും എത്തിച്ച് നൽകുമ്പോഴുണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിനാണ് ഒരു തൈക്ക് 3/- രൂപ നിരക്ക് നിശ്ചയിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള സബ്സിഡിക്ക് മാത്രമാണ് ഗുണഭോക്താക്കൾക്ക് അർഹതയുള്ളത്. ട്രാൻസ്പോർട്ടേഷന് വേണ്ടിയുള്ള ചെലവുകൾ പ്രൊജക്ടിൽ പ്രത്യേകം വകയിരുത്തി ചെലവഴിക്കുകയോ ഗുണഭോക്തൃവിഹിതമായി ശേഖരിച്ച് ചെലവഴിക്കുകയോ ആണ് വേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതെ സർക്കാർ നിശ്ചയിച്ച നിരക്കിനെക്കാളും

അധികരിച്ച നിരക്കിൽ തൈകൾക്ക് വില നല്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ട് മോണിറ്ററിംഗ് നടത്താത്തതും അപാകമാണ്. 1,39,231/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കടത്തു കൂലിയും മറ്റും നൽകിയ രേഖകൾ ഹാജരാക്കാത്ത പക്ഷം അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്.

## 3-42 വയോജനപരിരക്ഷക്ക് വാഹനം വാങ്ങൽ–സർക്കാർ അനുമതി ഇല്ലാതെ വാഹനം വാങ്ങി- 7,42,074/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആസ്പത്രി (ആയുർവേദം) | |
| പ്രോജക്ട് നമ്പർ പേര് | 414/17, വയോജന പരിരക്ഷക്ക് വാഹനം വാങ്ങൽ | |
| അടങ്കൽ | 10,00,000/- രൂപ വികസന ഫണ്ട് (പൊതു വിഭാഗം-സാധാരണ വിഹിതം) | |
| ചെലവ് | | ബിൽ നം./തിയ്യതി |
| | 7,42,074/-രൂപ | 180/16-17/10.03.2017<br>മഹീന്ദ്ര & മഹീന്ദ്ര കമ്പനി ലിമിറ്റഡ്, കൊച്ചി |

ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തി വയോജനങ്ങൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി വാഹനം വാങ്ങി പ്രയോജനപ്പെടുത്തുവാനായിരുന്നു പ്രൊജക്ട് ലക്ഷ്യം. സർക്കാരിന്റെ 31-03-2006-ലെ ജി.ഒ.(എം.എസ്) 86/2006/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ മറ്റേതൊരാവശ്യത്തിനാണെങ്കിലും സർക്കാർ അനുമതിയോടു കൂടി മാത്രമേ വാഹനങ്ങൾ വാങ്ങാവൂ എന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സർക്കാരിന്റെ 11-01-2016 തീയതിയിലെ സ.ഉ.(എം.എസ്.) നം.4/2016 ഉത്തരവ്) അനുബന്ധം-15 ഖണ്ഡിക 7.3 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 31-03-2006-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ആവശ്യമില്ല. എന്നാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. വയോജന പരിരക്ഷയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രൊജക്ടിൽ ബൊലേറോ ZLX 2 WD 7SEATER BS4 എന്ന വാഹനം വാങ്ങിയത് സർക്കാർ അനുമതിയില്ലാതെയാണ്. സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയില്ലാതെ വാഹനം വാങ്ങിയത് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണ്. വാഹനം വാങ്ങിയ ശേഷം

ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, അറ്റകുറ്റപ്പണി, നികുതികൾ, ഇൻഷ്വറൻസ് എന്നീ ആവർത്തന ചെലവു ബാധ്യതകൾക്ക് എങ്ങനെ വിഹിതം കണ്ടെത്തുമെന്നത് വ്യക്തമല്ല. വാഹനത്തിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് വെഹിക്കിൾ ഹിസ്റ്ററി ബുക്ക് (സ്റ്റോക്ക് ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ) സൂക്ഷിച്ചിട്ടില്ല. നിലവിൽ ഇതുവരെയായും (28.-10.2017 തീയതി വരെയും) വയോജന പരിരക്ഷക്ക് വേണ്ടി വാഹനം ഉപയോഗിച്ചിട്ടില്ലെന്ന് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. ഇതിൽ നിന്നും ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് കൈമാറി ഉപയോഗിക്കാനുള്ള ശ്രമമാണോ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വൃദ്ധജന പരിപാലനാത്തിന് ഉപയോഗിക്കാൻ പറ്റുന്ന വാഹനമാണോ എന്ന കാര്യവും വ്യക്തമല്ല. വയോജന പരിരക്ഷക്ക് വേണ്ടി വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച് ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി ചേർന്ന് നിയമാവലി തയ്യാറാക്കിയിട്ടുള്ളതായി ജില്ലാ ആയുർവേദാശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. പ്രസ്തുത നയമാവലി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ വാഹനം വാങ്ങിയതിനാലും മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാലും ചെലവു തുക തടസ്സപ്പെടുത്തുന്നു.

വെഹിക്കിൾ ഹിസ്റ്ററി ബുക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതും വയോജനപരിരക്ഷക്ക് വേണ്ടി വാങ്ങിയ വാഹനം നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നാളിതു വരെ ഉദ്ദേശിച്ച ആവശ്യത്തിന് വാഹനം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ നൽകേണ്ടതാണ്. ആവർത്തന ചെലവുകൾ എങ്ങനെ വഹിക്കുന്ന എന്നതും വ്യക്തമാക്കേണ്ടതാണ്.

## 3-43 കണ്ണൂർ ജില്ലാ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രി മാനേജിംഗ് കമ്മറ്റികൾ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം വാർഷിക കണക്കുകൾ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. കണ്ണൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ജില്ലാ ആയുർവ്വേദാശുപത്രി മാനേജിംഗ് കമ്മറ്റിയുടെ 2004-05 മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഇതുവരെയും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. മാനേജ്മെന്റ് കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ട് (നം.57066507841) പ്രകാരം 31.03.2017-ൽ 17,88,987/- രൂപ നീക്കിയിരിപ്പുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രി (അലോപ്പതി), (ഹോമിയോ) എന്നീ സ്ഥാപനങ്ങളും 2004-05 മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-44 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,ബഡ്സ് സ്കൂളുകൾക്ക് ധനസഹായം-

## ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.23,09,850/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ, തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | SO828/17 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 23,00,000 (വികസന ഫണ്ട് –പൊതു വിഭാഗം) |
| ചെലവ് | 3,47,250/- |
| ബിൽ നമ്പർ, തീയതി | 11/16-17 30.03.2017 |

പദ്ധതി വിഹിതം ലഭിച്ച പഞ്ചായത്തുകൾ

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|
| കോളയാട് | 1,00,000 |
| കൊട്ടിയൂർ | 97,250 |
| പട്ടുവം | 1,50,000 |
| ആകെ | 3,47,250 |

2.

| | |
|---|---|
| പ്രോജക്ട നം. | SO305/17 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂളുകൾക്ക് ധനസഹായം |

| | |
|---|---|
| അടങ്കൽ | 30,00,000 (വികസന ഫണ്ട് – പൊതു വിഭാഗം) |
| ചെലവ് | 19,62,600/- |
| ബിൽ നമ്പർ, തീയതി | 6/16-17 23.01.2017<br>9/16-17 23.03.2017 |

പദ്ധതി വിഹിതം ലഭിച്ച പഞ്ചായത്തുകൾ

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|
| കരിവെള്ളൂർ- പെരളം | 3,00,000 |
| മാട്ടൂൽ | 3,00,000 |
| എരഞ്ഞോളി | 2,00,000 |
| കണ്ണപുരം | 6,57,600 |
| കൊളച്ചേരി | 5,05,000 |
| ആകെ | 19,62,600 |

ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ അപേക്ഷ നൽകിയ 3 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയിരിക്കുന്നത്. ബഡ്സ് സ്കൂളുകൾക്ക് ധനസഹായം എന്ന പ്രൊജക്ടിൽ അപേക്ഷ നൽകിയ 5 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് വിഹിതം അനുവദിച്ചിരിക്കുന്നത്. ജില്ലയിലെ മൊത്തം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആവശ്യമായ പദ്ധതി വിഹിതം എത്രയാണെന്ന് തിട്ടപ്പെടുത്തി പ്രൊജക്ട് രൂപീകരിക്കാത്തത് മൂലം സമൂഹത്തിലെ ഏറ്റവും അർഹരായവർക്ക് ലഭിക്കേണ്ട ധനസഹായം നഷ്ടപ്പെടുവാനിടയാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റ് രശീതും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ചെലവു തുക 23,09,850/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-45** സ്കൂൾ വിശ്രമ മുറികൾക്ക് ഫർണിച്ചർ–വിതരണ വിവരങ്ങൾ ലഭ്യമല്ല.**11,99,999/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | SO806/17 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ വിശ്രമ മുറികൾക്ക് ഫർണിച്ചർ |
| അടങ്കൽ | 12,00,000/- (വികസന ഫണ്ട് –പൊതു വിഭാഗം) |
| ചെലവ് | 11,99,999/- |
| ബിൽ നമ്പർ, തീയതി | 1/2017, 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ജില്ലാ വനിതാ വികസന ഓഫീസർ |

പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ വിശ്രമ മുറികളിൽ ആവശ്യമായ ഫർണിച്ചറുകൾ വാങ്ങി വിതരണം നടത്തുക എന്നതാണ് പ്രസ്തുത പദ്ധതി കൊണ്ട് ലക്ഷ്യമാക്കിയത്. മേൽ പദ്ധതി പ്രകാരം റബ്കോയിൽ നിന്നും 24 സ്കൂളുകളിലേക്കായി 2 കട്ടിൽ, 2 ബെഡ്ഡ്, 3 ചെയർ, 1 ഷെൽഫ്, 1 ടേബിൾ എന്നിവ വീതം വാങ്ങി വിതരണം നടത്തിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂളുകളിൽ ഫർണിച്ചർ വിതരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്കൂളുകളിലെ മേലധികാരികളിൽ നിന്നും ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രേഖകൾ ഒന്നും തന്നെ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ഫർണിച്ചർ –സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.14/03.10.2017). രേഖകൾ ഹാജരാക്കാത്തതിനാൽ 11,99,999/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-46** മൂവബിൾ ടിഷ്യൂ കൾച്ചർ റാക്കുകൾ സ്ഥാപിക്കൽ– നിഷ്കർഷിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള പരിശോധന സാക്ഷ്യപത്രമില്ല.**15,70,000/-**രൂപയുടെ

## ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം

കണ്ണൂർ ജില്ലാ കൃഷി ഫാമിലെ അഗ്രി-ബയോടെക്നോളജി വിഭാഗം അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്ന പ്രൊജക്റ്റിലുൾപ്പെടുത്തി (പ്രൊജക്ട് നമ്പർ-308/17, അടങ്കൽ:30 ലക്ഷം-തനത് ഫണ്ട്) ടിഷ്യു കൾച്ചർ ലാബിലേക്ക് 5 മൂവബിൾ ടിഷ്യു കൾച്ചർ റാക്കുകൾ വാങ്ങി സ്ഥാപിക്കുകയുണ്ടായി. ഇ-ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സെൽമക്ക് എൻജിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനമാണ് മൂവബിൾ ടിഷ്യു കൾച്ചർ റാക്കുകൾ സ്ഥാപിച്ചത്. നികുതികൾ ഉൾപ്പെടെ 15,70,000/- രൂപയാണ് എൽ.ഇ.ഡി സംവിധാനമുൾപ്പെടെയുള്ള റാക്കുകളുടെ വില (റിക്വസിഷൻ നമ്പർ-101/16-17/28-03-2017, ഡി.ഡി.നമ്പർ - 012142/15-04-2017). എന്നാൽ ടെണ്ടറിൽ നിഷ്കർഷിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങളാണ് സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളതെന്നത് സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള പരിശോധന സാക്ഷ്യപത്രം ഇല്ലാത്തതിനാൽ സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിലയിരുത്തൽ സാധ്യമായിട്ടില്ല. നിലവിൽ ഇവ ഉപയോഗിക്കുന്നില്ലെന്നും ഇവ ഉപയോഗിക്കുന്നതിനാവശ്യമായ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അഗ്രി ബയോടെക്നോളജി വിഭാഗത്തിൽ സ്വീകരിച്ചിട്ടില്ലെന്നും 14.11.2017 തീയതിയിൽ അഗ്രി-ബയോടെക്നോളജി വിഭാഗത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങളുള്ളതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ടിഷ്യു കൾച്ചർ റാക്കുകൾ ഉൾപ്പെടെയുള്ള എല്ലാവിധ ഉപകരണങ്ങളും പൂർണ്ണമായും പ്രയോജനപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി സൂപ്രണ്ട് അറിയിച്ചു.

15.70 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ടിഷ്യൂ കൾച്ചർ റാക്കുകൾ നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഇവ നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-47 കണ്ണൂർ ജില്ലാ കൃഷി ഫാമിലെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ–കെൽട്രോണിൽ നിന്നും വാങ്ങിയത് കെൽട്രോൺ നിർമ്മിത ഉൽപ്പന്നങ്ങളല്ല.

കണ്ണൂർ ജില്ലാ കൃഷി ഫാമിലെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന പ്രൊജക്റ്റിൽ കെൽട്രോണിൽ നിന്നും ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ (2 എണ്ണം), ലാപ് ടോപ്പ് (1 എണ്ണം), പ്രിന്ററുകൾ (2 എണ്ണം) എന്നിവ നേരിട്ട് വാങ്ങിക്കുകയുണ്ടായി. ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ (വില – 93,000/- രൂപ) ഒഴികെയുള്ള ഉപകരണങ്ങളൊന്നും തന്നെ കെൽട്രോൺ നിർമ്മിത ഉൽപ്പന്നങ്ങളല്ല. എല്ലാം സ്വകാര്യ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ്. സർക്കാരിന്റെ 02.12.2016 തീയതിയിലെ സ.ഉ.(സാധാ) നം.3299/2016/തസ്വഭവ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സ്ഥാപനം സ്വയം നിർമ്മിക്കുന്നവയ്ക്ക്

മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം ടെണ്ടറില്ലാതെ കെൽട്രോൺ നിർമ്മിത ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ കൃഷിഫാം, തളിപ്പറമ്പ | |
| പ്രോജക്ട് നമ്പർ, പേര് | 309/17, കണ്ണൂർ ജില്ലാ കൃഷി ഫാം ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | |
| അടങ്കൽ | 3,00,000/- രൂപ (തനത് ഫണ്ട്) | |
| ചെലവ് | 2,96,675/- രൂപ (മൊത്തം) | ഡി ഡി നം./തിയ്യതി |
| | 2,36,125/- രൂപ (കെൽട്രോണിന്) | 012146/15.04.2017 |

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് ഇക്കാര്യം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-48 കണ്ണൂർ ജില്ലാ കൃഷി ഫാമിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ– 2,92,000/-രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തികരിച്ചില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

കണ്ണൂർ ജില്ലാ കൃഷി ഫാമിലെ സെയിൽസ് കൗണ്ടർ, ക്വാർട്ടേഴ്സ് മുതലായവയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിലേക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോടിന് എസ്റ്റിമേറ്റ് തുകയായ 2,92,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, തളിപ്പറമ്പ | |
| പ്രോജക്ട് നമ്പർ, പേര് | 311/17, കണ്ണൂർ ജില്ലാ കൃഷി ഫാമിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ | |
| അടങ്കൽ | 5,20,000/- രൂപ (തനത് ഫണ്ട്) | |
| ചെലവ് | 2,92,000/- രൂപ | ഡി ഡി നം./തിയ്യതി |
| | | 2936369/29.03.2017 |

പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തി ഇതുവരെയായും പൂർത്തീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തി സംബന്ധിച്ച് പിഡബ്ല്യൂഡി യുമായി പ്രത്യേകം കരാറിലേർപ്പെട്ടുകയുണ്ടായില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 2,92,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-49 ഭവിഷ്യ നിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ വീഴ്ച-ഫാം ഫണ്ടിന് വന്നിട്ടുള്ള അധിക ചെലവ് ഉത്തരവാദിയായ മുൻ സീനിയർ കൃഷി ഓഫീസറിൽ നിന്നും ഈടാക്കിയില്ല- ₹23526 നിരാകരിക്കുന്നു

2012-2014 കാലയളവിലെ ഫാമിലെ തൊഴിലാളികളുടെ ഭവിഷ്യ നിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഫാം ഫണ്ടിന് വന്നിട്ടുള്ള അധിക ചെലവ് 2013-14 വർഷം വേങ്ങാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വളം വാങ്ങിയ വകയിൽ നൽകേണ്ട ₹88125 നൽകാത്തതിനാൽ ഫാം ഫണ്ടിനുണ്ടായ നഷ്ടം എന്നിവ ഉത്തരവാദിയായ മുൻ സീനിയർ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ നൽകുന്നു.

1) തൊഴിലാളി ഭവിഷ്യ നിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ വീഴ്ച –Penal Damages, Interest എന്നിവ തനത് ഫണ്ടിൽ നിന്നും ഒടുക്കിയത് –ചെലവ് തുക ₹23526 നിരാകരിക്കുന്നു:

വേങ്ങാട് സീഡ് ഫാമിലെ തൊഴിലാളികളുടെ 10/2012 മുതൽ 04/2014 വരെയുള്ള കാലയളവിലെ തൊഴിലാളി ഭവിഷ്യ നിധിയിലേക്കുള്ള വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് 10/2014 മുതൽ 02/2016 വരെയുള്ള കാലയളവിലേക്ക് Penal Damages, Interest U/S.7Q എന്നിവ ഒടുക്കുന്നതിന് അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ (സി&ആർ) കണ്ണൂർ 19.09.2016-ലെ KR/KNR/3714/Enf 2 (1)/Damages/2016-17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ₹23526 (DD.No311867 dtd. 15.12.2016) 19.12.2016-ലെ വി.എഫ്.211/2016 നമ്പർ കത്ത് പ്രകാരം സീനിയർ കൃഷി ഓഫീസർ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്നും 2930287 dtd. 09.12.2016 പ്രകാരം ലഭിച്ച ഫാമിന്റെ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുക പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായതിനാൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നാണ് ഈടാക്കേണ്ടിയിരുന്നത്. ആയതിനാൽ ചെലവ് തുക നിരാകരിക്കുന്നു. പ്രസ്തുത തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ ഇനത്തിൽ അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ (സി&ആർ) കണ്ണൂർ 12.11.2015-ലെ KR/KNR/3714/Enf2 (1)/Recovery/2015-16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയ തുകയുടെ വിശദ വിവരവും (2015-16 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-12 കൂടി കാണുക) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ക്യാഷ് ബുക്കിൽ വരവ് വെക്കാത്ത തുക ഈടാക്കിയില്ല:

ഫാമിലേക്ക് വളം വാങ്ങിയ വകയിൽ 2013-14 വർഷം വേങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന് നൽകേണ്ട ₹88125 നൽകുന്നതിനായി സീനിയർ കൃഷി ഓഫീസറുടെ

19.06.2013-ലെ 03/13 നമ്പർ റിക്വസിഷൻ പ്രകാരം ₹103275 ജില്ലാ പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത തുകയുടെ വിവരങ്ങൾ ഫാമിലെ ക്യാഷ് ബുക്കിൽ വരവ് വെക്കുകയോ വേങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന് നൽകുകയോ ചെയ്തിട്ടില്ല. വേങ്ങാട് സർവ്വീസ് സഹകരണ ബാങ്കിന് നൽകേണ്ട തുക നൽകാത്തതിനാൽ 12% പലിശ സഹിതം അനുവദിച്ച് നൽകുന്നതിന് വേങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് തലശ്ശേരി സഹകരണ രജിസ്ട്രാർ കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തിരുന്നു. എന്നാൽ തുക ഇതുവരെയും ബാങ്കിന് നൽകിയിട്ടില്ല. ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കി സഹകരണ ബേങ്കിന് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രസ്തുത കാലയളവിലെ സീനിയർ കൃഷി ഓഫീസറായിരുന്ന ശ്രീ.അബ്ദുൾ റഹീമാണ് ഉത്തരവാദിയെന്നും തുക ഈടാക്കി നൽകുന്നതിന് ആവശ്യമായ വകുപ്പ്തല നടപടി സ്വീകരിക്കുന്നതിനായി കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറെ ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

## 3-50 കാങ്കോൽ വിത്തുല്പാദന കേന്ദ്രം-പശു വളർത്തു കേന്ദ്രത്തിലേക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല-ചെലവ് തുക ₹4,20,384 തടസ്സപ്പെടുത്തുന്നു.

കാങ്കോൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലുള്ള പശു വളർത്തു കേന്ദ്രത്തിലെ പാൽ കാങ്കോൽ ക്ഷീരോല്പാദക സഹകരണ സംഘത്തിനാണ് നൽകുന്നത്. ആവശ്യമായ കാലിത്തീറ്റ ക്ഷീരോല്പാദക സഹകരണ സംഘത്തിൽ നിന്നും വാങ്ങുകയും ഫാമിന് ലഭിക്കേണ്ട പാലിന്റെ വില കഴിച്ച് ബാക്കി വരുന്ന തുക സഹകരണ സംഘം നൽകുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം നൽകുകയുമാണ് ചെയ്യുന്നത്. 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ വൗച്ചർ നമ്പർ 578/16-17 തീയ്യതി 24.06.2016 പ്രകാരം ₹18480ഉം വൗച്ചർ നമ്പർ 832/16-17 തീയ്യതി 30.03.2017 പ്രകാരം ₹127669ഉം പാലിന്റെ വില കഴിച്ചുള്ള തുക കാങ്കോൽ ക്ഷീരോല്പാദക സഹകരണ സംഘത്തിന് നൽകിയിട്ടുണ്ട്. കൂടാതെ കാങ്കോൽ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 2016-17 വർഷം ഏപ്രിൽ മുതൽ ഫെബ്രുവരി വരെ ₹2,74,235 പാലിന്റ വിലയിൽ തീറ്റയുടെ വിലയിനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈ തുകയടക്കം ആകെ ₹4,20,384 കാലിത്തീറ്റയുടെ വിലയിനത്തിൽ വിത്തുല്പാദന കേന്ദ്രത്തിന് ചെലവായിട്ടുണ്ട്.

<u>അപാകങ്ങൾ:</u>

1) വാങ്ങിയ കാലിത്തീറ്റയുടെ ബില്ലുകളും അവയുടെ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

2) 05.05.2016-ൽ നൽകിയ സ്റ്റേറ്റ്മെന്റിലെ ഏപ്രിൽ മാസം നൽകിയ തീറ്റയുടെ അളവും 08.08.2017/05.03.2017 തീയ്യതിയിൽ നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഏപ്രിൽ മാസം നൽകിയ തീറ്റയുടെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ 05.05.2016-ൽ തീറ്റയുടെ വില നൽകുമ്പോൾ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുഴുവൻ തീറ്റയും വിനിയോഗിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സ്റ്റോക്ക് റജിസ്റ്ററും വിതരണവും കൃത്യമായി പരിശോധിക്കപ്പെടുന്നില്ല എന്നതിന്റെ തെളിവാണ്.

3) പാലിന്റെ വില കഴിച്ചുള്ള തുക ക്ഷീരോല്പാദക സഹകരണ സംഘത്തിന് നൽകുന്നതിനാൽ പാലിന്റെ വരവിനത്തിലുള്ള തുക ജില്ലാ പഞ്ചായത്തിൽ ഫാമിന്റെ വരവിനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ഫാമിന്റെ യഥാർത്ഥ വരവ് അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാങ്കോൽ സീഡ് ഫാമിൽ പ്രവൃത്തിക്കുന്ന പശു വളർത്തു കേന്ദ്രം കുടുംബശ്രീ യൂണിറ്റിന് വേണ്ടിയാണ് ആരംഭിച്ചത് എന്നും നോക്കി നടത്തുവാൻ സാധ്യമല്ല എന്നറിയിച്ചുകൊണ്ട് 24.10.2014-ന് കുടുംബശ്രീ യൂണിറ്റ് പിന്മാറുകയാണ് ചെയ്തത് എന്നുമാണ് അറിയിച്ചത്. മേൽ സാഹചര്യത്തിൽ ദൈനംദിന കാര്യങ്ങൾ ഫാം താത്കാലികമായി നടത്തിവരികയാണെന്നും പശുവളർത്തു കേന്ദ്രം ഫാമിന് കൈമാറിയിട്ടില്ല എന്നും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച വ്യക്തമായ നിർദ്ദേശം ലഭിച്ചിട്ടില്ല എന്നും അറിയിക്കുകയുണ്ടായി. ഫാമിന്റെ ദൈനംദിന ജോലികൾക്കു പുറമെയാണ് പശുവളർത്തു കേന്ദ്രത്തിന്റെ ജോലികൾ ചെയ്തു വരുന്നത്. 2017-18 മുതൽ പാലിന്റെയും കാലിത്തീറ്റയുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്.

മേൽ മറുപടി തൃപ്തികരമല്ല. 2014 മുതൽ ഫാമിന്റെ മേൽനോട്ടത്തിൽ നടത്തി വരുന്ന പശുവളർത്തു കേന്ദ്രത്തിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കാത്തതും കേന്ദ്രത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തത വരുത്താതിരുന്നതും സീഡ് ഫാമിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. അപാകങ്ങൾ കാരണം ഈ ഇനത്തിൽ ചെലവായ ₹4,20,384 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-51 കമ്പ്യൂട്ടർ, ബില്ലിംഗ് സോഫ്റ്റ് വെയർ വാങ്ങൽ - അപാകങ്ങൾ - 99,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് : 516/17 – കാങ്കോൽ സീഡ് ഫാമിലെ കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനം

.. (കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ ഉൾപ്പെടെ)

അടങ്കൽ : ₹2,00,000 (തനത് ഫണ്ട്)

ചെലവ് : ₹99,600 (വൗച്ചർ നമ്പർ 87/2016-17 തീയ്യതി 10.03.2017 -- ₹72600)

.. (വൗച്ചർ നമ്പർ 01/17-18 തീയ്യതി 05-04-2017 -- ₹ 27000)

മേൽ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ കെയർ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ, കമ്പ്യൂട്ടർ ടേബിൾ, യു.പി.എസ് എന്നിവയും Archi kites (Online business solution) എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ ബില്ലിംഗ് സോഫ്റ്റ്‌വെയറും ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഉപകരണങ്ങൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിപ്പിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2) ബില്ലിംഗ് സോഫ്റ്റ്‌വെയർ സർക്കാർ അംഗീകാരമുള്ളതാണോ എന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരിശോധന

റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും ബില്ലിംഗ് സോഫ്റ്റ് വെയർ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചത്. എന്നാൽ സോഫ്റ്റ് വെയർ സർക്കാർ അംഗീകാരം സംബന്ധിച്ച വിവരവും സോഫ്ററ് വെയർ പ്രവർത്തനക്ഷമമാണോ എന്നതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഉപകരണങ്ങൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹99,600 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-52** വിയറ്റ്നാം കുറിച്യ കോളനി സാംസ്കാരിക നിലയം-ഫർണിച്ചർ, ടെലിവിഷൻ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ -നിർവ്വഹണത്തിലെ അപാകങ്ങൾ.**-3,17,510/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : വിയറ്റ്നാം കുറിച്യ കോളനി സാസ്കാരിക നിലയം - ഫർണിച്ചർ,

. ടെലിവിഷൻ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ - വിതരണം.

| | |
|---|---|
| പ്രോജക്ട് നം. | SO688/17 |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട് –ടി.എസ്.പി) |
| ചെലവ് | 3,17,510/- |
| ബിൽ നമ്പർ, തീയതി | 001/DP-16-17, 29.03.2017 |

ഐ.റ്റി.ഡി.പി പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക് മാർക്കിന് മുൻഗണന നൽകണം എന്നും ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേ നിന്നും വാങ്ങിക്കാവൂ എന്നും പ്രത്യേകം സൂചിപ്പിക്കുന്നുണ്ട് (സർക്കുലർ നമ്പർ-38156/ഡിഎ-2/12/തസ്വഭവ തീയതി 05.09.2012). ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്നും വാങ്ങാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. 2013-ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (8.17 - 8.20) പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ ഉള്ള വാങ്ങലുകൾക്ക് (ഫർണിച്ചർ, ടെലിവിഷൻ, കമ്പ്യൂട്ടർ) കരാർ തുകയുടെ 5% പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയതായി കാണുന്നില്ല.

3. സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിച്ചത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/21.10.2017) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മറുപടിയുടെ അഭാവത്തിൽ 3,17,510/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-53 ഐഎവൈ സംസ്ഥാന വിഹിതം, പിഎംഎവൈ മാച്ചിംഗ് ഗ്രാൻറ് വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല.

ഐഎവൈ, പിഎംഎവൈ പദ്ധതിയിനങ്ങളിൽ ജില്ലാ പഞ്ചായത്ത് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച ഫണ്ടിൽ ചെലവഴിക്കുവാൻ സാധിക്കാത്ത 4,83,000/- രൂപ തിരിച്ചടച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 3/23.10.2017-ന് പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, കണ്ണൂർ നൽകിയ മറുപടി പ്രകാരം). വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ പേര്: 2015-16 ഐഎവൈ വീടുകളുടെ സംസ്ഥാന വിഹിതം (എസ് സി)

| പ്രൊജക്ട് നം. | ബ്ലോക്ക് പഞ്ചായത്ത് | ആകെ ചെലവ് | അനുവദിച്ച തുക | ഉപയോഗിച്ച തുക | ഇനി ആവശ്യമുള്ള | റീ ഫണ്ട് ചെയ്യേണ്ട |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | തുക | തുക |
| SO801/17 | ഇരിട്ടി | 1,75,00,000 | 14,70,000 | 11,90,000 | 2,10,000 | 70,000 |
| | കല്ല്യാശ്ശരി | | 34,65,000 | 30,45,000 | 1,40,000 | 2,80,000 |
| | കണ്ണൂർ | | 15,05,000 | 14,35,000 | - | 70,000 |
| | പയ്യന്നൂർ | | 21,00,000 | 17,50,000 | 3,50,000 | 0 |
| | തലശ്ശേരി | | 6,65,000 | 5,25,000 | 1,05,000 | 35,000 |
| | | | ആകെ തിരിച്ചടക്കേണ്ട തുക | | | 4,55,000 |

2. <u>പിഎംഎവൈ മാച്ചിംഗ് ഗ്രാൻറ് (എസ് സി)</u>

| പ്രൊജക്ട് നം. | ബ്ലോക്ക് പഞ്ചായത്ത് | ചെലവ് | ഉപയോഗിച്ച തുക | ഉപയോഗിച്ച തുക | ഇനി ആവശ്യമായ തുക | ബാക്കി |
|---|---|---|---|---|---|---|
| SO 380/17 | കല്ല്യാശ്ശരി | 4,48,000 | 84,000 | 28,000 | 56,000 | 0 |
| | പയ്യന്നൂർ | | 28,000 | 0 | 0 | 28,000 |
| | | | | | ആകെ | 28,000 |

3. പിഎംഎവൈ മാച്ചിംഗ് ഗ്രാൻറ് (എസ് റ്റി) - (പ്രൊജക്ട് നം. SO375/17) പ്രകാരം 10,01,000/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി തിരിച്ചടക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-54** <u>സ്മാർട്ട് ക്ളാസ്സ് റൂം -കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും</u>

## വാങ്ങൽ സർക്കാർ ഉത്തരവ് പാലിച്ചില്ല - **4,30,000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്. ചേലോറ

പ്രോജക്ട് : 66/17- ജി.എച്ച് .എസ്.എസ്. ചേലോറ സ്മാർട്ട് ക്ലാസ്സ് റൂം

അടങ്കൽ : ₹5,00,000 (സംരക്ഷണ ഗ്രാന്റ് –റോഡിതരം)

ചെലവ് : ₹4,30,000

ബിൽ നമ്പർ : 1/16-17 dtd. 31.03.2017.

മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്ന് Lenovo ലാപ്പ്ടോപ്പ് കമ്പ്യൂട്ടറും (ഇൻവോയ്സ് നമ്പർ KSEDC/CLT/OA/1006 dtd 10.03.2017), Multi Media Projector, Green board, White Board, Smart Class Software Little Genius Science, Maths and English, Marko Series 2KVA UPS, Ceiling Mount, Fibre Chair with writing board, Ahuja Amplifier, Podium (Invoice No.ITBG/16-17/9098/ITP/2799/dtd.07.03.2017) എന്നിവ ടെണ്ടർ നടപടികൾ ഒന്നും കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. സ.ഉ.(സാധാ)നം. 460/2017/പൊ.വി.വ. തീയ്യതി 20.02.2017 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.11.2016-ലെ എൻ.ഇ.പി(3)10192/2015/ഡി.പി.ഐ. നമ്പർ നടപടിക്രമം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നപടിക്രമ പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ എന്നിവയുടെ വിലയും സ്പെസിഫിക്കേഷനും മാത്രമേ നിശ്ചയിച്ചിട്ടുള്ളൂ. കൂടാതെ ഖണ്ഡിക 4-2 പ്രകാരം ഇതിൽ ഉൾപ്പെടാത്ത ₹15000 കൂടുതൽ വിലയുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ ആവശ്യകത, സ്പെസിഫിക്കേഷൻ, വില, സേവന വിവരങ്ങൾ എന്നിവ സംബന്ധിച്ച് മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്നും ഖണ്ഡിക 5.1 പ്രകാരം എല്ലാ ഉപകരണങ്ങൾക്കും 5 വർഷത്തെ ഓൺ സൈറ്റ് വാറണ്ടിയും ഖണ്ഡിക 5.2 പ്രകാരം കമ്പ്യൂട്ടറുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ആയ (IT@ School-Edubuntu) ആയിരിക്കണം എന്നും ഖണ്ഡിക 5.3 പ്രകാരം 'ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ ചെറിയ മാറ്റം വരുകയാണെങ്കിൽ പോലും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ)നം.3299/2016/ ത.സ്വ.ഭ.വ. തീയ്യതി 02.12.2016 പ്രകാരം ടെണ്ടർനടപടി ഒഴിവാക്കി നേരിട്ട് വാങ്ങുന്ന സാധന സാമഗ്രികൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്.

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ:

1) വാങ്ങിയ ഉപകരണങ്ങളായ ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ എന്നിവ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ നിശ്ചയിച്ച സ്പെസിഫിക്കേഷനുള്ളവയല്ല. കൂടാതെ ഇവയ്ക്ക് നിശ്ചയിച്ചതിലും കൂടിയ വിലയാണ് നൽകിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വാറണ്ടി എത്രയാണ് എന്ന ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിൻഡോസ് സോഫ്റ്റ്വെയറാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3) ഉത്തരവിൽ പ്രതിപാദിക്കാത്ത ഉപകരണങ്ങൾ വാങ്ങിയതിനുള്ള മുൻകൂർ അനുമതിയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) കെൽട്രോണിൽ നിന്ന് സ്ഥാപനം സ്വയം നിർമ്മിക്കാത്ത Fibre Chair with writing board 40 എണ്ണം ടെണ്ടർ നടപടികളൊന്നും കൂടാതെ നേരിട്ട് വാങ്ങി.

5) ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ അപാകങ്ങൾ സംഭവിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ചെലവായതിനാൽ ചെലവ് തുക ₹4,30,000 തടസ്സപ്പെടുത്തുന്നു.

## **3-55** ലാബ് സജ്ജീകരണം - ടെണ്ടർ നടപടികൾ പാലിക്കാതെയുള്ള വാങ്ങലുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. മാതമംഗലം.

പ്രോജക്ട് : 411/17- ലാബ് സജ്ജീകരണം

അടങ്കൽ : ₹5,00,000

ചെലവ് : ₹5,00,000 (ബിൽ നം. 1/16-17 തീയ്യതി18.03.2017)

കമ്പ്യൂട്ടർ ടേബിൾ, ലാബ് ടേബിൾ, സ്റ്റൂൾ എന്നിവ വാങ്ങിക്കുന്നതിനാണ് മേൽ പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇൻവോയ്സ് നം. SSEKNR/F8B/164 dtd. 27.02.2017 പ്രകാരം സിഡ്കോവിൽ നിന്ന് സർക്കാർ അംഗീകൃത വില വിവര പട്ടികയിൽ ഉൾപ്പെടാത്ത ലാബ് ടേബിൾ, സ്റ്റൂൾ എന്നിവ റേറ്റ് ക്വട്ടേഷൻ പ്രകാരമാണ് വാങ്ങിയിരിക്കുന്നത്. സ.ഉ.(പി)259/ 2010/ത.സ്വ.ഭ.വ. തീയ്യതി 08.11.2010 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ₹100000 കൂടുതലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ പ്രകാരമാണ് വാങ്ങേണ്ടത്. സർക്കാർ അംഗീകൃത വില വിവര പട്ടികയിൽ ഉൾപ്പെടാത്ത സാധനങ്ങൾ റേറ്റ് ക്വട്ടേഷൻ പ്രകാരം വാങ്ങുന്നതിനുള്ള ഉത്തരവുകൾ നിലവിലില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായാണ് സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-56** ഗവ:ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം നിർമ്മാണ പ്രവൃത്തികളിലെ അപാകങ്ങൾ - ചെലവ് തുക **₹666117** തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ: ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം |

| | |
|---|---|
| 1) പ്രോജക്ട് നമ്പർ, പേര് | 59/17- ഗവ: ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം, പാചകപ്പുര അറ്റകുറ്റപ്പണി |
| അടങ്കൽ | ₹1,50,000/- (സംരക്ഷണ ഗ്രാന്റ് –റോഡിതരം) |
| ചെലവ് | ₹1,07,832/- ( ബിൽ നമ്പർ4/16-17 തീയ്യതി 29.03.2017) |
| അളവ് പുസ്തകം നമ്പർ | 143/15-16 |
| 2) പ്രോജക്ട് നമ്പർ, പേര് | ഗവ: ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം, ആസ്ബറ്റോസ് ഷീറ്റ് മാറ്റൽ |
| അടങ്കൽ | ₹10,00,000 (സംരക്ഷണ ഗ്രാന്റ് –റോഡിതരം) |
| ചെലവ് | ₹558285 (ബിൽ നമ്പർ 5/16-17 തീയ്യതി 29.03.2017) |
| അളവ് പുസ്തകം നമ്പർ | 142/15-16 |

മേൽ പ്രോജക്ട് (1) പ്രകാരം പാചകപ്പുരയുടെ നിലവിലുള്ള സിങ്ക് ഷീറ്റ് മാറ്റി അലുമിനിയം ഷീറ്റിടുന്ന പ്രവൃത്തിയും പ്രോജക്ട് (2) പ്രകാരം ക്ലാസ്സ് റൂം അറ്റകുറ്റപ്പണിയും മേൽക്കൂര മാറ്റലുമാണ് ചെയ്തിട്ടുള്ളത്. രണ്ട് പ്രവൃത്തികളുടെയും നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) വരവു-ചെലവ് കണക്ക് ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല.

2) കമ്മിറ്റി ചെയർമാന്റെയും കൺവീനറുടെയും പേരിൽ തുടങ്ങിയ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) പ്രവൃത്തിയുടെ ഒന്നാമത്തെ ഇനമായി സിങ്ക് ഷീറ്റ് മാറ്റി അലുമിനിയം ഷീറ്റ് ഇടുന്ന പ്രവൃത്തിയാണ് ചെയ്തത്. എന്നാൽ നിലവിലുള്ള സിങ്ക് ഷീറ്റ് എന്തു ചെയ്തു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിട്ടില്ല. ആയത് പുനരുപയോഗിച്ചതിന്റെയോ ലേലം ചെയ്ത് വിറ്റതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹666117 തടസ്സപ്പെടുത്തുന്നു.

## 3-57 GHSS കൊട്ടില-ത്രീ ഫേസ് ലൈൻ വലിക്കൽ–അറ്റകുറ്റപ്പണി-

## രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക ₹390276 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ഗവ: ഹയർ സെക്കന്ററി സ്കൂൾ, കൊട്ടില

1) പ്രോജക്ട് :19/17-- ജി.എച്ച്.എസ്.എസ്. കൊട്ടില, ത്രീ ഫേസ് ലൈൻ വലിക്കൽ

അടങ്കൽ : ₹153004

ചെലവ് : ₹149898

ബിൽ നമ്പർ : 01/16-17 തീയ്യതി 31.03.2017

എം .ബുക്ക് : 145/15-16

നിലവിലുള്ള സിംഗിൾ ഫേസ് കണക്ഷൻ ത്രീ ഫേസ് ആക്കുന്നതിനുള്ള പ്രവൃത്തി കണ്ണൂർ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ നിർവ്വഹിക്കുകയും തലശ്ശേരി ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് ശ്രീ.വിനോദ് കുമാർ.എം, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് നൽകുന്നതിനായി ബിൽ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹1,41,413 ആണ്. ട്രഷറിയിൽ ₹1,49,898 യുടെ ബിൽ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 01/16-17 1തീയ്യതി 31.03.2017). എന്നാൽ കരാർ നൽകുന്നതിന് ക്ഷണിച്ച ടെണ്ടറിന്റെ വിവരങ്ങളും ആയത് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിവരവും കോൺട്രാക്ടർക്ക് നൽകിയ തുകയുടെയും നികുതി ഒടുക്കിയതിന്റെയും വിവരങ്ങളും കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരവും കമ്മിറ്റി മിനുട്സ് എന്നിവയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി പി.ടി.എ. യെ ഏല്പിച്ച പ്രവൃത്തി കരാറുകാരനെ ഏല്പിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2)പ്രോജക്ട് : 20/17-ജി.എച്ച്.എസ്.എസ്.കൊട്ടില അറ്റകുറ്റപ്പണി

അടങ്കൽ : ₹3,000,00

ചെലവ് : ₹2,40,378

ബിൽ നമ്പർ : 02/16-17 1തീയ്യതി 31.03.2017

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക്, കമ്മിറ്റി മിനുട്സ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി ഒടുക്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹3,90,276 തടസ്സപ്പെടുത്തുന്നു.

## 3-58 സർക്കാർ ഉത്തരവുകൾ പാലിക്കാതെയുള്ള വാങ്ങലുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധനസാമഗ്രികൾ, സർക്കാർ/ അർദ്ധ സർക്കാർ ഗവ: അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും

വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ മേൽ പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ)നം.3299/2016/ത.സ്വ.ഭ.വ തീയ്യതി 02.12.2016 പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽ പറഞ്ഞ സ്ഥാപനം സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് പ്രകാരം സാധന സാമഗ്രികൾ വാങ്ങുമ്പോൾ പ്രസ്തുത ഉത്തരവ് പാലിച്ചതായി കാണുന്നില്ല. ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥർ | വാങ്ങിയ സ്ഥാപനം | സാധനത്തിന്റെ ഇനം/വില |
|---|---|---|---|
| 1 | സൂപ്രണ്ട്, ഗോട്ട് ഫാം കൊമ്മേരി | കെൽട്രോൺ | RICOH Multi Function- ₹54,000, Printer, Desk Top Computer -HP-- ₹67,000) |
| 2 | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. പാല | കെൽട്രോൺ | 5KVA online UPS- Hykon-- ₹126500 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | തുക നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | കടമ്പൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 1,00,000 | ആർദ്രം- പൂർത്തീകരണം 80/17 | 0 | 1,00,000 |
| 2 | ഏഴോം ഗ്രാമപഞ്ചായത്ത് | 2016-17 | 1,00,000 | ആർദ്രം- പൂർത്തീകരണം 80/17 | 0 | 1,00,000 |
| 3 | വളപട്ടണം ഗ്രാമപഞ്ചായത്ത് | 2016-17 | 1,00,000 | ആർദ്രം- പൂർത്തീകരണം | 0 | 1,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 80/17 | | |
| 4 | ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല) | 2016-17 | 71,34,000 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണപരിപാടി (എബിസി പ്രൊജക്ട്) -404/17 | 0 | 71,34,000 |
| 5 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് | 2016-17 | 60,000 | വിവിധ റോഡ് പ്രവൃത്തികളുടെ ഗ്രാമപഞ്ചായത്ത് വിഹിതം | 50,000 | 10,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര്/ വർഷം | നൽകിയ തുക | വൗച്ചർ നമ്പർ | ചെല വഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| കെഎസ്ഇബി | ജി.എച്ച്. എസ്.എസ്. കൊട്ടില ത്രീ ഫേസ് ലൈൻ വലിക്കൽ- പ്രൊജക്ട് നമ്പർ 19/17 | 1,49,898 | 21601620/ 31.03.2017 | 0 | 1,49,898 |
| കെ എസ് ഇ ബി | ജി എച്ച് എസ് എസ്. പടിയൂർ ത്രീ ഫേസ് ലൈൻ വലിക്കൽ പ്രൊജക്ട് നമ്പർ 672/17 | 1,42,760 | 21601501/ 21-03-2017 | 0 | 1,42,760 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ എസ് ഇ ബി | ജില്ലാ പഞ്ചായത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ<br>പ്രൊജക്ട് നമ്പർ 833/17 | 14313000 | 21601432/ 09-03-2017 | 0 | 14313000 |
| കെ എസ് ഇ ബി | ഗവർമെന്റ് ഹൈസ്കൂളുകളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ<br>പ്രൊജക്ട് നമ്പർ 835/17 | 40621894 | 21601567/ 31-03-2017 | 0 | 40621894 |
| കെ എസ് ഇ ബി | പട്ടികജാതി (ബി പി എൽ കുടുബങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം<br>പ്രൊജക്ട് നമ്പർ 829/17 | 12561982 | 21601326/ 27-02-2017 | 0 | 12561982 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി,കണ്ണൂർ | വാരം ചുടല കോളനി പൈപ്പ് ലൈൻ നീട്ടൽ | 1,57,500 | 21601479/ 18-03-2017 | 0 | 1,57,500 |
| പി ഡബ്ല്യൂ ഡി | 682/17,കണ്ണൂർ ജില്ലാ മൊബൈൽ മണ്ണ് പരിശോധന ലാബ് ശാക്തീകരണം | 5,81,230 | 01/16-17/ 17.02.17 | 0 | 5,81,230 |
| പി ഡബ്ല്യൂ ഡി | 311/17, കണ്ണൂർ ജില്ലാ കൃഷി ഫാമിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ | 2,92,000 | 2936369/ 29-03-2017 | 0 | 2,92,000 |

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര്<br>സ്ഥാപനത്തിന്റെ / കൺവീനറുടെ പേര് | വൗച്ചർ നമ്പർ/ തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | 79/17, നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിട നിർമ്മാണം (ഇരിക്കൂർ, കാർത്തികപുരം, മണത്തണ, മയ്യിൽ)<br>മെമ്പർ സെക്രട്ടറി, നിർമ്മിതി കേന്ദ്രം, കണ്ണൂർ | 21600179 മുതൽ 21600182 വരെ,തീയതി 28-05-2016<br>₹1,00,00,000 (ഫാം റവന്യൂവിൽ നിന്ന്) | ഇല്ല | ₹10000000 |

| | | | | |
|---|---|---|---|---|
| 2 | 79/17, നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിടനിർമ്മാണം (ഇരിക്കൂർ, കാർത്തികപുരം, മണത്തണ, മയ്യിൽ)<br>മെമ്പർ സെക്രട്ടറി,നിർമ്മിതി കേന്ദ്രം, കണ്ണൂർ | 21600544 മുതൽ 21600547 വരെ തീയതി 12.08.2016<br>₹10000000 (ഫാം റവന്യൂവിൽ നിന്ന്) | ഇല്ല | ₹10000000 |
| 3 | 79/17,നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിട നിർമ്മാണം (ഇരിക്കൂർ, കാർത്തികപുരം, മണത്തണ, മയ്യിൽ)<br>മെമ്പർ സെക്രട്ടറി, നിർമ്മിതി കേന്ദ്രം, കണ്ണൂർ | 21600768/ 01.10.2016<br>₹5000000 | ഇല്ല | ₹5000000 |
| 4 | 79/17,നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിടനിർമ്മാണം (ഇരിക്കൂർ, കാർത്തികപുരം, മണത്തണ, മയ്യിൽ)<br>മെമ്പർ സെക്രട്ടറി, നിർമ്മിതി കേന്ദ്രം, കണ്ണൂർ | 21600959/ 24.11.2016<br>₹5000000 | ഇല്ല | ₹50,00,000 |
| 5 | 81/17,ജില്ലാ ആശുപത്രി കെട്ടിട നവീകരണം<br>മെമ്പർ സെക്രട്ടറി, നിർമ്മിതി കേന്ദ്രം, കണ്ണൂർ | 21600766/ 01.10.2016<br>₹3550000 | ഇല്ല | ₹35,50,000 |
| 6 | 27/17, ചാലിൽ കുടിവെള്ള പദ്ധതി (കോളയാട്)<br>എസ്.ഇ.യു.എഫ് | 21600928, 21600929 തീയതി 16.11.2016 | ഇല്ല | ₹2,77,944 |

| | | | | |
|---|---|---|---|---|
| | | ₹277944 | | |
| 7 | 275/17, പള്ളിപ്പുറം കോളനി കുടിവെള്ള പദ്ധതി | 21600930/ 16.11.2016 ₹443042 | ഇല്ല | ₹4,43,042 |
| | ആകെ | | | 3,42,70,986 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,95,481 |
| തൻവർഷം നിക്ഷേപിച്ച തുക | 38,219/- (പലിശ ചേർത്ത് പുതുക്കിയത്) |
| ആകെ | 5,33,700/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,33,700/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|---|
| 1 | No. SBK 898095/17-12-2016 സിൻഡിക്കേറ്റ് ബാങ്ക്, സിവിൽ സ്റ്റേഷൻ, കണ്ണൂർ ബ്രാഞ്ച്, പലിശ നിരക്ക്-7.3%, കാലാവധി തീയതി 17.12.2017 | 5,33,700 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹179928 യുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ഓഡിറ്റ് | ഭാഗം / | ഈടാക്കിയ | തുക ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക ₹ | പേര് വിവരം | തീയ്യതി |
|---|---|---|---|---|
| 2014-2015 | 3-17 | 7,202 | ജയശ്രീ പി.കെ, പ്രിൻസിപ്പാൽ ജി.എച്ച്.എസ്.എസ്, കൊയ്യം | 11615100009 08.04.2016 |
| 2013-2014 | 3-37 | 17,298 | കെ.വി.സജീവൻ, എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി, കണ്ണൂർ ജില്ലാ പഞ്ചായത്ത് | 11615100223 05.11.2016 |
| 2013-2014 | 3-36 | 1,55,428 | കെ.വി.സജീവൻ, എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി , കണ്ണൂർ ജില്ലാ പഞ്ചായത്ത് | 11615100444 15.03.2017 |
| | ആകെ | 1,79,928 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2003-04<br>2-11 | 2007-08<br>3-1(64) | വനിതാ വ്യവസായ എസ്റ്റേറ്റ് ₹54.8 ലക്ഷം മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കനുള്ള പ്രസ്തുത പദ്ധതി ലക്ഷ്യം കണ്ടില്ല | തുടരുന്നു. 5-5-14ന് എച്ച് 1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു. |
| 2 | 2002-03<br>3-8(2) | 2006-07<br>3.97.1 | കേന്ദ്രാവിഷ്കൃത പദ്ധതി<br>പ്രവൃത്തിക്ക് ആവശ്യമായതിനെക്കാൾ കൂടുതൽ ധാന്യം അനുവദിച്ചു | തുടരുന്നു<br>5-12-14 ലെ എച്ച്.1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു |
| 3 | 2002-03<br>3-16 | 2006-07<br>3.97.2 | പ്രവൃത്തിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ടെണ്ടർ നിബന്ധന പാലിക്കുന്നില്ല | |
| 4 | 2002-03<br>3-25 | 2006-07<br>3.97.3 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം വർക്ക് സ്ലിപ്പിലെ അടിസ്ഥാനമില്ലാത്ത പരാമർശങ്ങൾ | |
| 5 | 2003-04<br>2-3 | 2007-08<br>3.1 | കല്യാശ്ശേരി വയൽ നെൽകൃഷി വികസനം പാറക്കടവ് കുളം ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ ₹7,16,449 ചെലവഴിച്ച് പൂർത്തിയാക്കേണ്ട | |

| | | | | |
|---|---|---|---|---|
| | | | പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. | |
| 6 | 2003-04<br>2-14 | 2007-08<br>3.65.1 | പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതി- പ്രവൃത്തി മൂല്യത്തേക്കാൾ തുക നല്കി- പദ്ധതി പൂർത്തിയായിട്ടില്ല. | |
| 7 | 2005-06<br>3-1 | 2008-09<br>3.2.4 | സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് | |
| 8 | 2008-09<br>3-19 | 2011-12<br>2.6(20) | സമ്പൂർണ്ണ ഊജ്ജ സുരക്ഷാ പദ്ധതി നടപടിക്രമം പാലിക്കുന്നില്ല | തുടരുന്നു |
| 9 | 2008-09<br>3-19 | 2012-13<br>3.2.6(11) | കൃഷി ഫാമുകളും കാർഷികാവൃദ്ധിയും കരിമ്പം ഫാമിലെ ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല | തുടരുന്നു |
| 10 | 2000-01<br>&<br>2001-02 | 2004-05<br>3-13(111)(2) | ഡെൽക്കോ - സഹകരണ മേഖലയിലെപദ്ധതികളിൽ ലക്ഷങ്ങളുടെ ക്രമക്കേട് | തുടരുന്നു. റവന്യൂ റിക്കവറി നടപടിയിലൂടെ<br>₹1127665 റസീറ്റ് നമ്പർ 11415400824/11-2-2015 പ്രകാരം തഹസിൽദാർ RR തലശ്ശേരി ഒടുക്കിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം:

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 56,26,18,177 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 52,18,90,189 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | -- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 3,46,404 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 11,26,71,090 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | - | 1,31,365+പലിശ | ശ്രീ.വി.കെ രാജൻ, ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്) |
| 3-2 | - | 28,400 | 1) ശ്രീ.എം.കെ.ശ്രീജിത്ത്, സെക്രട്ടറി - ₹13,625<br>2) ശ്രീ.വി.കെ.രാജൻ, ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്) - ₹12,825<br>3) ശ്രീ.സജീവൻ.കെ.വി,<br>എക്സിക്യൂട്ടീവ് എൻജിനീയർ,<br>എൽ എസ് ജി ഡി ഡിവിഷൻ<br>(സെക്രട്ടറി ഇൻ ചാർജ്) --₹ 1,950 |
| 3-10 | - | 76,173 | ശ്രീ.സജീവൻ.കെ.വി, എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-36 | - | 86,940 | ശ്രീമതി.എലിസബത്ത്. എം, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) |
| 3-49 | - | 23,526 | ശ്രീമതി.പി.ലീന,<br>സീനിയർ അഗ്രികൾച്ചർ ഓഫീസർ, |

| | | | |
|---|---|---|---|
| | | | സീഡ് ഫാം, വേങ്ങാട് |
| ആകെ | -- | 3,46,404 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകഃ

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 5,49,34,894 | ശ്രീ.സജീവൻ,കെ.വി,എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ (സെക്രട്ടറി ഇൻ ചാർജ്) |
| 3-5 | 99,00,000 | 1)ശ്രീ.വി.കെ.രാജൻ, ഫിനാൻസ് ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്) –₹ 35,00,000<br>2) ശ്രീ.സജീവൻ.കെ.വി, എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ (സെക്രട്ടറി ഇൻ ചാർജ്) --₹64,00,000 |
| 3-14 | 16,07,511 | ശ്രീ.സജീവൻ,കെ.വി,എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ |
| 3-15 | 1,13,985 | ശ്രീ.സജീവൻ,കെ.വി,എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ |
| 3-16 | 2,77,944 | ശ്രീ.സജീവൻ,കെ.വി,എക്സിക്യൂട്ടീവ് എൻജിനീയർ, എൽ എസ് ജി ഡി ഡിവിഷൻ |
| 3-22 | 40,68,280 | ശ്രീ.കെ.ജെ. മൈക്കിൾ, ജില്ലാ പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 3-23 | 1,25,61,982 | ശ്രീ. കെ.ജെ. മൈക്കിൾ,ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-24 | 60,388 | ശ്രീ. കെ.ജെ. മൈക്കിൾ,<br>ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-25 | 74,75,000 | ശ്രീ.ബാബുരാജൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-28 | 18,32,927 | ശ്രീ.ബാബുരാജൻ. എം,<br>ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-29 | 76,56,233 | ഡോ.പ്രീത.പി.പി, സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-അലോപ്പതി |
| 3-31 | 4,16,716 | ഡോ.ജി ശിവരാമകൃഷ്ണൻ,സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ |
| 3-32 | 6,02,550 | ഡോ.ജി ശിവരാമകൃഷ്ണൻ,സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ |
| 3-34 | 4,62,840 | ഡോ.പി.വി .ശ്രീദേവി,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-35 | 6,28,699 | ഡോ. എം.സുർജിത്ത്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ |
| 3-36 | 9,12,870 | ശ്രീ.എം.എലിസബത്ത്,<br>ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) |
| 3-38 | 5,81,230 | ശ്രീ.എം.എലിസബത്ത്,<br>ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) |
| 3-41 | 1,39,231 | ശ്രീ.കെ.പി.സതീഷ് കുമാർ, |

| | | |
|---|---|---|
| | | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ പി) |
| 3-42 | 7,42,074 | ഡോ. ശ്രീകുമാർ.എ.പി,<br>സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി |
| 3-44 | 23,09,850 | ശ്രീമതി.എൽ.ഷീബ, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-45 | 11,99,999 | ശ്രീമതി.ബീന.കെ., ജില്ലാ വനിത വികസന ഓഫീസർ |
| 3-46 | 15,70,000 | ശ്രീ ഉണ്ണിക്കൃഷ്ണൻ വി,<br>ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് |
| 3-48 | 2,92,000 | ശ്രീ.ഉണ്ണിക്കൃഷ്ണൻ. വി,<br>ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് |
| 3-50 | 4,20,384 | ശ്രീ.മോഹനൻ.കെ, ശ്രീമതി.കമലം.പി.വി,<br>സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ |
| 3-51 | 99,600 | ശ്രീമതി. കമലം.പി.വി,<br>സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ |
| 3-52 | 3,17,510 | ശ്രീമതി.ജാക്വിലിൻ ഷൈനി ഫെർണാണ്ടസ്,<br>പ്രൊജക്ട് ഓഫീസർ, ഐ ടി ഡി പി, കണ്ണൂർ |
| 3-54 | 4,30,000 | ശ്രീ.പുരുഷോത്തമൻ കെ.പി., ഹെഡ് മാസ്റ്റർ, ജി എച്ച് എസ് എസ്, ചേലോറ |
| 3-56 | 6,66,117 | ശ്രീ.വിജയൻ വി.സി., ഹെഡ് മാസ്റ്റർ, ഗവ: ഹയർ സെക്കന്ററി സ്കൂൾ, നെടുങ്ങോം |
| 3-57 | 3,90,276 | ശ്രീ.മോഹനൻ ചാമണ്ടി., ഹെഡ് മാസ്റ്റർ, ഗവ: ഹയർ സെക്കന്ററി സ്കൂൾ, കൊട്ടില |
| | 11,26,71,090 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം:

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

2-3, 2-4, 3-35(2)

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം:

| ഉത്തരവാദിയായ ആളുടെ പേരും<br>ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.കെ. ശ്രീജിത്ത്, സെക്രട്ടറി | വിരമിച്ചു | കാളിന്ദി, ചിറക്കര, തലശ്ശേരി.പി.ഒ. |
| ശ്രീ.കെ.വി. സജീവൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD | എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD<br>കണ്ണൂർ ജില്ലാ പഞ്ചായത്ത് | കെ.പി.കെ ഹൗസ്,<br>മുണ്ടലൂർ. പി.ഒ,<br>കണ്ണൂർ- 670622 |
| ശ്രീ. വി.കെ. രാജൻ, സെക്രട്ടറി-ഇൻ-ചാർജ്ജ് | അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | വെട്ടക്കര കുന്നമ്മൽ, പി.ഒ.ചോറോട് ഈസ്റ്റ്, വടകര –673106 |
| ശ്രീമതി.എം.എലിസബത്ത് | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| ശ്രീമതി.പി. ലീന | സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട് | ഹരിത, പാറാൽ.പി.ഒ, തലശ്ശേരി. |

## 4-9 ഓഡിറ്റ് വേളയിൽ തിരിച്ചടച്ച തുകകളുടെ വിവരം

| ക്രമ നമ്പർ | എൻക്വയറി വിവരം | തിരിച്ചടച്ച തുക | തിരിച്ചടച്ച ഉദ്യോഗസ്ഥൻ | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 30/16-17/13.11.2017 | 7,501 | എക്സിക്യൂട്ടീവ് എൻജിനീയർ | |
| 1 | 63/16-17/24.11.2017 | 5,236+759(VAT) | എക്സിക്യൂട്ടീവ് എൻജിനീയർ | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്/സി.6/818/1998 തീയതി 20.07.1999 | 52 |
| 1997-98 | എൽ.എഫ്/സി.6/510/1999 തീയതി 02.11.1999 | 44 |
| 1998-99 | എൽ.എഫ്/സി.6/845/2000 തീയതി 14.08.2001 | 79 |
| 1999-00 | എൽ.എഫ്/സി.3/927/2003 തീയതി 13.01.2004 | 73 |
| 2000-01 | എൽ.എഫ്/സി.3/465/2003 തീയതി 21.07.2004 | 46 |
| 2001-02 | എൽ.എഫ്/സി.3/471/2004 തീയതി 17.09.2004 | 24 |
| 2002-03 | എൽ.എഫ്/സി.3/153/2006 | 41 |

| | | |
|---|---|---|
| | തീയതി 16.11.2006 | |
| 2003-04 | എൽ.എഫ്/സി.4/1467/2006 തീയതി 04.07.2007 | 38 |
| 2004-05 | എൽ.എഫ്/സി.4/608/2007 തീയതി 01.09.2008 | 42 |
| 2005-06 | എൽ.എഫ്/സി.4/2300/2007 തീയതി 16.10.2008 | 30 |
| 2006-07 | എൽ.എഫ്/സി.4/554/2008 തീയതി 03.12.2009 | 46 |
| 2007-08 | എൽഎഫ്/കെഎൻആർ/സി.9/542/09 തീയതി 17.01.2011 | 36 |
| 2008-09 | എൽഎഫ്/കെഎൻആർ/സി.9/320/10 തീയതി 20.01.2011 | 57 |
| 2009-10 | എൽഎഫ്/കെഎൻആർ /സി.9/1769/11 തീയതി 24.01.2012 | 32 |
| 2010-11 | എൽഎഫ്/കെഎൻആർ/സി.11 /1269/12 തീയതി 31.05.2013 | 87 |

| | | |
|---|---|---|
| 2011-12 | എൽഎഫ്/കെഎൻആർ/സി.11 /1170/13 തീയതി 30.06.2014 | 74 |
| 2012-13 | എൽഎഫ്/കെഎൻആർ/സി.11 /913/14 തീയതി 21.01.2015 | 64 |
| 2013-14 | എൽഎഫ്/കെഎൻആർ/സി.11 /636/15 തീയതി 07.08.2015 | 45 |
| 2014-15 | കെഎസ്എ/കെഎൻആർ/സി.11 /2027/15 തീയതി 03.02.2016 | 33 |
| 2015-16 | കെഎസ്എ/കെഎൻആർ/സി.16 /683/17 തീയതി 22.05.2017 | 31 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/2010/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ,

ഫോൺ: 0497-2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 05.01.2018.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ അന്യത്ര ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C.16/2010/2017.

Kerala State Audit Department,

District Audit Office, Kannur,

Phone: 0497-2707698

E-Mail: doknr.ksad@kerala.gov.in

Date: 05.01.2018.

Certified that I have audited the Annual Financial Statement of KANNUR DISTRICT PANCHAYAT for the year ended on 31.03.2017 in accordance with

Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KANNUR DISTRICT PANCHAYATH for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR,
DISTRICT AUDIT OFFICE, KANNUR.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF KANNUR DISTRICT PANCHAYAT FOR THE PERIOD FROM 01.04.2016 TO 31.03.2017

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 103900026.6<br>0 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 130000000 | Rental Income from Panchayat properties | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 3112798 |
| 150000000 | Sale & Hire Charges | RP-5 | 30119449 |
| 151000000 | Receipts from Transferred Institutions | RP-6 | 1759352 |
| 160000000 | Revenue Grants, Contributions & Subsidies | RP-7 | 35813980 |
| 170000000 | Interest earned | RP-9 | 1507 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 472883257 |
| 350000000 | Other Liabilities | RP-36 | 70018 |
| Non Operating | | | |
| 180000000 | Other Income | RP-10 | 54759 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2045794 |
| 340000000 | Deposits Received | RP-34 | 2887146 |
| 350000000 | Other Liabilities | RP-36 | 685666 |
| 410000000 | Fixed Assets | RP-38 | 198647 |
| 431000000 | Sundry Debtors (Receivables) | RP-43 | 3893056 |
| 460000000 | Loans, Advances and Deposits | RP-47 | 9092748 |
| Grand Total | | | 666518203.6 |

| | | | |
|---|---|---|---|
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 4192978 |
| 220000000 | Administrative Expenses | RP-12 | 1797194 |
| 230000000 | Operations & Maintenance | RP-13 | 1176162 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 20361860 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 88032935 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 8120386 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 326836 |
| 254000000 | Expenditures of Transferred Institutions and State Sponsored Scheme | RP-19 | 15479194 |
| 255000000 | Maintenance Projects | RP-20 | 139498832 |
| 280000000 | Revenue Grants, Contribution and Subsidies | RP-26 | 42210 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Othes Liabilities | RP-36 | 7154665 |

| Non Operating | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 0 |
| 340000000 | Deposits Received | RP-34 | 7360183 |
| 350000000 | Other Liabilities | RP-36 | 3658485 |
| 410000000 | Fixed Assets | RP-38 | 177554195 |
| 412000000 | Capital Work in Progress | RP-40 | 22785284 |
| 460000000 | Loans, Advances and Deposits | RP-47 | 24348790 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b | 144539846.6<br>88168 |
| Grand Total | | | 666518203.6 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF KANNUR DISTRICT PANCHAYAT FOR THE PERIOD FROM 01.04.2016 TO 31.03.2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from panchayat properties | I-3 | 4103261 |
| 140000000 | Fees & User Charges | I-4(b) | 1505287 |
| 150000000 | Sale & Hire Charges | I-5(b) | 30119449 |
| 151000000 | Receipts from Transferred Institutions | I-5(a) | 1759352 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 283498079 |
| 170000000 | Income from investments | I-7 | 89700 |
| 171000000 | Interest earned | I-8 | 1507 |
| 180000000 | Other Income | I-9 | 54759 |
| A | Total Income | | 321131394 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14515224 |
| 220000000 | Administrative Expenses | I-11(b) | 1836236 |
| 230000000 | Operations & Maintenance | I-12(b) | 1176162 |
| 240000000 | Interest & Finance Charges | I-13 | 0 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 20361860 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 88032935 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8120386 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 326836 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 15479194 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 139498832 |
| 272000000 | Depreciation | I-17(a) | 30312880 |
| B | Total Expenditure | | 319660545 |
| C=A-B | Gross Surplus / Defict Income over Expenditure | | 1470849 |
| D= 280000000 | Prior Period Item | I-18 | 150075 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 1320774 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-4

# BALANCE SHEET OF KANNUR DISTRICT PANCHAYAT AS ON 31.03.2017

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 179986226 |
| 312000000 | Reserves | B-3 | 708875208 |
| | Total Reserve & Surplus | | 888861434 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds, Contributions for specific purposes | B-4 | 42125728.6 |

| | | | |
|---|---|---|---|
| | Total Grants, Contribution for specific purposes | | 42125728.6 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 6857780 |
| 350000000 | Other Liabilities | B-9 | 5291660 |
| | Total Current Liabilities and Provisions | | 12149440 |
| | TOTAL LIABILITIES | | 943136602.6 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 692336786 |
| 411000000 | Accumulated Depreciation | B-11 | -73408081 |
| 412000000 | Capital Work In Progress | B-11(a) | 88767608 |
| | Total Fixed Assets | | 707696313 |
| | Investments | | |
| 420000000 | Investments | B-12 | 533700 |
| | Total Investments | | 533700 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1613953 |
| 450000000 | Cash and Bank balance | B-17 | 144628014.6 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 88664622 |
| | Total Current Assets,Loans and Advances | | 234906589.6 |
| | TOTAL ASSETS | | 943136602.60 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ